2003 ഫെബ്രുവരി
27
വ്യാഴം
കൊച്ചി

മാധ്യമം

■ പുസ്തകം 10 ■ ലക്കം 230 ■ പേജ് 12 ■ വില 3.25 രൂപ MADHYAMAM DAILY, PUBLISHED FROM KOZHIKODE, KOCHI, THIRUVANANTHAPURAM, KANNUR, MALAPPURAM & BANGALORE. THURSDAY FEBRUARY 27, 2003

ഇന്ത്യയുടെ അമൂല്യമായ ദാനം
ലുഖ്മാനെ ഹയാത്ത് എണ്ണ®
തീപൊള്ളൽ, മുറിവ്, ചതവ്, വേദന, ഉളുക്ക്, കുരു, വീക്കം, പരിക്ക്, ചൊറി, ഉഴിച്ചിൽ എന്നിവക്ക് ഫലപ്രദമായ ഔഷധം
Manufactured by:
M/s. M.U. Amzelia
STOCKIST: "Calicut Unani Hospital & Research Centre"
Ph: 0495-304818, 700640

യാത്ര – ചരക്കുകൂലിയിൽ മാറ്റമില്ല

എ.എസ്.സുരേഷ് കുമാർ

ന്യൂദൽഹി: റെയിൽവേ ബജറ്റിൽ യാത്രാനിരക്കിലോ ചരക്കുകടത്തു കൂലിയിലോ മാറ്റമില്ല. രാജധാനി, ജനശതാബ്ദി ട്രെയിനുകളുടെ നിരക്ക് കുറയും. മുതിർന്ന പൗരന്മാർക്കുള്ള 30 ശതമാനം നിരക്ക് ഇളവ് ഇനി 60 വയസ്സ് കഴിഞ്ഞവർക്കും ലഭിക്കും. തിരുവനന്തപുരത്തുനിന്ന് മഡ്ഗാവ് വഴി ജോധ്പൂരിലേക്കുള്ള പ്രതിവാര എക്സ്പ്രസ് അടക്കം 50 പുതിയ വണ്ടികൾ തുടങ്ങും. കേരളത്തിൻെറ വിഹിതം കഴിഞ്ഞ വർഷത്തെ 208 കോടി രൂപയിൽനിന്ന് 128 കോടിയായി വെട്ടിക്കുറച്ചു.



ബജറ്റ് അവതരിപ്പിക്കാൻ റെയിൽവെ മന്ത്രി നിതീഷ്കുമാർ (വലത്) സഹമന്ത്രിയോടൊപ്പം പാർലമെൻറിലേക്ക്

പൊതുതെരഞ്ഞെടുപ്പ് മുന്നിൽക്കണ്ട്, ഇടത്തരക്കാരെയും വ്യവസായികളെയും തൃപ്തിപ്പെടുത്താൻ ഉദ്ദേശിച്ചുള്ള ജനപ്രിയ ബജറ്റാണ് മന്ത്രി നിതീഷ്കുമാർ അവതരിപ്പിച്ചത്. നിരക്ക് വർധിപ്പിക്കാത്തതിനാൽ ചരക്കുകടത്തിലും യാത്രക്കാരുടെ എണ്ണത്തിലും വർധനയുണ്ടാവുമെന്നാണ് പ്രതീക്ഷ.

പുതിയ വികസന പദ്ധതികളൊന്നും നിർദേശിച്ചിട്ടില്ലാത്ത ബജറ്റ്, റെയിൽവേയുടെ ദീർഘകാല വികസനത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു.

ആലപ്പുഴ വഴിയുള്ള കായംകുളം-എറണാകുളം പാത ഇരട്ടിപ്പിക്കലിനെ ചൊല്ലിയുള്ള അനിശ്ചിതത്വം നീക്കി, കായംകുളത്തുനിന്ന് ചേപ്പാട് വരെയുള്ള എട്ടു കിലോമീറ്ററോളം പാത ഇരട്ടിപ്പിക്കുന്നതിന് അഞ്ചു കോടി രൂപ നീക്കിവെച്ചതു മാത്രമാണ് കേരളത്തിന് ലഭിച്ച എടുത്തുപറയാവുന്ന നേട്ടം. കോട്ടയം വഴിയുള്ള പാത ഇരട്ടിപ്പിക്കുമെന്ന് നേരത്തെ പ്രഖ്യാപിച്ചിരുന്നു. ഈ റൂട്ടിൽ കായംകുളത്തു നിന്ന് മാവേലിക്കര വരെയുള്ള എട്ടു കിലോമീറ്റർ ഇരട്ടിപ്പിക്കാനും അഞ്ചു കോടി വകയിരുത്തി. എന്നാൽ കേരളത്തിൽ ഇപ്പോൾ നടക്കുന്ന പാത ഇരട്ടിപ്പിക്കൽ പ്രവർത്തനങ്ങൾക്ക് മതിയായ തുക നീക്കിവെക്കാത്തതിനാൽ പൂർത്തിയാവാൻ വൈകും.

എറണാകുളം-കോഴിക്കോട് എക്സ്പ്രസ് കണ്ണൂർ വരെ നീട്ടും. ആഴ്ചയിൽ മൂന്നു ദിവസം ഓടുന്ന ഹൈദരാബാദ്-എറണാകുളം ശബരി എക്സ്പ്രസ് തിരുവനന്തപുരം വരെ നീട്ടി. ആലപ്പുഴ-ബൊക്കാറോ എക്സ്പ്രസ് ധൻബാഗ് വരെ നീട്ടും. 50 പുതിയ വണ്ടികൾ അനുവദിച്ചതിൽ ഒരു പ്രതിവാര വണ്ടി മാത്രമാണ് കേരളത്തിന് കിട്ടിയത്.

65 വയസ്സു കഴിഞ്ഞ പുരുഷന്മാർക്കും 60 കഴിഞ്ഞ സ്ത്രീകൾക്കും 30 ശതമാനം ഇളവാണ് ഇതുവരെ നൽകിയിരുന്നത്. ഇനി സ്ത്രീ-പുരുഷ ഭേദമില്ലാതെ 60 കഴിഞ്ഞവർക്ക് ഈ ആനുകൂല്യം ലഭിക്കും. അക്രഡിറ്റേഷനുള്ള പത്രപ്രവർത്തകർക്ക് രാജധാനി, ജനശതാബ്ദി വണ്ടികളിൽ 30 ശതമാനം നിരക്കിളവ് അനുവദിച്ചു. ഗുരുതരമായ അർബുദ, താലസീമിയ രോഗികൾക്കും ഹൃദ്രോഗ ശസ്ത്രക്രിയക്ക് പോകുന്നവർക്കും ഒരു സഹായിക്കും മെയിൽ-എക്സ്പ്രസ് വണ്ടികളിൽ എ.സി ക്ലാസ് യാത്രക്കൂലിയിൽ 75 ശതമാനം ഇളവ് നൽകും. ചികിൽസക്കായി യാത്രചെയ്യുന്ന വൃക്ക രോഗികൾക്കും ഈ ആനുകൂല്യം ലഭിക്കും.

രാജധാനി, ജനശതാബ്ദി വണ്ടികളിൽ നിരക്ക് യുക്തിസഹമാക്കും. ഇതനുസരിച്ച് മെയിൽ-എക്സ്പ്രസ് വണ്ടികളുടെ നിരക്കിന് ആനുപാതികമായി ഇവയുടെ നിരക്ക് ക്രമീകരിക്കുമ്പോൾ നിലവിലെ ചാർജുകളിൽ മാറ്റം വരും. നിരക്ക് വർധനയെ തുടർന്ന് രാജധാനി വിട്ട് വിമാനത്തെ ആശ്രയിച്ചുതുടങ്ങിയവരെ തിരികെ കൊണ്ടുവരികയാണ് ലക്ഷ്യം.

വിവിധ ഉൽപന്നങ്ങളും പാഴ്സലുകളും ലഗേജുകളും നാലു വിഭാഗങ്ങളായി മാത്രം തരംതിരിച്ച് നിരക്ക് ക്രമീകരിക്കും. ഇതുവഴി പെട്രോളിയം ഉൽപന്നങ്ങളുടേതടക്കം ചിലയിനങ്ങളുടെ ചരക്കുകൂലിയിലും നേരിയ മാറ്റമുണ്ടാവും. പുതിയ നിരക്കുകൾ ഏപ്രിൽ ഒന്നിന് പ്രാബല്യത്തിൽ വരും. തിരക്കില്ലാത്ത സമയത്ത് യാത്രചെയ്യുന്നതിന് രാജധാനിയിൽ ഇളവ് അനുവദിച്ചു. അതനുസരിച്ച് ജൂലൈ 15 മുതൽ മൂന്നു മാസം രാജധാനിയിൽ ഒന്നും രണ്ടും ക്ലാസുകളിൽ ഇളവ് ലഭിക്കും.

കഴിഞ്ഞ ഡിസംബർ വരെയുള്ള കാലത്ത് യാത്രക്കാരുടെ എണ്ണത്തിൽ മൂന്നു ശതമാനം കുറവുണ്ടായതായി ബജറ്റ് പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. ഇത് മറികടക്കാൻ ഉദ്ദേശിച്ചാണ് രാജധാനിയിലെയും ജനശതാബ്ദിയിലെയും നിരക്കുകൾ മറ്റു വണ്ടികളിലെ നിരക്കിന് ആനുപാതികമായി നേരിയ തോതിൽ കുറക്കുന്നത്. അടുത്ത സാമ്പത്തിക വർഷം ഉയർന്ന ക്ലാസുകളിൽനിന്നുള്ള വരുമാനം 16 ശതമാനം വർധിക്കുമെന്നാണ് പ്രതീക്ഷ.

അടുത്ത സാമ്പത്തിക വർഷം റെയിൽവേ പ്രതീക്ഷിക്കുന്ന വരുമാനം 43,445 കോടി രൂപയാണ്. നടപ്പുസാമ്പത്തിക വർഷം ഇത് 41,284 കോടിയാണ്. പദ്ധതി ചെലവിനത്തിൽ 2,630 കോടിയും സുരക്ഷാ പ്രവർത്തനങ്ങൾക്ക് 2,311 കോടി രൂപയും നീക്കിവെച്ചു. ഗ്രൂപ്പ്-ഡി വിഭാഗത്തിലെ 20,000 ഒഴിവുകൾ നികത്തുമെന്ന് മന്ത്രി അറിയിച്ചു. ഈ വിഭാഗത്തിൽ ഇനി പ്രാദേശിക ഭാഷകളിൽ പരീക്ഷ നടത്തും. 3,500 കോൺസ്റ്റബിൾമാരെയും തെരഞ്ഞെടുക്കും.

ആകെ വരുമാനത്തിൻെറ 64 ശതമാനവും ചരക്കുകടത്തിൽ നിന്നാണ് കിട്ടുന്നത്. 27,815 കോടി രൂപയാണ് അടുത്തകൊല്ലം ചരക്കുകടത്തിൽ നിന്ന് പ്രതീക്ഷിക്കുന്നത്. ഇപ്പോഴിത് 26,658 കോടിയാണ്. യാത്രാക്കൂലി ഇനത്തിൽ എഴു ശതമാനം വർധനയോടെ 13,620 കോടിയാണ് പ്രതീക്ഷിക്കുന്നത്. രണ്ടാം ക്ലാസ് യാത്രക്കാരിൽനിന്ന് 10,584 കോടിയാണ് പ്രതീക്ഷിക്കുന്നത്; നാലു ശതമാനത്തിൻെറ വർധന.

- 50 പുതിയ വണ്ടികൾ
- കേരളത്തിന് ഒരു പ്രതിവാര എക്സ്പ്രസ് മാത്രം
- എറണാകുളം-കോഴിക്കോട് ഇൻറർസിറ്റി കണ്ണൂർ വരെ
- ആലപ്പുഴ വഴിയും കോട്ടയം വഴിയും പാത ഇരട്ടിപ്പിക്കലിന് തുക
- കേരളത്തിൻെറ വിഹിതം വെട്ടിക്കുറച്ചു
- രാജധാനി, ജനശതാബ്ദി നിരക്ക് കുറയും
- പെട്രോളിയം ഉൽപന്ന കടത്തുകൂലിയിൽ നേരിയ കുറവ്
- 60 കഴിഞ്ഞവർക്ക് മുതിർന്ന പൗരന്മാർക്കുള്ള ആനുകൂല്യം
- ഹൃദ്രോഗികൾക്കും വൃക്ക രോഗികൾക്കും ഇളവ്
- ഗ്രൂപ്പ്-ഡിയിൽ 20,000 ഒഴിവ് നികത്തും



ആദിവാസി സ്ത്രീകളെയും കുട്ടികളെയും ജയിലിൽനിന്ന് വിട്ടയക്കും – മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: മുത്തങ്ങ സമരത്തോട് അനുബന്ധിച്ച് ജയിലിൽ കഴിയുന്ന സ്ത്രീകളെയും കുട്ടികളെയും മോചിപ്പിക്കാൻ നടപടിയെടുക്കുമെന്ന് മുഖ്യമന്ത്രി എ.കെ.ആൻറണി നിയമസഭയിൽ അറിയിച്ചു. ആദിവാസി സ്ത്രീകൾ ജാമ്യാപേക്ഷ സമർപ്പിച്ചാൽ കോടതിയിൽ എതിർക്കരുതെന്ന് പോലിസിന് നിർദേശം നൽകിയിട്ടുണ്ട്. ജാമ്യാപേക്ഷ നൽകാത്തവരെ സർക്കാർ തന്നെ മുൻകൈ എടുത്ത് മോചിപ്പിക്കാൻ നടപടിയെടുക്കും. പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻെറ സബ്മിഷന് മറുപടിയായി മുഖ്യമന്ത്രി പറഞ്ഞു.

കണ്ണൂർ ജയിലിൽ കഴിയുന്ന ആദിവാസികളിൽ പലരും കുട്ടികളെ കാണാനില്ലെന്ന് പരാതിപ്പെട്ടതായി വി.എസ്. അറിയിച്ചു. ജയിലിൽ കഴിയുന്നവരുടെ സ്ഥിതി അത്യന്തം ദയനീയമാണ്. ഭൂമി നൽകാമെന്ന് തെറ്റിദ്ധരിപ്പിച്ചാണ് സമര നേതാക്കൾ ആദിവാസികളെ മുത്തങ്ങയിലേക്ക് കൊണ്ടുപോയത്. ഒന്നര മാസത്തോളം അവർ കുടുംബസമേതം അവിടെ താമസിക്കുകയും ചെയ്തു. പോലിസ് നടപടിയൊന്നും എടുത്തില്ല. പിന്നീടാണ് പൊടുന്നനെ പോലിസ് ലാത്തിയും തോക്കുമായി ചാടി വീണത്. ആദിവാസികളെ കബളിപ്പിച്ച് വനഭൂമിയിലേക്ക് കൊണ്ടുപോയ നേതാക്കളെയും പാവപ്പെട്ട ആദിവാസികളെയും ഒരേപോലെ കാണരുത്. ആദിവാസികുഞ്ഞുങ്ങൾ നഷ്ടപ്പെട്ടത് എങ്ങനെ എന്നറിയാൻ അവർക്ക് അവകാശമുണ്ട്. അവർ വെടിവെപ്പിൽ അരഞ്ഞു ചത്തതാണോ അല്ലയോ എന്നറിയണം. അതിന് ജുഡീഷ്യൽ അന്വേഷണം നടത്തണം. സർക്കാർ ആദിവാസികളോട് വൈരനിര്യാതന ബുദ്ധിയോടെ പെരുമാറരുത്. പോലിസ് പറയുന്നത് മാത്രം വിശ്വസിച്ച് ഇരിക്കരുത്. - വി.എസ്. പറഞ്ഞു.

കണ്ണൂരിൽ ആദിവാസികളെ സന്ദർശിച്ച അച്യുതാനന്ദൻ കൊല്ലപ്പെട്ട പോലിസുകാരൻെറ വീട്ടിൽ പോകാതിരുന്നത് മോശമായെന്ന് മുഖ്യമന്ത്രി പറഞ്ഞു. ആദിവാസികളെ പോലെ പിന്നാക്കമായ പെരുമണ്ണാൻ സമുദായക്കാരനാണ് മരിച്ച പോലിസുകാരൻ വിനോദ്. തെയ്യം കെട്ടി ജീവിക്കുന്നവരാണ് അയാളുടെ വീട്ടുകാർ. അതെങ്കിലും പ്രതിപക്ഷ നേതാവ് കണക്കിലെടുക്കണമായിരുന്നു. എന്തൊക്കെ തടസ്സങ്ങളും പ്രതിബന്ധങ്ങളും ഉണ്ടെങ്കിലും യു.ഡി.എഫ് സർക്കാറിൻെറ കാലാവധി കഴിയുന്നതിന് മുമ്പ് എല്ലാവർക്കും ഭൂമി നൽകും. കൂടുതൽ ഭൂമി ലഭ്യമാക്കുന്നതിനുള്ള അന്വേഷണം തുടരുകയാണ്. കാണാതായവരെ പറ്റി പ്രതിപക്ഷം പറയുന്നത് ശരിയല്ല. മുത്തങ്ങ കാട്ടിൽ 14 ജഡവുമായി ആദിവാസികൾ കാത്തിരിക്കുകയാണെന്നും പോലിസിനെ പേടിച്ചാണ് പുറത്തുവരാത്തതെന്നും പറഞ്ഞാണ് പ്രതിപക്ഷ നേതാവ് അങ്ങോട്ട് പോയത്. ശവശരീരങ്ങൾ കിട്ടുമെന്ന് കരുതിയാണ് സഭ സ്തംഭിപ്പിച്ച് പ്രതിപക്ഷ നേതാക്കൾ കാട്ടിലേക്ക് പോയത്. - മുഖ്യമന്ത്രി കുറ്റപ്പെടുത്തി. ഭൂരഹിതരായ എല്ലാ ആദിവാസികൾക്കും സർക്കാറിൻെറ കാലാവധി കഴിയുന്നതിന് മുമ്പ് ഭൂമി നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനാൽ കെ.രാധാകൃഷ്ണൻെറ നിരാഹാര സമരം അവസാനിപ്പിക്കണം. [illegible]

ജീവനക്കാരുടെ ഇന്നത്തെ പണിമുടക്ക് മാറ്റി

തിരുവനന്തപുരം: ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാമെന്ന മന്ത്രിസഭാ തീരുമാനത്തിൻെറ വെളിച്ചത്തിൽ ഇന്ന് നടത്താനിരുന്ന ജീവനക്കാരുടെയും അധ്യാപകരുടെയും പണിമുടക്ക് മാറ്റിവെച്ചതായി ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ സി.എച്ച്. അശോകനും സമരസമിതി കൺവീനർ എം.എൻ.വി.ജി. അടിയോടിയും അറിയിച്ചു. മന്ത്രിസഭാ തീരുമാനത്തിൽ തൃപ്തരല്ലെന്നും എന്നാൽ ജീവനക്കാരുടെ ഐക്യത്തിന് വിള്ളലുണ്ടാക്കേണ്ടെന്ന് കരുതിയാണ് പണിമുടക്ക് മാറ്റുന്നതെന്നും അവർ അറിയിച്ചു.

ഇന്നത്തെ പണിമുടക്ക് മാറ്റിയതായി കെ.എസ്.ടി.എ ജനറൽ സെക്രട്ടറി റഷീദ് കണിച്ചേരി, പി.എസ്.സി. സ്റ്റാഫ് അസോസിയേഷൻ ജനറൽ സെക്രട്ടറി കെ.എം. ഉണ്ണികൃഷ്ണൻ, ടീച്ചേഴ്സ് ആൻറ് എംപ്ലോയീസ് ഫ്രണ്ട് ചെയർമാൻ കല്ലട നെപ്പോളിയൻ എന്നിവരും അറിയിച്ചു.

കേരളത്തിൻെറ വിഹിതം വെട്ടിക്കുറച്ചു

സ്വന്തം ലേഖകൻ

ന്യൂദൽഹി: റെയിൽവേ ബജറ്റിൽ കേരളത്തിനുള്ള വിഹിതം വെട്ടിക്കുറച്ചു. ഇത്തവണ സംസ്ഥാനത്തിന് വകയിരുത്തിയത് 127.64 കോടി രൂപയുടെ പദ്ധതി മാത്രം. കഴിഞ്ഞ വർഷത്തേക്കാൾ 80 കോടി രൂപ. അതായത് മൂന്നിലൊന്നിലേറെ കുറവ്. കേരളത്തിൽനിന്ന് ആരംഭിക്കുന്നതും മറ്റു സംസ്ഥാനങ്ങൾക്ക് കൂടി ബാധകമായതുമായ ചില പദ്ധതികൾ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിൻെറ വിഹിതം 172.03 കോടി രൂപയാകും. വർധിച്ചുവരുന്ന യാത്രക്കാരുടെ എണ്ണം കണക്കിലെടുത്ത് സുരക്ഷാ മേഖലയിലടക്കം ഉന്നയിച്ചുവരുന്ന നിരവധി ആവശ്യങ്ങൾ ഇത്തവണയും കേന്ദ്രം കേട്ടില്ലെന്നു നടിക്കുകയാണ്.

തിരുവനന്തപുരത്തുനിന്ന് കൊങ്കൺ വഴി ജോധ്പൂരിലേക്ക് പ്രതിവാര എക്സ്പ്രസ് തുടങ്ങുന്നതാണ് ഇത്തവണത്തെ കേരളത്തിന് ലഭിച്ച പ്രധാന നേട്ടം. സംസ്ഥാനത്തുകൂടെ ഓടുന്ന മൂന്നു തീവണ്ടികൾ ദീർഘിപ്പിച്ചിട്ടുമുണ്ട്. എറണാകുളം-കോഴിക്കോട് ഇൻറർസിറ്റി എക്സ്പ്രസ് കണ്ണൂരിലേക്കും ഹൈദരാബാദ്-എറണാകുളം ശബരി എക്സ്പ്രസ് തിരുവനന്തപുരത്തേക്കും ആലപ്പുഴ-ബൊക്കാറോ സ്റ്റീൽ സിറ്റി എക്സ്പ്രസ് ധൻബാദിലേക്കുമാണ് നീട്ടിയത്.

സംസ്ഥാനത്തെ പുതിയ പദ്ധതികളായ അങ്കമാലി-ശബരിമല പാതക്ക് 10 കോടിയും കോട്ടയം-എരുമേലി പാതക്ക് രണ്ടു കോടിയും താനൂർ-ഗുരുവായൂർ പാതക്ക് മൂന്നു കോടിയും ബജറ്റിൽ വകയിരുത്തി. 550 കോടി രൂപ മതിപ്പു ചെലവു കണക്കാക്കുന്ന ശബരി പാതക്കാണ് വെറും പത്ത് കോടി കിട്ടുന്നത്. കോട്ടയം എരുമേലി പാതയുടെ മതിപ്പുചെലവ് 200 കോടി രൂപയും താനൂർ ഗുരുവായൂർ പാതയുടേത് 137.71 കോടിയുമാണ്. കൊല്ലത്തുനിന്ന് തെങ്കാശി വഴി വിരുതുനഗറിലേക്കുള്ള പാതക്ക് 402 കോടി വേണ്ടിടത്ത് 25 കോടി മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. 357 കിലോമീറ്റർ നീളമുള്ള പാതയുടെ നിർമാണം അ

ശേഷം പേജ് 9 കോളം 1

മുത്തങ്ങ സംഭവം ഭീകരം –അരുന്ധതി

മുത്തങ്ങ (വയനാട്): മുത്തങ്ങയിൽ കുടിൽവെച്ച് താമസിച്ച ആദിവാസികൾക്കുനേരെ പോലിസ് നടത്തിയ വെടിവെപ്പും പീഡനവും ഭീകരവും ഒരു തരത്തിലും മാപ്പർഹിക്കാത്തതുമാണെന്ന് വിശ്വപ്രസിദ്ധ എഴുത്തുകാരിയും പരിസ്ഥിതി പ്രവർത്തകയുമായ അരുന്ധതി റോയി. എന്നാൽ, സങ്കുചിത രാഷ്ട്രീയക്കളിയാക്കി സംഭവത്തിൻെറ വ്യാപ്തി കുറച്ചുകാണിക്കരുതെന്ന് അവർ പറഞ്ഞു.

ഗവ. ആശുപത്രിയിൽ കഴിയുന്ന ആദിവാസികളെയും വെടിവെപ്പ് നടന്ന പ്രദേശങ്ങളും സന്ദർശിച്ച ശേഷം മുത്തങ്ങ വനത്തിൽ വാർത്താലേഖകരോട് സംസാരിക്കുകയായിരുന്നു അരുന്ധതി.

മുത്തങ്ങ സംഭവം കേരളത്തിന് നാണക്കേടാണ്. ലജ്ജാകരമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെയാണ് പോലിസ് വെടിവെച്ചത്. ഇങ്ങനെയൊരു സംഭവം കേട്ടിട്ടുപോലുമില്ല. ബന്ദിയാക്കിയ വനപാലകനെയും പോലിസുകാരനെയും മോചിപ്പിക്കാനാണ് വെടിവെച്ചതെന്ന് പറയുന്നു. എത്രയോ ബന്ദിനാടകങ്ങൾ ഉണ്ടായിട്ടുണ്ട്. അതെല്ലാം ചർച്ചയിലൂടെയാണ് പരിഹരിച്ചത്. അല്ലാതെ വെടിവെച്ചല്ല. പോലിസുകാരൻ വധിക്കപ്പെട്ടത് അധികൃതരുടെ എടുത്തുചാട്ടം മൂലമാണ്.

സ്ത്രീകളടക്കം കാണാതായ ആദിവാസികളെ കണ്ടെത്താൻ അടിയന്തര നടപടി വേണം. തടവിൽ കഴിയുന്ന ആദിവാസികളെ മോചിപ്പിക്കണം.

സർക്കാർ നൽകിയ ഉറപ്പ് പാലിക്കപ്പെടാതെ വന്നപ്പോഴാണ് ഗോത്രസഭ ഭൂമി കൈയേറിയത്. ഇ

ശേഷം പേജ് 9 കോളം 1

സംഘർഷ ഭൂമിയിൽ എഴുത്തുകാരിയുടെ ദൗത്യം.... മുത്തങ്ങ വനത്തിൽ അരുന്ധതി റോയി

രാധാകൃഷ്ണൻ നിരാഹാരം തുടരുന്നു

ജുഡീഷ്യൽ അന്വേഷണം ഇല്ലാതെ പിൻമാറില്ലെന്ന് പ്രതിപക്ഷം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: മുത്തങ്ങ വെടിവെപ്പിനെ കുറിച്ച് ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് മുൻമന്ത്രി കെ.രാധാകൃഷ്ണൻ നടത്തുന്ന നിരാഹാരം രണ്ടു ദിവസം പിന്നിട്ടു. നിയമസഭാ ഹാളിൻെറ പ്രവേശന കവാടത്തിൽ കിടക്കുന്ന രാധാകൃഷ്ണനെ ഇന്നലെ ഡോക്ടർ പരിശോധിച്ചു. രാധാകൃഷ്ണൻെറ ആരോഗ്യസ്ഥിതി ദുർബലമായതിനാൽ നിരാഹാരം അവസാനിപ്പിക്കണമെന്ന് മുഖ്യമന്ത്രി എ.കെ.ആൻറണി സഭയിൽ അഭ്യർഥിച്ചെങ്കിലും പ്രതിപക്ഷം സ്വീകരിച്ചില്ല. ജുഡീഷ്യൽ അന്വേഷണം നടത്താതെ പിൻമാറില്ലെന്ന് പ്രതിപക്ഷ നേതാക്കൾ പത്രസമ്മേളനത്തിൽ അറിയിച്ചു. ജില്ലാ കലക്ടറെക്കൊണ്ട് അന്വേഷിപ്പിക്കാമെന്ന നിർദേശവുമായി മാധ്യസ്ഥർ ചെന്നെങ്കിലും ആ നിർദേശം പ്രതിപക്ഷം സ്വീകരിച്ചില്ല.

പ്രതിപക്ഷ എം.എൽ.എമാർ അഞ്ച് പേർ വീതം ഊഴമിട്ട് രാധാകൃഷ്ണനോട് ഒപ്പമുണ്ട്. മുൻ മുഖ്യമന്ത്രി ഇ.കെ.നായനാർ, മുൻമന്ത്രി ടി.കെ.രാമകൃഷ്ണൻ എന്നിവർ ഇന്നലെ രാധാകൃഷ്ണനെ സന്ദർശിച്ചു. അറസ്റ്റ് ചെയ്തു നീക്കുകയോ നിയമസഭ നിർത്തിവെക്കുകയോ ചെയ്യുകയാണെങ്കിൽ സമരത്തിൻെറ വേദി മാറ്റുമെന്നല്ലാതെ നിരാഹാര സത്യഗ്രഹം അവസാനിപ്പിക്കില്ലെന്ന് രാധാകൃഷ്ണൻ മാധ്യമത്തോടു പറഞ്ഞു.

ജുഡീഷ്യൽ അന്വേഷണത്തിൽ കുറഞ്ഞ് മറ്റൊരു നിർദേശവും സ്വീകാര്യമല്ലെന്ന് പ്രതിപക്ഷ നേതാവ് വി.എസ്. അച്യുതാനന്ദൻ പിന്നീട് പത്രസമ്മേളനത്തിൽ പറഞ്ഞു. സി.കെ.ജാനുവിൻെറയും ഗീതാനന്ദൻെറയും പിന്നിലുള്ള ഗൂഢശക്തികൾ ഏതെന്ന് അറിയാൻ അന്വേഷണം വേണമെന്ന് കെ.പി.സി.സി പ്രസിഡൻറ് മുരളീധരൻ തന്നെ ആവശ്യപ്പെട്ടിട്ടുണ്ട്. അന്വേഷണത്തിൻെറ ആവശ്യകത കോൺഗ്രസുകാർക്ക് തന്നെ ബോധ്യപ്പെട്ടിട്ടുണ്ടെന്ന് ചുരുക്കം. സിറ്റിംഗ് ജഡ്ജിയെകൊണ്ട് സമഗ്രമായ അന്വേഷണം നടത്താൻ സർക്കാർ തയാറാകണം. സമരത്തെ വഴി തെറ്റിക്കുന്നതിന് ശ്രമിച്ച തീവ്രവാദികൾ ആരെന്ന് അറിയാനും അന്വേഷണം വേണം. ഗീതാനന്ദൻ പഴയ നക്സലൈറ്റാണ്. ആൻറണിയുടെ രാഷ്ട്രീയ ലൈനിലായിരുന്ന ജാനു ഗീതാനന്ദൻെറ രാഷ്ട്രീയ ലൈനിലേക്ക് മാറിയതാണോ എന്ന് അറിയില്ല.

മരിച്ച പോലിസുകാരൻെറ ജാതി നോക്കി അയാളുടെ വീട് സന്ദർശിക്കേണ്ട ആവശ്യമില്ല. ആദിവാസികളെ വെടിവെച്ചു കൊന്ന പോലിസ് പോലിസ് തന്നെയാണ്. പോലിസുകാരൻെറ വീട്ടിൽ ഞാൻ പോകില്ല. - വി.എസ്. പറഞ്ഞു.

ഇറാഖ് മിസൈൽ കേന്ദ്രങ്ങളിൽ വീണ്ടും ബോംബാക്രമണം

വാഷിംഗ്ടൺ: യുദ്ധനീക്കങ്ങൾക്ക് യു.എൻ അനുമതി തേടിയ അമേരിക്ക ഇറാഖിൻെറ പ്രതിരോധ സന്നാഹങ്ങൾക്കു നേരെ ആക്രമണം തുടരുന്നു. ഇറാഖിലെ അഞ്ച് മിസൈൽ കേന്ദ്രങ്ങളിൽ യു.എസ് ബ്രിട്ടീഷ് വിമാനങ്ങൾ ബോംബാക്രമണം നടത്തി. യുദ്ധത്തിൽ ഇറാഖ് അമേരിക്കൻ സൈന്യത്തിനെതിരെ ഉപയോഗിക്കാനിടയുള്ള നാല് റോക്കറ്റ് വിക്ഷേപണികളും സഖ്യസേനാ വിമാനങ്ങൾ തകർത്തു.

ഇറാഖിൻെറ വടക്ക്, തെക്ക് ഭാഗങ്ങളിലെ വ്യോമനിരോധ മേഖലയിലുള്ള മിസൈൽ കേന്ദ്രങ്ങളാണ് ആക്രമിച്ചതെന്ന് അമേരിക്കൻ സൈന്യം അറിയിച്ചു. തെക്കൻ ഇറാഖിലെ ഭൂതല-ഭൂതല മിസൈൽ കേന്ദ്രം അമേരിക്ക കഴിഞ്ഞദിവസം തകർത്തിരുന്നു.

യുദ്ധം തുടങ്ങുന്നതിനുമുമ്പ് പ്രതിരോധ സന്നാഹങ്ങൾ തകർത്ത് ഇറാഖിൻെറ ചെറുത്തുനിൽപ് ദുർബലമാക്കുകയാണ് അമേരിക്കൻ ആക്രമണങ്ങളുടെ ലക്ഷ്യമെന്നാണ് കരുതുന്നത്. ഇറാഖ് മിസൈൽ കേന്ദ്രങ്ങൾക്കുനേരെ നിരന്തരം നടക്കുന്ന ആക്രമണങ്ങൾ ഇതാണ് വ്യക്തമാക്കുന്നതെന്ന് യുദ്ധകാര്യ വിദഗ്ധർ പറയുന്നു.

തെക്കൻ നഗരമായ ബസറയിൽ 90 കിലോമീറ്റർ ശേഷിയുള്ള അസ്ട്രോസ്-2 കി റോക്കറ്റ് വിക്ഷേപിണികളാണ് തകർത്തതെന്ന് യു.എസ് സെൻട്രൽ കമാൻറ് പറഞ്ഞു. കരസേനക്കും കവചിത വാഹനങ്ങൾക്കും കടുത്ത നാശം വിതക്കാൻ ശേഷിയുള്ളതാണ് ഈ റോക്കറ്റുകൾ. 140 കിലോമീറ്റർ ശേഷിയുള്ള അബാബിൽ-100 മിസൈൽ വിക്ഷേപിണി ഈ മാസമാദ്യം അമേരിക്ക തകർത്തിരുന്നു.

ഇറാഖ് ആക്രമണത്തിൻെറ ചുമതലയുള്ള അമേരിക്കൻ ജനറൽ ടോമി ഫ്രാങ്ക്സ് ഖത്തറിലെ യു.എസ് സെൻട്രൽ കമാൻറ് താവളത്തിൽ മുതിർന്ന ഉദ്യോഗസ്ഥരുമായി കൂടിക്കാഴ്ച നടത്തിവരികയാണ്. ബ്രിട്ടീഷ് പ്രതിരോധ സെക്രട്ടറി ജഫ് ഹൂണുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഖത്തർ താവളം ആസ്ഥാനമാക്കിയായിരിക്കും ഫ്രാങ്ക്സ് യുദ്ധത്തിന് നേതൃത്വം നൽകുകയെന്നാണ് സൂചന.

അതേസമയം, ഇറാഖ് ആയുധപരിശോധനയുമായി കൂടുതൽ സഹകരിക്കുന്നുണ്ടെന്ന് മുഖ്യ ആയുധപരിശോധകൻ ഹാൻസ് ബ്ലിക്സ് അറിയിച്ചു. 1991-ൽ ചില കൂട്ടനശീകരണായുധങ്ങൾ നശിപ്പിച്ചതിൻെറ രേഖകൾ കൈമാറിയ ഇറാഖ് അജ്ഞാത ദ്രാവകം നിറച്ച ആർ-400 ബോംബ് കണ്ടെത്തിയ കാര്യം ആയുധപരിശോധകരെ അറിയിച്ചതായി ബ്ലിക്സ് പറഞ്ഞു. ഗുണപരമായ സംഭവവികാസമാണിതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇറാഖ് യു.എൻ ആയുധപരിശോധനയോട് പൂർണമായി സഹകരിക്കുന്നെന്ന് പറയാനാവില്ലെങ്കിലും യുദ്ധത്തിൻെറ ആവശ്യമില്ലെന്ന് റഷ്യ പറഞ്ഞു. ആയുധപരിശോധന തുടരുകയും ഇറാഖ് സഹകരിക്കുകയും ചെയ്താൽ യുദ്ധം ഒഴിവാക്കാനാവുമെന്നു തന്നെയാണ് കരുതുന്നതെന്ന് വിദേശകാര്യ ഉപമന്ത്രി യൂറി ഫെഡോറ്റോവ് പറഞ്ഞു.

വൈദ്യുതി നിരക്ക് യൂനിറ്റിന് 41 പൈസ വർധിപ്പിക്കാൻ നിർദേശം

സ്വന്തം ലേഖകൻ

തിരുവനന്തപുരം: വൈദ്യുതി നിരക്ക് യൂനിറ്റിന് ശരാശരി 41 പൈസ വരെ വർധിപ്പിക്കാൻ വൈദ്യുതി ബോർഡ് ബജറ്റിൽ നിർദേശിച്ചു. 370.70 കോടിയുടെ വർധന നിർദേശം അടങ്ങുന്ന ബജറ്റ് ഇന്നലെ ചേർന്ന കെ.എസ്.ഇ.ബിയുടെ ഫുൾബോർഡ് യോഗം അംഗീകരിച്ചു.

നിലവിൽ ഒരു യൂനിറ്റ് വൈദ്യുതിയുടെ ശരാശരി വില 267.94 (2.68 രൂപ) പൈസയാണ്. ഇത് 308.18 (3.8 രൂപ) പൈസയാക്കാനാണ് നിർദേശം. ഇപ്പോഴത്തെ നിരക്ക് അനുസരിച്ച് 2471.49 കോടി രൂപയാണ് വൈദ്യുതി വിലയായി ബോർഡിന് ലഭിക്കുമെന്ന് കണക്കാക്കിയത്.

എന്നാൽ 370 കോടിയുടെ നിരക്ക് വർധന നടപ്പാകുമ്പോൾ വരുമാനം 2842.19 കോടിയായി ഉയരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബജറ്റ് നിർദേശം ഇനി സർക്കാറിൻെറ പരിഗണനക്ക് സമർപ്പിക്കും. താരിഫ് റഗുലേറ്ററി കമീഷന് വൈദ്യുതിബോർഡ് ക്രസിൽ മുഖേന തയാറാക്കി സമർപ്പിക്കുന്ന അപേക്ഷയിൽ ബജറ്റ് നിർദേശങ്ങൾ പ്രതിഫലിക്കുമെന്നാണ് കരുതുന്നത്.

ജീവനക്കാരുടെ ശമ്പളം, പെൻഷൻ, ഭരണച്ചെലവ് തുടങ്ങിയുടെ ചെലവ് അടുത്ത സാമ്പത്തിക വർഷം 632.40 കോടിയായി ഉയരും. കഴിഞ്ഞ ബജറ്റിൽ ഇത് 553.20 കോടിയായിരുന്നു. വ്യവസായങ്ങളുടെ വൈദ്യുതി ഉപയോഗത്തിൽ കാര്യമായ മാറ്റം ഈ വർഷം പ്രതീക്ഷിക്കുന്നില്ല. 2921 ദശ ലക്ഷം യൂനിറ്റാണ് വ്യവസായങ്ങൾക്ക് വേണ്ടി വരുമെന്ന് കണക്കാക്കുന്നത്. കഴിഞ്ഞ ബജറ്റിൽ 4093 ദശലക്ഷം യൂനിറ്റ് വ്യവസായങ്ങൾ ഉപയോഗിക്കുമെന്ന് പ്രതീക്ഷിച്ചെങ്കിലും 2716 ദശ ലക്ഷം മാത്രമാണ് ഉപയോഗിച്ചത്. ഇക്കുറി ഉപയോഗത്തിൽ നേരിയ വർധന മാത്രം പ്രതീക്ഷിക്കുന്നുവെന്നാണ് ബജറ്റ് കണക്കാക്കുന്നത്.

ഈ വർഷം 6156 ദശലക്ഷം യൂനിറ്റ് വൈദ്യുതി വിലയ്ക്ക് വാങ്ങേണ്ടി വരും. ഇതിന് 1634.89 കോടി രൂപ വേണ്ടി വരും. മൊത്തം വാർഷിക ഉപയോഗം 92243 ദശലക്ഷം യൂനിറ്റാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

കുണ്ടറയിൽ നിന്ന് പെരിനാട് വരെ 110 ലൈൻ നിർമിക്കുന്നതിനും ഇന്നലെ ചേർന്ന ഫുൾബോർഡ് യോഗം അംഗീകാരം നൽകി. ഏഴ്കോടി രൂപയാണ് ഇതിൻെറ നിർമാണച്ചെലവ്. പെരിനാട് റെയിൽവേട്രാക്ഷൻ സബ്സ്റ്റേഷൻ നിർമാണത്തിനും അനുമതി നൽകി. നൂറനാട് മുതൽ കുണ്ടറ വരെ നിലവിലുള്ള 110 കെ.വി.ലൈൻ 220 കെ.വി. ബഹുസർക്യൂട്ട് ലൈൻ ആയി ഉയർത്തും. 19.8 കോടിയാണ് നിർമാണ ചെലവ്.

ബോർഡിൽ 15 കായിക താരങ്ങൾക്ക് സ്പോർട്സ് ക്വാട്ടയിൽ നിയമനം നൽകാനും തീരുമാനിച്ചു. സിനിമാ തിയറ്ററുകൾ എൽ.ടി. കണക്ഷനാക്കി മാറ്റാനുള്ള തീയതി ജൂൺ 30 വരെ നീട്ടി. അതുവരെ അത്തരം തിയറ്ററുകളെ ഡീംഡ് എച്ച്. ടിയായി കണക്കാക്കാനും തീരുമാനിച്ചു.

ജീവനക്കാരുടെ രണ്ട് ഗഡു ക്ഷാമബത്തയുടെ കാര്യം ഇന്നലത്തെ ബോർഡിൽ അജണ്ട ചെയ്തെങ്കിലും പണിമുടക്കിൻെറ സാഹചര്യത്തിൽ തീരുമാനമെടുത്തില്ലെന്നാണ് സൂചന.

ത്രിപുരയിലെ മാണ്ടിയിൽ വോട്ട് ചെയ്യാനെത്തിയ ഗ്രാമീണരുടെ നീണ്ടനിര. കാവൽ നിൽക്കുന്ന അർധസൈനികനെയും കാണാം

നിയമസഭാ തെരഞ്ഞെടുപ്പിൽ 70 ശതമാനം പോളിംഗ്; എട്ടു പേർ കൊല്ലപ്പെട്ടു

ന്യൂദൽഹി: ഹിമാചൽപ്രദേശ്, നാഗാലാൻറ്, ത്രിപുര, മേഘാലയ നിയമസഭാ തെരഞ്ഞെടുപ്പിൽ 70 ശതമാനം പോളിംഗ്. വിവിധ സംസ്ഥാനങ്ങളിൽ ആറ് നിയമസഭാ മണ്ഡലങ്ങളിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ 60 ശതമാനം പോളിംഗ് നടന്നതായി തെരഞ്ഞെടുപ്പ് കമീഷൻ അറിയിച്ചു. ത്രിപുരയിലും നാഗാലാൻറിലുമുണ്ടായ തെരഞ്ഞെടുപ്പ് അക്രമങ്ങളിൽ അഞ്ച് ബി.എസ്.എഫ് ഭടന്മാരുൾപ്പെടെ എട്ടുപേർ കൊല്ലപ്പെട്ടു.

പടിഞ്ഞാറൻ ത്രിപുര ജില്ലയിൽ തെരഞ്ഞെടുപ്പ് ഡ്യൂട്ടി കഴിഞ്ഞ് മടങ്ങിയ സംഘത്തിനു നേരെ നാഷനൽ ലിബറേഷൻ ഫ്രണ്ട് തീവ്രവാദികൾ നടത്തിയ ആക്രമണത്തിലാണ് അഞ്ച് ബി.എസ്.എഫ് ഭടന്മാരും തദ്ദേശീയനായ ഡ്രൈവറും കൊല്ലപ്പെട്ടത്.

നാഗാലാൻറിലെ മൊകോക്ചുങ്

ശേഷം പേജ് 9 കോളം 1

മാധ്യമം

1178 കുംഭം 15 1423 ദുൽഹജ്ജ് 25 വ്യാഴം
THURSDAY FEBRUARY 27, 2003, DULHAJJ 25, 1423

സ്നേഹത്തിൻെറ പ്രതിഫലം സ്നേഹംതന്നെയാണ്.

-ജോൺ ഡ്രൈഡൻ

റെയിൽ ബജറ്റ്: അസന്തുലനത്തിൻെറ കുതിപ്പ്

യാത്രക്കൂലിയിൽ വർധന വരുത്താതെയും വൃദ്ധന്മാർക്കുള്ള ഇളവ് വ്യാപിപ്പിച്ചും ചരക്കുകൂലിയിൽ ചില ഇളവുകളടക്കം ക്രമീകരണം വരുത്തിയും കമ്മി നികത്താൻ മറ്റുവഴികൾ അന്വേഷിച്ചും കേന്ദ്ര റെയിൽ മന്ത്രി നിതീഷ് കുമാർ അവതരിപ്പിച്ച റെയിൽവേ ബജറ്റ് പ്രതീക്ഷിച്ചത്ര പരുക്കനല്ല എന്ന് മാത്രമല്ല, വളരെ മൃദുവുമാണ്. എടുത്തുകാണിക്കാൻ ഒരുപാട് ഇളവുകൾ അതിലുണ്ട് -വിശേഷിച്ച്, മുൻകൂറായി പ്രചരിപ്പിക്കപ്പെട്ട ചില കൂലിവർധനകൾ ബജറ്റിൽ ഒട്ടുമില്ലാത്ത സ്ഥിതിക്ക്. ഇതിനെ ഒരു തെരഞ്ഞെടുപ്പു ബജറ്റെന്ന് വിശേഷിപ്പിക്കുന്നതിൽ ശരിയുണ്ട്. എന്നാൽ, അതേസമയം, തെരഞ്ഞെടുപ്പിൻെറ പേരിലായാലും അൽപമൊരു സൗമ്യഭാവം നമ്മുടെ ബജറ്റുകൾക്ക് കിട്ടുന്നുവെങ്കിൽ ജനായത്തത്തിന് ഒരു മികവെങ്കിലുമുണ്ടല്ലോ എന്നു സന്തോഷിക്കുകയാണ് വേണ്ടത്. വികസനത്തിലും സുരക്ഷാ സജ്ജീകരണങ്ങളിലും ആവശ്യത്തിന് വക കരുതിവെക്കാതെയാണ് ബജറ്റ് ഇത്ര മൃദുലമാക്കിയിരിക്കുന്നത് എന്ന പ്രതിപക്ഷ വിമർശത്തിൽ കഴമ്പുണ്ട്. എന്നാലും ബജറ്റിലെ കൊച്ചുകൊച്ചു കാരുണ്യങ്ങൾക്ക് നന്ദി പറയാതിരിക്കാൻ വയ്യ.

പക്ഷേ, സന്തുലനമില്ലായ്ക ഒരു മഹാ അബദ്ധമായി റെയിൽവേ ബജറ്റിൽ മുഴച്ചുനിൽക്കുന്നുണ്ട്. അൽപമാത്രമായ വികസന പദ്ധതികളിലോ റൂട്ട് ക്രമീകരണങ്ങളിലോ തെക്കൻ സംസ്ഥാനങ്ങൾക്ക് -വിശേഷിച്ച് കേരളത്തിന്- പരിഗണന ലഭിച്ചിട്ടില്ല. പുതുതായി 50 എക്സ്പ്രസ് തീവണ്ടികൾ തുടങ്ങുന്നു എന്നാണ് പ്രഖ്യാപനം. ഇതിൽ ഏറെയും മന്ത്രിയുടെ സംസ്ഥാനമായ ബീഹാറിലാണ്. കേരളത്തിന് കിട്ടിയത് ഒന്നേ ഒന്ന് -കൊങ്കൺ വഴി തിരുവനന്തപുരത്തുനിന്ന് ജോധ്പൂരിലേക്ക്; അതുതന്നെ പ്രതിവാര ട്രെയിനാണ് താനും. ശബരി ട്രെയിൻ തിരുവനന്തപുരത്തേക്കും എറണാകുളം-കോഴിക്കോട് വണ്ടി കണ്ണൂർ വരെയും ഓടിക്കുന്നുണ്ട്. തീർന്നു, കേരളത്തിൻെറ വിഹിതം! റെയിൽവേ ഭൂപടമനുസരിച്ച് കേരളം ഇന്ത്യക്കു പുറത്താണോ എന്ന് തോന്നിക്കുന്നത്ര ഗുരുതരമാണ് ഈ അവഗണന. ദീർഘദൂര വണ്ടികളും ആധുനിക കോച്ചുകളും കേരളത്തിന് കിട്ടാറേയില്ല. കഴിഞ്ഞ വർഷം അഞ്ചു തീവണ്ടികൾ അനുവദിച്ചത് വലിയ കാര്യമായി പറഞ്ഞവരുണ്ട്. എന്നാൽ, ദീർഘദൂര യാത്രക്കാർക്ക് പ്രയോജനമൊന്നും അതുകൊണ്ടുണ്ടായില്ല. മുംബൈ, മംഗലാപുരം, ബാംഗ്ലൂർ, ചെന്നൈ തുടങ്ങിയ സ്ഥലങ്ങളിലേക്ക് അടിയന്തരമായി തീവണ്ടി അനുവദിക്കണമെന്ന ആവശ്യം ഉയർന്നിട്ട് കുറെയായി. പാലക്കാട്ടു വഴി കൂടുതൽ വണ്ടികൾ ഉണ്ടാകേണ്ടതുണ്ട്. ഉത്തര കേരളത്തിൽ റെയിൽവേ വികസനം വേഗത്തിലാക്കേണ്ടതുണ്ട്. എന്നാൽ, ചരക്കുവരുമാനത്തിലും ടിക്കറ്റ് വരുമാനത്തിലും വലിയ പങ്കുവഹിക്കുന്ന കേരളത്തിന് ഉത്തരേന്ത്യൻ രാഷ്ട്രീയക്കാരുടെ ശ്രദ്ധ എല്ലാ വർഷവും പോലെ ഇക്കുറിയും കിട്ടാതെ പോയിരിക്കുന്നു. ഉപഭോക്തൃ സംതൃപ്തി വർഷമായി പ്രഖ്യാപിക്കപ്പെട്ട 2003-04 ലും കേരളീയർക്ക് ഉള്ളതുകൊണ്ട് തൃപ്തിപ്പെടാനാണ് വിധി. പുതിയ സർവീസ് തുടങ്ങുന്നതിൽ മാത്രമല്ല, ഈ പിശുക്ക്. ഇതിലൂടെ ഓടുന്ന കോച്ചുകൾ കാലപ്പഴക്കം കൊണ്ട് ചോർന്നൊലിക്കുന്നവയാണ്. കുഷ്യനില്ലാത്ത സീറ്റുകൾ തന്നെ ഭാഗ്യവാന്മാരായ കുറച്ചുപേർക്ക് മാത്രം -ബാക്കിയുള്ളവർ തിരക്കേറിയ കമ്പാർട്ട്മെൻറുകളിൽ കാലിനിടം കണ്ടെത്തി തൂങ്ങിപ്പിടിച്ചുനിന്നുകൊള്ളണം. കോച്ചുകളുടെ എണ്ണം കുറയുന്നത് കേരളത്തിന് മാത്രം ലഭിക്കുന്ന പ്രത്യേക 'പരിഗണന'യാകണം.

ഈയൊരു ബജറ്റിൻെറ മാത്രം കഥയല്ല ഇത്. പതിറ്റാണ്ടുകളായി ഇവിടെ കിട്ടിയ ഏതാനും വികസന പദ്ധതികൾ ഇന്നും പൂർത്തിയാകാതെ പാതിവഴിയിലാണ്. ഷൊർണൂർ-മംഗലാപുരം പാത, എറണാകുളം-കായംകുളം പാത, എറണാകുളം-കോട്ടയം പാത എന്നിവ ഇരട്ടിപ്പിക്കാനും എറണാകുളം-തിരുവനന്തപുരം പാത വൈദ്യുതീകരിക്കാനും കൊല്ലം-വിരുദുനഗർ പാത ബ്രോഡ്ഗേജാക്കാനും തീരുമാനം നേരത്തേ ഉണ്ടായതാണ്. 97 കോടി രൂപ കൂടി കിട്ടിയാൽ ഷൊർണൂർ-മംഗലാപുരം പാത ഇരട്ടിപ്പിക്കൽ പൂർത്തിയാക്കാം. മറ്റു പരിപാടികൾക്കും വേണം ഇനിയും കുറെ പണം. കൊല്ലം-വിരുദുനഗർ പാതക്ക് കഴിഞ്ഞ വർഷം 25 കോടി അനുവദിച്ചിരുന്നത് മുഴുവൻ ചെലവിട്ടത് തമിഴ്നാട്ടിലാണ്. അത്യാവശ്യങ്ങൾ പോലും നിർവഹിച്ചു കിട്ടണമെങ്കിൽ ബീഹാറിൽ ജനിക്കണമെന്ന് റെയിൽ മന്ത്രാലയത്തിന് നിഷ്കർഷയുള്ളതുപോലെയാണ് ഇപ്പോൾ കാര്യങ്ങളുടെ പോക്ക്.

വികസന മേഖലയിലെ പിശുക്കും അസന്തുലനവും പോലെ ഗൗരവമുള്ളതാണ് സുരക്ഷാ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ കൊടുക്കുന്നില്ലാ എന്നത്. കഴിഞ്ഞ രണ്ടുമൂന്നു വർഷങ്ങളായി റെയിൽവേയുടെ കാര്യശേഷിക്കുറവുകൊണ്ടു മാത്രം ഉണ്ടായ അപകടങ്ങൾ ഏറെയാണ്. അപകടകാരികളായ പാലങ്ങൾ നന്നാക്കുക, പഴകി ദ്രവിച്ച കോച്ചുകളും മറ്റും ഉപേക്ഷിച്ച് പുതിയവ ഇറക്കുക തുടങ്ങി അനേകം നിർദേശങ്ങൾ റെയിൽ മന്ത്രാലയത്തിൻെറ ഫയലുകളിൽ കിടന്നുറങ്ങുന്നുണ്ട്. അടിയന്തരാവശ്യവുമായി തട്ടിച്ചാൽ ഈ രംഗത്ത് വകയിരുത്തിയിട്ടുള്ളത് നിസ്സാര തുകയാണ്. ഓപ്റ്റിക്കൽ ഫൈബർ ബന്ധം, സിഗ്നലിംഗ് പോലുള്ള സാങ്കേതിക സംവിധാനങ്ങൾ നാമമാത്രമായി വ്യാപിപ്പിക്കുന്നുണ്ട്. 715 പാലങ്ങൾ നവീകരിക്കും. അതേസമയം, മൊത്തം വരവിൻെറ മൂന്നിലൊന്ന് ചെലവഴിക്കുന്ന ഭരണച്ചെലവ് നിയന്ത്രിക്കാൻ യാതൊരു നീക്കവുമില്ല. എന്നല്ല, അത് അനാവശ്യമായി വർധിപ്പിക്കുന്ന പരിപാടികൾ ബജറ്റിന് പുറത്ത് തുടങ്ങിയിട്ടുണ്ടുതാനും. രാജ്യമെങ്ങും റെയിൽവേ മേഖലകൾ വിഭജിച്ചു തുടങ്ങിയിരിക്കുന്നു. ഹുബ്ലിയിൽ ദക്ഷിണ-പശ്ചിമ റെയിൽ മേഖല പ്രധാനമന്ത്രി ഈയിടെ ഉദ്ഘാടനം ചെയ്തു. വാർത്താവിനിമയ സൗകര്യം വേണ്ടത്ര ഇല്ലാതിരുന്ന 1984ൽ സമർപ്പിക്കപ്പെട്ട ഒരു ശിപാർശയിൽ പിടിച്ചാണ് ഏഴ് പുതിയ റെയിൽവേമേഖലകൾ തുടങ്ങാൻ 2002 ജൂലൈയിൽ കേന്ദ്ര സർക്കാർ തീരുമാനിച്ചത്. ബ്രോഡ്ബാൻഡ് ഓപ്റ്റിക്കൽ ഫൈബർ ശൃംഖല നിലവിൽ വരുന്നതോടെ ഇത്തരം വിഭജനം അപ്പടി അപ്രസക്തവും അനാവശ്യവുമാകാൻ പോവുകയാണ്. ഇമ്മാതിരി പുനർനിർണയത്തിലുമുണ്ട് കേരളത്തിന് അധികനഷ്ടം. ജോലാർപേട്ട് മുതൽ തിരുപ്പൂത്തൂർ വരെ പരിധിയുള്ള പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജിച്ച് സേലം ഡിവിഷൻ തുടങ്ങാൻ പോകുന്നു. കേരളം ആസ്ഥാനമായി പുതിയ മേഖല തുടങ്ങണമെന്ന മുറവിളി അവഗണിക്കപ്പെട്ടിരിക്കുന്നു. വിവിധ സംസ്ഥാനങ്ങളിൽ നിന്ന് ലഭിക്കുന്ന വരുമാനത്തിൻെറ തോതിൽ അവക്ക് വികസന ഫണ്ടും സൗകര്യങ്ങളും നൽകാൻ വ്യവസ്ഥ ഉണ്ടാകാത്തിടത്തോളം കാലം ഇത്തരം അസന്തുലിതത്വം തുടരാനാണ് സാധ്യത.

ജാനു പെൺവീരപ്പനോ?

ഇന്ത്യയിലെ ഏറ്റവും പുരോഗമനപരവും പരിഷ്കൃതവുമായ സമൂഹമായാണ് കേരളം പരിഗണിക്കപ്പെടുന്നത്. ഗുജറാത്തിൻെറയും ബീഹാറിൻെറയും പര്യായമായി കേരളം മാറില്ലെന്ന് ഉറപ്പിക്കാൻ മുഖ്യമന്ത്രി ആൻറണിക്കും പ്രതിപക്ഷത്തിനും സാധിക്കുമോ? മുത്തങ്ങ സന്ദർശിച്ച പ്രശസ്ത കോളമിസ്റ്റും 'ന്യൂ ഇൻറർനാഷനലിസ്റ്റ്' മാഗസിൻ മുൻ പത്രാധിപയുമായ **മാരി മാർസൽ തെക്കേകര** ചോദിക്കുന്നു.

ശനിയാഴ്ച രാവിലെ അവർ ജാനുവിനെ പിടിച്ചു. രാവിലെ 10.30ഓടെ ബത്തേരി പോലിസ്സ്റ്റേഷനു മുന്നിൽ ഒരുമിച്ചുകൂടിയ ഒരു പറ്റം ആളുകൾ അവരുടെ ചോരക്കുവേണ്ടി മുറവിളി കൂട്ടുകയായിരുന്നു. അവർക്ക് ജയിലിൽ വെച്ച് എന്തു സംഭവിക്കുമെന്നോർക്കുമ്പോൾ ഒരു പെണ്ണായ എൻെറ രക്തം ഉറഞ്ഞുപോവുകയാണ്. ജാനു ഇപ്പോഴേ അവശയാണെന്ന് പത്രക്കാർ പറയുന്നു. മുഖം നീരുവന്ന് വീർത്തിരിക്കുന്നു. ടി.വി ദൃശ്യങ്ങൾ ഇക്കാര്യം സ്ഥിരീകരിക്കുന്നുണ്ട്.

അതേസമയം, ഞാൻ കണ്ട പോലിസുകാരും ദൃക്സാക്ഷികളുമൊക്കെ പറയുന്നു, പോലിസുകാരെ ബന്ദികളായി പിടിച്ചപ്പോഴോ വിനോദിനെ വെട്ടിപ്പരിക്കേൽപിച്ചപ്പോഴോ ജാനു സ്ഥലത്തുണ്ടായിരുന്നില്ലെന്ന്. അതിക്രമങ്ങളിൽ അവർക്ക് പങ്കില്ലെന്നാണ് മനസ്സിലാകുന്നത്. ബന്ദികളെ മോചിപ്പിക്കാനായി കലക്ടർ ഗോപാലനും ഡിവൈ.എസ്.പി ഉണ്ണിയുമായി നടന്ന മാധ്യസ്ഥ്യശ്രമങ്ങളിലും അവരുടെ സാന്നിധ്യമുണ്ടായിരുന്നില്ല. പുരുഷന്മാരായ മറ്റുള്ളവരായിരുന്നു നിർദേശങ്ങളെല്ലാം നൽകിയിരുന്നത്. എന്നിട്ടും എന്തേ അവർ ഒരു പെൺവീരപ്പനെന്ന പോലെ പീഡിപ്പിക്കപ്പെട്ടു? വനഭൂമി പിടിച്ചടക്കാൻ ആദിവാസികളെ നയിച്ചതിന് അവരുടെ മേൽ കുറ്റം ചുമത്താം. എന്നാൽ വനംകൈയേറ്റം നിയമലംഘനമേ ആകുന്നുള്ളൂ; ഒരർഥത്തിലും തീവ്രവാദ, ഭീകരപ്രവർത്തനമാകുന്നില്ല.

1990ൽ *ഫ്രണ്ട്ലൈനി*നുവേണ്ടി ആദിവാസിസംഗമം കവർചെയ്യാൻ എത്തിയപ്പോഴാണ് ആദ്യമായി ജാനുവിനെ കണ്ടത്. ഒന്നുമറിയാത്ത ഒരു ആദിവാസിപ്പെണ്ണ്. പരിചയക്കുറവുണ്ടെങ്കിലും അന്നേ തീപ്പൊരി പ്രസംഗം നടത്താനും നേതൃപാടവം കാഴ്ചവെക്കാനും അവർക്കു കഴിഞ്ഞു. ആദിവാസിപ്പെണ്ണിൽനിന്ന് തീപ്പൊരിനേതാവിലേക്കുള്ള അവരുടെ മാറ്റം അവിശ്വസനീയമായിരുന്നു.

മനുഷ്യാവകാശത്തിനുവേണ്ടി പ്രവർത്തിക്കുന്ന ആരും അവരുടെ ധൈര്യത്തെയും സ്വന്തം ജനതക്കുവേണ്ടിയുള്ള പോരാട്ടത്തെയും അഭിനന്ദിക്കാതിരിക്കില്ല. വിഷമം പിടിച്ച ഒരു ദൗത്യമാണ് അവർ തനിച്ച് ഏറ്റെടുത്തത്. 'മണ്ണ് നമ്മുടെ ജന്മാവകാശമാണ്' എന്ന അവരുടെ മുദ്രാവാക്യമാണ് കേരളത്തിൻെറ മുക്കുമൂലകളിൽനിന്ന് ആദിവാസികളെ മുത്തങ്ങയിലെത്തിച്ചത്. വാഗ്ദത്തഭൂമിയും തേടിയെത്തുകയായിരുന്നു അവർ.

ആദിവാസികളെ ആട്ടിപ്പായിച്ച ഭൂമിയിൽ അവരുടെ അവശിഷ്ടങ്ങൾ കണ്ടപ്പോൾ വികാരാധീനയായിപ്പോയി. പൊട്ടിപ്പൊളിഞ്ഞ ചട്ടിയും പാത്രങ്ങളും, കീറിപ്പറിഞ്ഞ വസ്ത്രങ്ങൾ, ഭയന്നോടുമ്പോൾ ഏതോ പിഞ്ചുകുഞ്ഞിൻെറ കാലിൽനിന്ന് ഊരിത്തെറിച്ച ചെരിപ്പ്, താണതരം അരി, കപ്പയുടെയും ചീനിക്കിഴങ്ങിൻെറയും കഷണങ്ങൾ, ചൊറിക്കുള്ള ഒരു കുപ്പി മരുന്ന്-എല്ലാം അങ്ങിങ്ങായി ചിതറിക്കിടന്നു. ഈ ദരിദ്രനാരായണന്മാർക്ക് ഭൂമിയിൽ കൈയിരിപ്പായി എന്താണ് ഉള്ളതെന്ന് എല്ലാവർക്കും അറിയാം. അതൊക്കെയും നിർദയം പോലിസ് തട്ടിത്തെറിപ്പിച്ചു. കുഞ്ഞുങ്ങളെയും ഗർഭിണികളെയും പോലും വെറുതെ വിട്ടില്ല. ജാനു ഇപ്പോൾ കോഴിക്കോട് സബ്ജയിലിലാണ്. അവരെപ്പോലെ ഒടുവിൽ തങ്ങൾക്ക് ഭൂമി ലഭിക്കുമെന്ന് വിശ്വസിച്ച കുറ്റം മാത്രം ചെയ്ത വേറെയും ധാരാളം ആദിവാസികളും വിവിധ ജയിലുകളിലുണ്ട്.

കോൺസ്റ്റബിൾ വിനോദിനെ വെട്ടിയ ആളുടെ തലയന്വേഷിക്കുന്ന പോലിസിൻെറ ചേതോവികാരം മനസ്സിലാക്കാം. എന്നാൽ നിരപരാധികളായ സ്ത്രീകളെയും കുട്ടികളെയും വേട്ടയാടുന്ന പോലിസിൻെറ നടപടി പരിഷ്കൃതസമൂഹത്തിന് ചേർന്നതല്ല. മനുഷ്യാവകാശത്തിനുവേണ്ടി പൊരുതുന്നവരെ നക്സലൈറ്റ്, എൽ.ടി.ടി.ഇ, പി.ഡി.പി എന്നൊക്കെ മുദ്ര കുത്തുന്നത് ക്രൂരവും പഴഞ്ചനുമാണ്. അടിയന്തരമായി ജാനുവിന് ചില പരിഗണനകൾ ലഭിച്ചേ തീരൂ. സിവിൽ സമൂഹത്തിന് അവരുമായി ബന്ധപ്പെടാൻ കഴിയണം. വനിതാ ആക്ടിവിസ്റ്റുകൾ, ഡോക്ടർമാർ, വക്കീലന്മാർ, പത്രപ്രവർത്തകർ എന്നിവർക്ക് അവർ ഇനിയും പീഡിപ്പിക്കപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്താൻ കഴിയണം. അതുപോലെ വിവിധ ജയിലുകളിൽ കഴിയുന്ന ആദിവാസികൾക്ക് വൈദ്യനിയമസഹായങ്ങൾ ലഭ്യമാകണം. ഉള്ളതെല്ലാം പോലിസ് ചുട്ടുചാമ്പലാക്കിയ ആദിവാസികളെ സർക്കാർ അടിയന്തരമായി പുനരധിവസിപ്പിക്കണം. സത്യസന്ധമായ അന്വേഷണറിപ്പോർട്ട് ലഭിക്കാവുന്ന വിധത്തിൽ ജുഡീഷ്യൽ അന്വേഷണം ഏർപ്പെടുത്തണം. ഫെബ്രുവരി 20-ന് 'മാധ്യമം' ദിനപത്രം മരണപ്പെട്ട രണ്ട് ആദിവാസികളുടെ പടങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ പോലിസ് പറയുന്നു ഒരാളേ മരിച്ചുള്ളൂവെന്ന്. 22ന് ശനിയാഴ്ച റൈഫിളുകളുമായി ഓപറേഷനു പോകുന്ന പോലിസ്സംഘത്തെ ഞാൻ കണ്ടു.

യുദ്ധാവേശത്തോടെ മൂന്നു ഭാഗങ്ങളിൽനിന്നായി കാടു വളയുകയാണവർ. റിവോൾവർ കൈയിൽ പിടിച്ചു മുന്നോട്ടുനീങ്ങുന്ന പോലിസ് ഓഫീസർ അത് മഹസ്സർ തയാറാക്കാനുള്ള നീക്കമാണെന്നാണ് പറഞ്ഞത്. വൈൽഡ് ലൈഫ് വാർഡനോട് ഞാൻ ഒരു അഭിമുഖം ആവശ്യപ്പെട്ടു. ഓപറേഷൻ കഴിഞ്ഞാവാം എന്നായിരുന്നു മറുപടി. അങ്ങനെ രാത്രി 10 മണി വരെ കാത്തിരുന്നിട്ടും അദ്ദേഹം വന്നില്ല. ഓപറേഷൻ അപ്പോഴും കഴിഞ്ഞിട്ടില്ലെന്ന് ഉറപ്പ്. വെടിയൊച്ചകൾ ഇപ്പോഴും കേൾക്കുന്നതായി നാട്ടുകാർ പറയുന്നു. പോലിസ് എന്തൊക്കെയോ ഒളിച്ചുവെക്കുന്നുണ്ടെന്ന് ചുരുക്കം. സാമൂഹികപ്രബുദ്ധതയിൽ മുന്നിട്ടു നിൽക്കുന്ന കേരളത്തിൽ പത്രക്കാർ പോലും വസ്തുതാന്വേഷണത്തിൽനിന്ന് തടയപ്പെടുകയാണ്. 19ന് സ്ഥലത്തുള്ളവരെല്ലാം 15 മുതൽ 20വരെ പേർ കൊല്ലപ്പെട്ടതായി പറയുന്നു. അവരുടെ മൃതശരീരങ്ങൾ ചുട്ടെരിച്ചിട്ടുണ്ടാകാം. എത്ര പേരെയാണ് കാണാനില്ലാത്തതെന്ന് ഒരു ജുഡീഷ്യൽ അന്വേഷണത്തിലൂടെ മാത്രമേ കണ്ടെത്താനാവൂ.

ഇന്ത്യയിലെ ഏറ്റവും പുരോഗമനപരവും പരിഷ്കൃതവുമായ സമൂഹമായാണ് കേരളക്കാർ പരിഗണിക്കപ്പെടുന്നത്. ഗുജറാത്തിൻെറയും ബീഹാറിൻെറയും പര്യായമായി കേരളം മാറില്ലെന്ന് ഉറപ്പിക്കാൻ മുഖ്യമന്ത്രി ആൻറണിക്കും പ്രതിപക്ഷത്തിനും സാധിക്കുമോ? കാരണം വയനാട്ടിലെ ആദിവാസികൾക്ക് ദൈവത്തിൻെറ സ്വന്തം നാട്ടിലെ ജീവിതം നരകമായിരിക്കുന്നു.'

ധനമന്ത്രി നേരിടുന്ന വെല്ലുവിളികൾ

രവീന്ദ്രനാഥ് വളാഞ്ചേരി

രണ്ടുപ്രാവശ്യം ധനമന്ത്രിയായെങ്കിലും ആദ്യമായി ബജറ്റ് അവതരിപ്പിക്കുന്ന ജസ്വന്ത് സിംഗിന് ഒട്ടുവളരെ വെല്ലുവിളികളെയും പ്രതിസന്ധികളെയും നേരിടേണ്ടതുണ്ട്. ആദ്യ ഇന്നിംഗ്സിൽതന്നെ പിഴവുവരുത്താതെ പിടിച്ചുനിൽക്കാൻ അദ്ദേഹത്തിന് കഴിയുമോയെന്ന് രാഷ്ട്രീയ-സാമ്പത്തിക വൃത്തങ്ങൾ ഉറ്റുനോക്കുന്നു.

ഇറാഖിൽ ഉരുണ്ടുകൂടിയ യുദ്ധഭീഷണി, ഈ വർഷം നടക്കുന്ന ഒമ്പത് നിയമസഭാ തെരഞ്ഞെടുപ്പുകൾ, അടുത്തവർഷം നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പ്, കേൽക്കർ കമ്മിറ്റി റിപ്പോർട്ടിനോട് സർക്കാർ സ്വീകരിക്കേണ്ട സമീപനം, അനുനിമിഷം വലുതായിക്കൊണ്ടിരിക്കുന്ന ധനക്കമ്മി, പ്രതീക്ഷയിലും കുറഞ്ഞ നടപ്പുവർഷത്തെ സാമ്പത്തിക വളർച്ച നിരക്ക്, ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത പൊതുമേഖലാ സംരംഭങ്ങളുടെ വിറ്റഴിക്കൽ, കുറഞ്ഞുകൊണ്ടിരിക്കുന്ന സ്വകാര്യ മുതൽമുടക്ക് എന്നിവയാണ് ധനമന്ത്രിയുടെ ഉറക്കം കെടുത്തുന്നത്.

ഇറാഖിൽ ഉരുണ്ടുകൂടിയ യുദ്ധഭീഷണി, ഈ വർഷം നടക്കുന്ന ഒമ്പത് നിയമസഭാ തെരഞ്ഞെടുപ്പുകൾ, അടുത്തവർഷം നടക്കാനിരിക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പ്, കേൽക്കർ കമ്മിറ്റി റിപ്പോർട്ടിനോട് സർക്കാർ സ്വീകരിക്കേണ്ട സമീപനം, അനുനിമിഷം വലുതായിക്കൊണ്ടിരിക്കുന്ന ധനക്കമ്മി, പ്രതീക്ഷയിലും കുറഞ്ഞ നടപ്പുവർഷത്തെ സാമ്പത്തിക വളർച്ച നിരക്ക്, ലക്ഷ്യം കൈവരിക്കാൻ കഴിയാത്ത പൊതുമേഖലാ സംരംഭങ്ങളുടെ വിറ്റഴിക്കൽ, കുറഞ്ഞുകൊണ്ടിരിക്കുന്ന സ്വകാര്യ മുതൽമുടക്ക് എന്നിവയാണ് ധനമന്ത്രിയുടെ ഉറക്കം കെടുത്തുന്നത്.



എന്നാൽ, ഭക്ഷ്യധാന്യങ്ങളുടെ വമ്പിച്ച ശേഖരം, സർവകാല റെക്കോർഡിൽ എത്തിനിൽക്കുന്ന വിദേശ നാണയശേഖരം, കടിഞ്ഞാണിട്ട് പിടിച്ചുനിർത്താൻ കഴിഞ്ഞ നാണയപ്പെരുപ്പം എന്നിവ ധനമന്ത്രിക്ക് ആശ്വാസം നൽകുന്ന സാമ്പത്തിക ഘടകങ്ങളാണ്.

ഇറാഖിനെ അമേരിക്ക ആക്രമിക്കുകയാണെങ്കിൽ എത്രകാലം നീണ്ടുനിൽക്കുമെന്നതിനെ ആശ്രയിച്ചായിരിക്കും അത് സമ്പദ്ഘടനയിൽ സ്വാധീനം ചെലുത്തുക. അന്താരാഷ്ട്ര വിപണിയിൽ അസംസ്കൃത എണ്ണയുടെ വിലക്കയറ്റമായിരിക്കും സമ്പദ്ഘടന നേരിടുന്ന പ്രധാന വെല്ലുവിളി.

യുദ്ധം ഗൾഫ് മേഖലയിലേക്കുള്ള കയറ്റുമതിയെയും പ്രതികൂലമായി ബാധിക്കും. കൂടാതെ ഗൾഫ് മേഖലയിൽനിന്ന് ഇന്ത്യയിലേക്ക് വരുന്ന പണത്തിൻെറ ഒഴുക്ക് തടസ്സപ്പെടും. കമ്പോളവികാരങ്ങൾക്ക് അടിപ്പെട്ട് രൂപയുടെ മൂല്യം കുറയുന്നതിന് സാധ്യതയുണ്ട്. രൂപയുടെ അവമൂല്യനവും ആഭ്യന്തര നാണയപ്പെരുപ്പവും പലിശനിരക്കിൽ ചില മാറ്റങ്ങൾ വരുത്തുന്നതിന് പ്രേരകമായേക്കും. എന്നാൽ, ഗവൺമെൻറിൻെറ പക്കലുള്ള 75 ബില്യൻ ഡോളറിൻെറ വിദേശ നാണയ ശേഖരവും കറൻറ് അക്കൗണ്ടിലെ മിച്ചവും ഹ്രസ്വകാല പ്രതിസന്ധികളെ തരണം ചെയ്യാൻ സർക്കാറിനെ കുറേയൊക്കെ സഹായിച്ചേക്കും. കേന്ദ്ര ഗവൺമെൻറും റിസർവ് ബാങ്കും ഈ പ്രതീക്ഷയിലാണിപ്പോൾ.

ഈ വർഷം ഒമ്പത് നിയമസഭകളിലേക്കും അടുത്തവർഷം സെപ്റ്റംബർ, ഒക്ടോബർ മാസത്തിൽ ലോക്സഭയിലേക്കും തെരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. അതിനാൽ ധനമന്ത്രിക്ക് എല്ലാവിഭാഗം ജനങ്ങളെയും തൃപ്തിപ്പെടുത്താൻ ഉതകുന്ന നടപടികൾ കൈക്കൊള്ളേണ്ടിവരും.

ഇടത്തരക്കാരെയും ഗ്രാമീണരെയും ആഗോളവത്കരണത്തിൻെറ ഫലമായി കുറഞ്ഞ പലിശനിരക്കിൻെറയും താഴ്ന്ന നിക്ഷേപവരുമാനത്തിൻെറയും ദുരിതമനുഭവിക്കുന്ന അസംതൃപ്തരായ പ്രായക്കൂടുതലുള്ള പൗരന്മാരെയും തൃപ്തിപ്പെടുത്തുന്നതിന് ബജറ്റിൽ ശ്രമിച്ചേക്കും. പെൻഷൻപറ്റിയ ഉദ്യോഗസ്ഥർക്കും മറ്റു പ്രായക്കൂടുതലുള്ള പൗരന്മാർക്കുമായി ഇരട്ട സംവിധാനം ധനമന്ത്രി കൊണ്ടുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്രാമീണ ജനതയുടെ എല്ലാ പ്രശ്നങ്ങളും ഒറ്റയടിക്ക് പരിഹരിക്കാൻ കഴിയാത്തതിനാൽ ഗ്രാമവികസനത്തിനും ദാരിദ്ര്യനിർമാർജനത്തിനും കൂടുതൽ ഊന്നൽ നൽകിയേക്കും. ഉദ്യോഗസ്ഥരുടെ താൽപര്യങ്ങൾക്കും മന്ത്രിക്ക് ചെറിയ തോതിലെങ്കിലും ചെവികൊടുക്കേണ്ടിവരും. ദൽഹി സംസ്ഥാന തെരഞ്ഞെടുപ്പിലെ അനുഭവം ആവർത്തിക്കാതിരിക്കാൻ രാഷ്ട്രീയനേതൃത്വം മന്ത്രിയുടെമേൽ സമ്മർദം ചെലുത്തും.

കേൽക്കർ കമ്മിറ്റി റിപ്പോർട്ടിനെ എങ്ങനെ സമീപിക്കണമെന്നതും മന്ത്രിക്ക് തലവേദനയായിരിക്കും. ഡിവിഡൻറ് നികുതി എടുത്തുകളയണമെന്നതും ഓഹരി കൈമാറ്റം വഴിയുള്ള മൂലധനനേട്ടങ്ങൾ നികുതിയിൽനിന്ന് ഒഴിവാക്കണമെന്നതും പണക്കമ്പോളത്തെ അനുകൂലമായി ബാധിക്കുമെങ്കിലും നികുതിക്കൊട്ടയുടെ വ്യാപ്തി വലുതാക്കണമെന്നതും ചില സമ്പാദ്യങ്ങൾക്ക് അനുവദിച്ചിരിക്കുന്ന നികുതിക്കിഴിവുകൾ പിൻവലിക്കണമെന്നതും ഇടത്തരക്കാരുടെ പ്രത്യേകിച്ച് ഉദ്യോഗസ്ഥരുടെ വെറുപ്പിന് ഇടയാക്കിയിട്ടുണ്ട്. തെരഞ്ഞെടുപ്പുഫലം പ്രതികൂലമാകാതിരിക്കാൻ ഉദ്യോഗസ്ഥരെയും ഇടത്തരക്കാരെയും തൽക്കാലത്തേക്കെങ്കിലും കൂടുതൽ നികുതിഭാരങ്ങളിൽനിന്ന് ഒഴിവാക്കിയേക്കും.

ഗവൺമെൻറിൻെറ ചെലവ് വരുമാനത്തേക്കാൾ വളരെ കൂടുതലാണ്. അതിനാൽ, ധനക്കമ്മി ഉദ്ദേശിച്ച രീതിയിൽ നിയന്ത്രിക്കുന്നതിന് ഗവൺമെൻറിന് കഴിയുന്നില്ല. ലോകബാങ്ക് ധനക്കമ്മി മൊത്ത ആഭ്യന്തരോൽപാദനത്തിൻെറ (ജി.ഡി.പി) നാലുശതമാനത്തിൽ കൂടുതലാവരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും അതിപ്പോൾ അഞ്ചു ശതമാനത്തിലും കൂടുതലാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകളുടെ മൊത്തം ധനക്കമ്മി ജി.ഡി.പിയുടെ പത്തുശതമാനത്തോളം വരും. രാജാവ് ഉടുതുണിയില്ലാത്തവനാണെന്ന് എത്ര വേഗത്തിൽ മനസ്സിലാക്കുന്നുവോ അത്രയും നല്ലത്. അടുത്ത അഞ്ചുകൊല്ലത്തിനുള്ളിൽ കേന്ദ്രത്തിൻെറ ധനക്കമ്മി മൂന്നു ശതമാനമായി കുറക്കണമെങ്കിൽ ഗവൺമെൻറ് കൂടുതൽ വരുമാനമുണ്ടാക്കുന്നതിനും ചെലവ് ചുരുക്കുന്നതിനും ഊന്നൽ നൽകേണ്ടിവരും. നടപ്പുവർഷം പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റഴിക്കൽവഴി 12,000 കോടി രൂപ സമാഹരിക്കുന്നതിന് ലക്ഷ്യമിട്ടെങ്കിലും 3400 കോടി രൂപ സമാഹരിക്കുന്നതിനേ കഴിഞ്ഞിട്ടുള്ളൂ.

സർക്കാർ ചെലവുചുരുക്കൽ ഇപ്പോൾതന്നെ പൊതുചരക്കുകളുടെ ഉൽപാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സബ്സിഡികൾ വെട്ടിക്കുറക്കൽ, ഗവൺമെൻറിൻെറ വലുപ്പം കുറക്കൽ, രാജ്യരക്ഷാ ചെലവ് കുറക്കൽ എന്നിവ സാധ്യമാണെങ്കിലും രാഷ്ട്രീയമായി പ്രശ്നങ്ങൾ സൃഷ്ടിക്കും.

രാജ്യരക്ഷാ ചെലവ് 10 ശതമാനം വെട്ടിക്കുറക്കുമെന്നു കേൾക്കുന്നുണ്ടെങ്കിലും അത് നടക്കുമെന്നു തോന്നുന്നില്ല. കമ്മി നികത്താൻ കടമെടുത്തതിൻെറ ഫലമായി ഗവൺമെൻറിൻെറ കടം ജി.ഡി.പിയുടെ 70 ശതമാനത്തോളം വരും.

2002-03ൽ മൊത്ത ആഭ്യന്തരോൽപാദന വളർച്ച നിരക്ക് 4.4 ശതമാനമായിരിക്കുമെന്ന് സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷൻ കണക്കാക്കിയിരിക്കുന്നു. സമീപകാലങ്ങളിലെ ഏറ്റവും താഴ്ന്ന വളർച്ചനിരക്കാണിത്. രാജ്യത്തെ അതിരൂക്ഷമായ വരൾച്ച കാരണം കാർഷികോൽപാദനം കഴിഞ്ഞ വർഷത്തേക്കാൾ 3.5 ശതമാനം കുറഞ്ഞിരിക്കുകയാണ്. ഒരുകാലത്ത് ജി.ഡി.പിയുടെ മുഖ്യ സംഭാവനക്കാരനായ കാർഷിക മേഖല ഇന്ന് മൂന്നാംസ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടിരിക്കുന്നു. ജലസേചനത്തിനും വരൾച്ചാദുരിതാശ്വാസത്തിനും ചെലവഴിച്ച തുക ഫലവത്തായിട്ടില്ല. പശ്ചാത്തല മേഖലയിൽ വേണ്ടത്ര പൊതുവ്യയമില്ലാത്തത് സാമ്പത്തിക വളർച്ചയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ഇത് സ്ഥൂല സാമ്പത്തിക സുസ്ഥിരതയെ വിപരീതമായി ബാധിച്ചു. കൂടാതെ സമ്പാദ്യ നിക്ഷേപ വിടവ് കൂടി. ഇതിൻെറയെല്ലാം ഫലമായി സാമ്പത്തിക വളർച്ചാലക്ഷ്യം കൈവരിച്ചില്ല.

ഇന്ത്യൻ സമ്പദ്ഘടന നേരിടുന്ന മറ്റൊരു പ്രധാന പ്രശ്നം മുതൽമുടക്കിലെ കുറവാണ്. ആഭ്യന്തര സമ്പാദ്യനിരക്ക് ഉയർന്നെങ്കിലും മൊത്ത മൂലധന സമാഹരണം അല്ലെങ്കിൽ മുതൽമുടക്ക് താഴുകയാണുണ്ടായത്. സ്വകാര്യ കോർപറേറ്റ് മുതൽമുടക്ക് ഇന്ത്യയിൽ കുറഞ്ഞുകൊണ്ടിരിക്കയാണ്. മിതമായ തോതിലാണെങ്കിലും ഇന്ന് നാം കാണുന്ന വ്യാവസായിക വളർച്ച മുഖ്യമായും കഴിഞ്ഞ കാലങ്ങളിലെ പൊതുമേഖലാ നിക്ഷേപത്തിൻെറയും പദ്ധതി നിക്ഷേപ അടങ്കലിൻെറയും ഫലമായുണ്ടായതാണെന്ന് പ്രത്യേകം പറയേണ്ടിയിരിക്കുന്നു. ഉപഭോക്തൃ ചോദനം കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ആയിരക്കണക്കിന് ഇടത്തരം ചെറുകിട ഉപഭോക്തൃ വ്യവസായ യൂനിറ്റുകൾ അടച്ചുപൂട്ടിക്കൊണ്ടിരിക്കുകയാണ്. ഓരോ കൊല്ലവും ഏഴു ലക്ഷത്തോളം വിദ്യാസമ്പന്നരായ യുവതീയുവാക്കൾ തൊഴിലില്ലാപടയിൽ ലയിച്ചുകൊണ്ടിരിക്കുകയാണ്. വ്യാവസായിക വളർച്ചകൊണ്ടേ ഇത് പരിഹരിക്കാൻ കഴിയൂ. വേണ്ടത്ര ഭക്ഷ്യശേഖരവും വിദേശ നാണയശേഖരവും ഉണ്ടെന്നത് ഈ ബജറ്റ് അവതരണവേളയിലെ അനുകൂല ഘടകങ്ങളാണ്. അവ ശരിയാംവിധം ഉപയോഗപ്പെടുത്തുന്നതിന് ഭരണാധികാരികൾക്കോ കേന്ദ്ര ബാങ്കിനോ കഴിയുന്നില്ല.

ലോക വാണിജ്യ സംഘടനയുടെ നിർദേശങ്ങൾക്കനുസൃതമായി കസ്റ്റംസ് തീരുവയിൽ ചില മാറ്റങ്ങൾ വരുത്തുന്നതിന് സാധ്യതയുണ്ട്. മുതൽമുടക്കിനുള്ള കാലാവസ്ഥ മെച്ചപ്പെടുന്നില്ലെങ്കിൽ ഇറക്കുമതിത്തീരുവ കുറച്ചാൽപോലും മൂലധനച്ചരക്കുകളുടെ ഇറക്കുമതി ഉയർന്നേക്കില്ല. ഏതാനും കൊല്ലങ്ങൾക്കകം ഗവൺമെൻറ് കസ്റ്റംസ് തീരുവ ദക്ഷിണ പൂർവേഷ്യൻ തലത്തിലേക്ക് കുറക്കുമോയെന്നതിന് ഈ ബജറ്റ് സൂചന തന്നേക്കാം. കസ്റ്റംസ് തീരുവാ നിരക്ക് കുറക്കുന്നത് റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് വരുത്തിയേക്കും.

ഇന്ത്യയിൽ മൊത്ത ആഭ്യന്തരോൽപാദനത്തിൻെറ 15 ശതമാനം മാത്രമേ നികുതിവരുമാനം വരുന്നുള്ളൂ. പത്താം പദ്ധതിയുടെ വാർഷിക വളർച്ച നിരക്ക് എട്ടു ശതമാനമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഗവൺമെൻറിൻെറ റവന്യൂ ചെലവ് കുറക്കുകയും വിദേശ നിക്ഷേപം പ്രോൽസാഹിപ്പിക്കുകയും ചെയ്താൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാൻ കഴിയൂ.

ചട്ടം ലംഘിച്ച കെട്ടിടനിർമാണം

നിയമജാലകം

അഡ്വ. എം.സി. രത്നാകരൻ

നിർമാണചട്ടം ലംഘിച്ച് കെട്ടിടനിർമാണം നടത്തുന്നത് തടയാൻ കോടതിയെ സമീപിക്കാവുന്നതാണെന്ന് കേരള ഹൈക്കോടതി വിധിച്ചു.

ഒരു ഷോപ്പിംഗ് കോംപ്ലക്സ് നിയമവിരുദ്ധമായി പണിയുന്നതിനെതിരെ അന്യായക്കാരൻ കീഴ്കോടതിയിൽനിന്ന് സമ്പാദിച്ച താൽക്കാലിക ഇഞ്ചങ്ഷൻ ഉത്തരവിനെതിരെയാണ് റിവിഷൻ ഹരജിയുമായി കേസിലെ പ്രതി ഹൈക്കോടതിയെ സമീപിച്ചത്. കൈപ്പറമ്പ് പഞ്ചായത്തിലെ നിയമവിരുദ്ധമായ കെട്ടിടം പണിക്കെതിരെ കീഴ്കോടതിയിൽ കേസ് കൊടുത്തിരുന്നു. പ്രഥമദൃഷ്ട്യാ കേസ് നിലനിൽക്കുന്നതാണെന്ന് കണ്ടെത്തിയ കീഴ്കോടതി താൽക്കാലിക ഇഞ്ചങ്ഷനിലൂടെ നിർമാണം നിർത്തിവെക്കാൻ ഉത്തരവിട്ടു. പ്രസ്തുത ഉത്തരവിനെതിരെ ഹരജിക്കാരി ജില്ലാ കോടതിയെ സമീപിച്ചെങ്കിലും ജില്ലാ കോടതി കീഴ്കോടതി വിധിയോട് യോജിക്കുകയാണുണ്ടായത്. ഈ പശ്ചാത്തലത്തിലാണ് പ്രതി റിവിഷൻ ഹരജിയുമായി ഹൈക്കോടതിയെ സമീപിച്ചത്.

ഹരജിക്കാരിയുടെ കൈവശത്തിലും ഉടമസ്ഥതയിലുമുള്ള സ്ഥലത്ത് പണിയുന്ന കെട്ടിടം കേരള പഞ്ചായത്ത് നിയമത്തിലെ 220-ാം വകുപ്പ് ലംഘിച്ചുകൊണ്ടാണെന്നും 235A മുതൽ 235Z വരെയുള്ള വകുപ്പുകൾ അനുശാസിക്കുന്ന പ്ലാനും ലൈസൻസും ഇല്ലാതെയുമാണ് എന്നുമാരോപിച്ചുകൊണ്ടുമായിരുന്നു കീഴ്കോടതിയിൽ കേസ് ഫയൽ ചെയ്യപ്പെട്ടത്.

കേസിലെ അന്യായക്കാരന് വ്യക്തിപരമായ നഷ്ടങ്ങൾ ഒന്നുമില്ലാത്ത സ്ഥിതിക്കും അന്യായക്കാരൻ വ്യവഹാര കാരണമായ സ്ഥലത്തുനിന്ന് 2 കിലോമീറ്ററോളം ദൂരെയാണ് താമസിക്കുന്നത് എന്നതുകൊണ്ടും അദ്ദേഹത്തിന് വ്യവഹാരം നടത്താൻ അവകാശമില്ലെന്നായിരുന്നു കീഴ്കോടതിയിൽ പ്രതിയുടെ പ്രധാന വാദം. പഞ്ചായത്ത് നിയമത്തിൻെറ ലംഘനത്തിന് പഞ്ചായത്താണ് നടപടികൾ സ്വീകരിക്കേണ്ടത്. മറിച്ച് അന്യായക്കാരന് അതിൽ യാതൊരു കാര്യവുമില്ലെന്നതായിരുന്നു മറ്റൊരു വാദം. ഈ വാദമുഖങ്ങൾ തള്ളിക്കൊണ്ടായിരുന്നു കീഴ്കോടതി താൽക്കാലിക ഇഞ്ചങ്ഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

കേസിലെ അന്യായക്കാരന് കഷ്ടനഷ്ടങ്ങൾ ഒന്നുമില്ലാത്ത സ്ഥിതിക്ക് സിവിൽ നടപടിക്രമത്തിലെ 91-ാം വകുപ്പുപ്രകാരം മാത്രമേ കേസ് കൊടുക്കാൻ സാധിക്കുകയുള്ളൂ എന്ന് റിവിഷൻ ഹരജിക്കാരി ഹൈക്കോടതിയുടെ ശ്രദ്ധയിൽപെടുത്തി. 91-ാം വകുപ്പനുസരിച്ചല്ല കേസ് കൊടുത്തിരിക്കുന്നതെന്നതിനാൽ കേസ് നിലനിൽക്കത്തക്കതല്ല എന്നതായിരുന്നു മറ്റൊരു വാദം.

91-ാം വകുപ്പ് പൊതുജനങ്ങളെ മൊത്തത്തിൽ ബാധിക്കുന്ന പൊതുശല്യങ്ങൾക്കും മറ്റ് തെറ്റായ പ്രവൃത്തികൾക്കെതിരെയുള്ള നിയമനടപടികളെ സംബന്ധിക്കുന്നവയാണെന്നും ഈ കേസിൽ പഞ്ചായത്ത് നിയമം ലംഘിച്ചുകൊണ്ടുള്ള നിയമനിർമാണം തടയണമെന്ന് മാത്രമേ താൻ ആവശ്യപ്പെട്ടിട്ടുള്ളൂ എന്നും എതിർകക്ഷി ഹൈക്കോടതിയിൽ വ്യക്തമാക്കി.

കേസിൻെറ വിശദാംശങ്ങൾ പരിശോധിച്ച ഹൈക്കോടതി അന്യായത്തിൽ പൊതുശല്യത്തിന് എതിരായ ആരോപണങ്ങൾ ഒന്നും തന്നെ ഇല്ല എന്ന് കണ്ടെത്തി. പ്രതിയെ സ്ഥിരമായ നിരോധ ഇഞ്ചങ്ഷനിലൂടെ അന്യായമായതും നിയമവിരുദ്ധവുമായ കെട്ടിടനിർമാണത്തിൽനിന്നും തടയണമെന്നും നിയമവിരുദ്ധമായി പണിത കെട്ടിടഭാഗങ്ങൾ പൊളിച്ചുമാറ്റാൻ കൽപിക്കണമെന്നും മാത്രമേ അന്യായത്തിലെ അപേക്ഷയിലുള്ളൂ. കേസിലെ പ്രതി പഞ്ചായത്തിലെ ഓഫീസർമാരുടെ ഒത്താശയോടുകൂടിയാണ് നിർമാണവുമായി മുമ്പോട്ടുപോകുന്നതെന്നും അത് കാരണം പഞ്ചായത്ത് പ്രതിക്കെതിരെ നടപടിയൊന്നും കൈക്കൊള്ളുന്നില്ല എന്നും അന്യായത്തിൽ പ്രത്യേകമായി ആരോപിച്ചിരുന്നു.

കേസ് കൊടുക്കുന്ന വ്യക്തിക്ക് വ്യക്തിപരമായി കഷ്ടനഷ്ടങ്ങൾ നേരിട്ടില്ലെങ്കിൽ പോലും മുനിസിപ്പൽ നിയമം ഫലപ്രദമായി നടപ്പാക്കാൻ ഏതൊരു പൗരനും കേസ് കൊടുക്കാൻ അവകാശമുണ്ട് എന്ന് വിധിച്ച കേരള ഹൈക്കോടതിയുടെ ഒരു മുൻവിധി (1984KLT428) ഹൈക്കോടതി ചൂണ്ടിക്കാട്ടുകയും അത്തരം കേസുകൾ സിവിൽ നടപടിക്രമത്തിലെ 91-ാം വകുപ്പിൽ വരില്ലെന്നും അഭിപ്രായപ്പെട്ടു.

കെട്ടിടനിർമാണം നടത്തുന്നത് പഞ്ചായത്ത്രാജ് നിയമത്തിലെ 235 A മുതൽ 235 Z വരെയുള്ള വകുപ്പുകൾ അനുശാസിക്കുന്ന പ്ലാനും ലൈസൻസും ഇല്ലാതെയാണെന്നുള്ള ആരോപണവുമുണ്ട്. മേൽപറഞ്ഞ കാര്യങ്ങൾ പ്രഥമദൃഷ്ട്യാ കേസുണ്ട് എന്ന കീഴ്കോടതിയുടെ നിഗമനത്തെ സാധൂകരിക്കുന്നു എന്ന് പറഞ്ഞ് ഹൈക്കോടതി റിവിഷൻ ഹരജി തള്ളി.

SOURCE 2003 (1) KLT 245

മാറിയ ഇന്ത്യനവസ്ഥയിൽ ഖേദത്തോടെ വയലറ്റ് ഗ്രാഫ്

ടി.വി. മുഹമ്മദലി

കൊച്ചി: സാംസ്കാരിക മഹിമയും വികസനത്വരയും കൊണ്ട് ഉന്നതമായിരുന്ന അഴിമതിരഹിത ഇന്ത്യയുടെ മതിപ്പ് പിന്നപ്പിന്നെ കുറഞ്ഞുവരുന്നതായി ഫ്രഞ്ച് സാമൂഹിക ശാസ്ത്രജ്ഞ ഡോ. വയലറ്റ് ഗ്രാഫ്.

ഇന്ത്യയുടെ രാഷ്ട്രീയ സാംസ്കാരികകാര്യങ്ങളിൽ താൽപര്യമുള്ള ഈ എൺപതുകാരി ഇപ്പോൾ കേരള പര്യടനത്തിലാണ്. പലതവണ ഇന്ത്യ സന്ദർശിച്ച ഇവർക്ക് ഒരു ഇന്ത്യൻ പശ്ചാത്തലവുമുണ്ട്. 1950-കളുടെ ആദ്യത്തിൽ ഇന്ത്യൻ റെയിൽവേ വൈദ്യുതീകരണ ദൗത്യത്തിൽ കാര്യമായ പങ്കുവഹിച്ച എഞ്ചിനീയറായ ഇവരുടെ ഭർത്താവ് ഫിലിപ്പ് ഗ്രാഫുമൊത്ത് കൊൽക്കത്തയിൽ കുടുംബവുമായി വർഷങ്ങളോളം താമസിച്ചിട്ടുണ്ട്. അന്നത്തെ ഇന്ത്യയെപ്പറ്റി ഇവർക്ക് വളരെ മതിപ്പാണ്.

ഫ്രഞ്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പൊളിറ്റിക്കൽ സയൻസിൽ ഗവേഷകയായിരുന്ന ഇവർ അക്കാലത്ത് ഇന്ത്യൻ സാമൂഹിക ചുറ്റുപാടിനെക്കുറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്.

അറുപതുകൾക്കുശേഷം ഇവരുടെ കുടുംബം ഫ്രാൻസിലേക്ക് തിരിച്ചെങ്കിലും ഇന്ത്യയും ഇന്ത്യക്കാരും ഇവരുടെ മനസ്സിൽ എന്നും സജീവമായിരുന്നു. 1969-ൽ വീണ്ടും ഇന്ത്യ സന്ദർശിച്ച ഇവർ കൊൽക്കത്ത, ലക്നോ, ഹൈദരാബാദ്, അഹമ്മദാബാദ്, ചെന്നൈ എന്നിവിടങ്ങളിലും സഞ്ചരിച്ചു. 1970-ൽ കേരളവും സന്ദർശിച്ചു. അന്ന് തിരുവനന്തപുരത്തും കൊച്ചിയിലും ദിവസങ്ങളോളം ചെലവഴിച്ച ഇവർ മലയാളികളുടെ സാമൂഹിക-സാംസ്കാരിക വ്യതിരിക്തതയിൽ ആകൃഷ്ടയായി. ഇന്ത്യയിൽ കേരളമായാലും പശ്ചിമബംഗാളായാലും വ്യതിരിക്തമായ തനിമനിലനിർത്തുമ്പോൾ ലക്നൗ ഇവർക്ക് തികച്ചും വേറിട്ടൊരനുഭവമായിരുന്നു. സാമൂഹികമായും സാംസ്കാരികമായും അന്ന് ലക്നൗ ഉന്നത നിലവാരം പുലർത്തിയിരുന്നതായി ഇവർ പറയുന്നു. രാഷ്ട്രീയബോധം, പുരോഗമന ചിന്ത, മതസഹിഷ്ണുത എന്നിവയിൽ ലക്നൗ വാസികൾ വളരെ മുമ്പന്തിയിലായിരുന്നു. അക്കാലത്ത് ഫ്രഞ്ച് ഭാഷയിൽ ഇന്ത്യയെക്കുറിച്ച് വയലറ്റ് ഗ്രാഫ് ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. 1974-ൽ വീണ്ടും ഇന്ത്യയിലെ തെരഞ്ഞെടുപ്പുകളെപ്പറ്റി പഠിക്കാൻ ഇന്ത്യയിൽ വന്നു. പിന്നീട് 1990-കളുടെ തുടക്കത്തിൽ ഇന്ത്യയിൽ വന്നപ്പോൾ ഇന്ത്യയെക്കുറിച്ച എല്ലാ മതിപ്പും ഇവർക്ക് നഷ്ടമായി. ദേശീയതലത്തിലും സംസ്ഥാനങ്ങളിലും മാറിയ പുതിയ രാഷ്ട്രീയ ചുറ്റുപാടിൽ വളരെ ദുഃഖിതയാണ്. അതിപ്രിയ ഇന്ത്യ എന്ന നിലയിൽനിന്ന് അപ്രിയ രാജ്യം എന്ന തലത്തിലേക്ക് സ്ഥിതിമാറി. ആറുവർഷം മുമ്പ് പുതിയ ഇന്ത്യൻ അനുഭവംവെച്ച് ഇംഗ്ലീഷിലും ഫ്രഞ്ചിലും 'ലക്നൗ -ഡി മെറിറ്റ്സ് ഓഫ് മൈ വിസിറ്റിംഗ്' എന്ന പേരിൽ ഇവർ ഒരു പുസ്തകമെഴുതി. ഓക്സ്ഫോർഡ് യൂനിവേഴ്സിറ്റി പ്രസാണ് പ്രസാധകർ.

ഡോ. വയലറ്റ് ഗ്രാഫ്

കേരളത്തിലെ വ്യത്യസ്ത സമുദായങ്ങൾക്കിടയിലെ പുതിയ ചലനങ്ങൾ മനസ്സിലാക്കാനാണ് വയലറ്റ് ഗ്രാഫ് ഇപ്പോൾ കൊച്ചിയിലെത്തിയത്. യൂറോപ്പിൽനിന്ന് ഭിന്നമായി ആത്മീയതയോട് കൂടുതൽ ഒട്ടിനിൽക്കുന്ന ഇവിടുത്തെ സാമൂഹിക ചുറ്റുപാട് ഈ ഗവേഷകയുടെ ഇഷ്ട വിഷയമാണ്.

യൂറോപ്പ് മൊത്തത്തിലും ഫ്രാൻസിൽ പ്രത്യേകിച്ചും മതമൂല്യങ്ങൾ നിലനിർത്തുന്നവർ കുറവാണെന്ന് ഇവർ പറയുന്നു. അതും പ്രായംചെന്നവർക്കിടയിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ് അവിടുത്തെ മതം. ഭരണകൂടം മതകാര്യങ്ങളിൽ ഇടപെടുന്നില്ല. ചർച്ചും സ്റ്റേറ്റും രണ്ടും രണ്ട് തന്നെ. യൂറോപ്പിലെ ചെറുപ്പക്കാർക്ക് മതത്തോട് തീരെ പ്രതിപത്തിയില്ലെന്ന് ഇവർ പരിതപിക്കുന്നു. ഇറാഖിനെതിരായ അമേരിക്കൻ യുദ്ധഭീഷണിയെക്കുറിച്ച് തൻെറ രാജ്യത്തിൻെറ യുദ്ധവിരുദ്ധ നിലപാട് ഇവർ ന്യായീകരിക്കുന്നു. യുദ്ധത്തെ ഒരിക്കലും ഇവർ അനുകൂലിക്കുന്നില്ല. നാലു മക്കളുമായി ഫ്രാൻസിൽ വിശ്രമജീവിതം നയിക്കുന്ന ഇവരെ ഇന്ത്യയും ഇന്ത്യക്കാരും മനസ്സിൽ പാകിയ നല്ല ഓർമകൾ വീണ്ടും ഇന്ത്യയിലേക്ക് വരാൻ പ്രേരിപ്പിക്കുകയായിരുന്നു.

കേരള അറബിക് ടീച്ചേഴ്സ് ഫെഡറേഷൻ 45-ാം സംസ്ഥാന സമ്മേളനം കൊച്ചിയിൽ സിഡ്കോ ചെയർമാൻ കെ.പി.എ മജീദ് ഉദ്ഘാടനം ചെയ്യുന്നു

അറബി സർവകലാശാല സ്ഥാപിക്കണം -കെ.എ.ടി.എഫ്

സ്വന്തം ലേഖകൻ

കൊച്ചി: കേരളത്തിൽ അറബിക് യൂനിവേഴ്സിറ്റി സ്ഥാപിക്കണമെന്ന് കെ.എ.ടി.എഫ് സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. ലക്ഷക്കണക്കിന് വിദ്യാർഥികൾ പഠിക്കുന്ന ഭാഷയായ അറബിക്ക് കേരളത്തിൽ സംസ്കൃതത്തിന് നൽകുന്ന പ്രാധാന്യമെങ്കിലും നൽകണം. അന്താരാഷ്ട്രതലത്തിൽ ഏറെ ജോലിസാധ്യതയുള്ള ഭാഷകൂടിയാണ് അറബി. സംസ്ഥാന സർക്കാർ അറബിക് യൂനിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് സത്വര നടപടി കൈക്കൊള്ളണമെന്ന് പ്രമേയം ആവശ്യപ്പെട്ടു.

അറബി ഭാഷാധ്യാപകർക്ക് ഹെഡ്മാസ്റ്റർ ഉൾപ്പെടെ പ്രൊമോഷൻ തസ്തികകൾ ലഭിക്കുന്നതിന് കെ.ഇ.ആറിലെ തടസ്സങ്ങൾ ഒഴിവാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു.

കല്ലൂർ എം.ഇ.എസ് ഓഡിറ്റോറിയത്തിൽ സംസ്ഥാന പ്രസിഡൻറ് എം. അലിക്കുഞ്ഞ് പതാക ഉയർത്തിയതോടെയാണ് സമ്മേളനം ആരംഭിച്ചത്. പ്രതിനിധി സമ്മേളനത്തിന് ശേഷമായിരുന്നു ഉദ്ഘാടന സമ്മേളനം.

സംഘടിത ശക്തികൊണ്ടേ അവകാശങ്ങൾ നേടാനാകൂവെന്ന് ഉദ്ഘാടന പ്രസംഗത്തിൽ സിഡ്കോ ചെയർമാൻ കെ.പി.എ. മജീദ് അഭിപ്രായപ്പെട്ടു. അവകാശങ്ങൾ നേടാൻ സമരമാർഗങ്ങൾ സ്വീകരിക്കുന്നതിനൊപ്പം അധ്യാപകർ കടമകൾ മറക്കരുതെന്നും മജീദ് ആവശ്യപ്പെട്ടു.

അറബി ഭാഷാ അധ്യാപകർക്ക് ഹെഡ്മാസ്റ്റർ ഉൾപ്പെടെ പ്രൊമോഷൻ തസ്തികകൾ അനുവദിക്കുന്നതിന് ഇന്നുള്ള തടസ്സങ്ങൾ നീക്കണം. ഭാഷാ അധ്യാപകരെ ബുദ്ധിമുട്ടിക്കുന്ന നിബന്ധനകളിൽ മാറ്റംവരുത്തേണ്ടത് കാലഘട്ടത്തിൻെറ ആവശ്യമാണെന്ന് കെ.പി.എ. മജീദ് പറഞ്ഞു. പ്രസിഡൻറ് എം. അലിക്കുഞ്ഞ്, ജനറൽ സെക്രട്ടറി എൻ.കെ. അബൂബക്കർ, ടി.എ. അഹമ്മദ് കബീർ, കെ.എം. സിദ്ദീഖ്, ഹക്കീം വള്ളക്കടവ്, എം.കെ. അലി, ഹംസ പുല്ലങ്കോട്, എ.എം.എ. കരീം, എ. ബദറുദ്ദീൻ, അബ്ദുൽ ജലീൽ, കെ.എം. അലിയാർ, കെ.യു. അബൂബക്കർ, കെ. മൊയ്തീൻകുട്ടി, സി. അബ്ദുൽ അസീസ്, കെ. മൂസക്കുട്ടി, ടി. മുഹമ്മദലി, എം.കെ. അബൂബക്കർ എന്നിവർ പ്രസംഗിച്ചു.

തുടർന്ന് നടന്ന പഠനക്ലാസിൽ 'തസ്തിക നിർണയവും അധ്യാപക സംരക്ഷണവും' എന്ന വിഷയം പി.എ. നാരായണൻ അവതരിപ്പിച്ചു. 'പാഠ്യപദ്ധതി നവീകരണവും അറബി ഭാഷാ പഠനവും' എന്ന വിഷയത്തിൽ കുഞ്ഞിമുഹമ്മദ് പറപ്പൂർ ക്ലാസെടുത്തു.

ചരിത്ര സമ്മേളനം ചന്ദ്രിക മുൻ ചീഫ് എഡിറ്റർ പ്രൊഫ. ടി. മങ്കട അബ്ദുൽ അസീസ് ഉദ്ഘാടനം ചെയ്തു. കരുവള്ളി മുഹമ്മദ് മൗലവി അധ്യക്ഷത വഹിച്ചു. കുഞ്ഞിമുഹമ്മദ് പുലവത്ത് വിഷയം അവതരിപ്പിച്ചു. അബ്ദുല്ല ഹാജി അഹമ്മദ് സേട്ട്, എച്ച്.ഇ. മുഹമ്മദ് ബാബുസേട്ട്, എം. സലാഹുദ്ദീൻ മദനി, അഡ്വ. പി.എസ്. ശ്രീധരൻപിള്ള, എം.വി. അലിക്കുട്ടി എന്നിവർ പ്രസംഗിച്ചു.

അറബിക് സാഹിത്യ സമ്മേളനം തങ്ങൾകുഞ്ഞ് മദനി ഉദ്ഘാടനം ചെയ്തു. പി.കെ. അഹമ്മദലി മദനി അധ്യക്ഷത വഹിച്ചു. എൻ.എ. സലീം ഫാറൂഖി, എൻ.പി. അബ്ദുസലാം, എൻ. സയ്യിദ് ഫാറൂഖി, കൊളത്തൂർ ടി. മുഹമ്മദ് മൗലവി, എ.എ. കുഞ്ഞു, എ. ജമാൽ മുഹമ്മദ്, എം.എം. ബുഹാരി, സി.സി. കുഞ്ഞുമുഹമ്മദ്, പി.കെ. മുഹമ്മദ് മദനി, മൂസാംകുട്ടി ഫാറൂഖി, അബ്ദുല്ല കരുവാരക്കുണ്ട്, പി. അബ്ദുൽ കരീം മുസ്ലിയാർ എന്നിവർ പ്രസംഗിച്ചു.

സംഘടനാ സമ്മേളനം കരുവള്ളി മുഹമ്മദ് മൗലവി ഉദ്ഘാടനം ചെയ്തു. പ്രതിഭാ സംഗമം, കവിയരങ്ങ് എന്നിവയും നടന്നു.

രണ്ടു ദിവസം നീളുന്ന സമ്മേളനം ഇന്ന് അധ്യാപക പ്രകടനത്തോടെ സി.എച്ച്. നഗറിൽ സമാപിക്കും.

സിനിമാ ചർച്ച പൊളിഞ്ഞു; ഉപരോധം ശക്തമാക്കും

കൊച്ചി: വിതരണക്കാരും തിയേറ്ററുടമകളും തമ്മിലെ തർക്കത്തെ തുടർന്നുണ്ടായ സിനിമാപ്രതിസന്ധി പരിഹരിക്കാൻ ചലച്ചിത്രതാരങ്ങളുടെ സംഘടനയായ 'അമ്മ'യുടെയും സാങ്കേതി വിദഗ്ധരുടെ സംഘടനയായ 'മാക്ട'യുടെയും മധ്യസ്ഥതയിൽ നടന്ന ചർച്ചയും പരാജയപ്പെട്ടു. ഇതോടെ ഉപരോധസമരം കൂടുതൽ ശക്തമാക്കാൻ വിതരണക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഭാവി പരിപാടികളെക്കുറിച്ച് ആലോചിക്കാൻ വിതരണക്കാരും നിർമാതാക്കളും വെള്ളിയാഴ്ച വീണ്ടും സംയുക്ത യോഗം ചേരുന്നുണ്ട്. സിനിമാ നിർമാണം നിർത്തിവെക്കാൻ ഈ യോഗത്തിൽ തീരുമാനമുണ്ടാകാനിടയുണ്ട്.

തിയേറ്ററുകൾ സംസ്ഥാനത്തൊട്ടാകെ കലക്ഷൻെറ 60 ശതമാനം നൽകണമെന്നതാണ് വിതരണക്കാരുടെ പ്രധാന ആവശ്യം. എന്നാൽ ചില നഗരങ്ങളിൽ മാത്രം 55 ശതമാനം വരെ അനുവദിക്കാമെന്നാണ് തിയേറ്ററുടമകൾ പറയുന്നത്. ഏതു ഭാഷാ ചിത്രത്തിനും 10 ശതമാനം പരസ്യചാർജ് വഹിക്കണമെന്ന ആവശ്യവും മലയാള ചിത്രങ്ങൾക്ക് ഏറിവന്നാൽ നാലു ശതമാനം വരെ ചെലവ് വഹിക്കാം എന്ന് പറഞ്ഞ് തള്ളി. ഫിലിം റെപ്രസൻേററിവ് മാർക്കുള്ള ബത്ത 125 രൂപയാക്കണമെന്ന ആവശ്യത്തിൽ 100 രൂപയേ നൽകാനാവൂ എന്ന നിലപാടിലാണ് എക്സിബിറ്റേഴ്സ് ഫെഡറേഷൻ.

'അമ്മ'യെയും 'മാക്ട'യേയും പ്രതിനിധാനം ചെയ്ത് നടൻ മമ്മൂട്ടി, കെ.ജി. ജോർജ്, ജോഷി, സിബി മലയിൽ, എസ്.എൻ. സ്വാമി, തിയേറ്ററുടമകളെ പ്രതിനിധാനം ചെയ്ത് ഡോ. രാമദാസ് എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

പ്രതിപക്ഷം ബഹിഷ്കരിച്ചു
പാർലമെൻറിൽ സവർക്കറുടെ ചിത്രം രാഷ്ട്രപതി അനാച്ഛാദനം ചെയ്തു

സ്വന്തം ലേഖകൻ

ന്യൂദൽഹി: പ്രതിപക്ഷ പാർട്ടികളുടെ ശക്തമായ എതിർപ്പുകൾ അവഗണിച്ച് ഹിന്ദുമഹാസഭാ നേതാവും ഗാന്ധി വധക്കേസിലെ ഏഴാം പ്രതിയുമായ വി.ഡി. സവർക്കറുടെ ഛായാചിത്രം പാർലമെൻറിൻെറ സെൻട്രൽ ഹാളിൽ രാഷ്ട്രപതി എ.പി.ജെ അബ്ദുൽ കലാം അനാച്ഛാദനം ചെയ്തു.

ഭരണകക്ഷി അംഗങ്ങളുടെ 'വീർ സവർക്കർ അമർ രഹെ' മുദ്രാവാക്യം വിളികളാൽ മുഖരിതമായ ചടങ്ങിൽ നിന്ന് പ്രതിപക്ഷം പൂർണമായി വിട്ടുനിന്നു. ഉപരാഷ്ട്രപതി ഭൈറോൺ സിംഗ് ശെഖാവത്ത്, പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയി, ഉപപ്രധാനമന്ത്രി എൽ.കെ. അദ്വാനി, ലോക്സഭാ സ്പീക്കർ മനോഹർ ജോഷി, രാജ്യസഭാ ഉപാധ്യക്ഷ നജ്മ ഹിബത്തുല്ല എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

അനാച്ഛാദന പ്രശ്നം ലോക്സഭയിലും ഭരണ പ്രതിപക്ഷ കക്ഷികൾ തമ്മിൽ ചൂടേറിയ വാഗ്വാദത്തിനും മുദ്രാവാക്യം വിളികൾക്കുംമിടയാക്കി.

'സോറി ഗാന്ധി, അങ്ങയുടെ ഘാതകർ ഇപ്പോഴും ജീവിച്ചിരിക്കുന്നതിൽ ഞങ്ങൾക്ക് ലജ്ജയുണ്ട്' തുടങ്ങിയ മുദ്രാവാക്യങ്ങളുമായി പ്രതിപക്ഷം സഭാനടപടികൾ തടസ്സപ്പെടുത്തി. ശിവസേന അംഗങ്ങളായ മോഹൻ റാവലേ, ചന്ദ്രകാന്ത് ഖൈരേ എന്നിവരുമായി പ്രതിപക്ഷാംഗങ്ങൾ ചൂടേറിയ വാഗ്വാദത്തിലേർപ്പെട്ടു. സവർക്കർക്ക് അനുകൂലമായും പ്രതികൂലമായുമുള്ള മുദ്രാവാക്യം വിളികളാൽ സഭ പ്രക്ഷുബ്ധമായി. സ്വാതന്ത്ര്യ സമര പോരാളിയായ വീർ സവർക്കറുടെ ഫോട്ടോ അനാച്ഛാദന ചടങ്ങ് ബഹിഷ്കരിച്ച കോൺഗ്രസ് നടപടി ദൗർഭാഗ്യകരമാണെന്ന് ബി.ജെ.പി പാർലമെൻററി പാർട്ടി വക്താവ് വിജയ്കുമാർ മൽഹോത്ര ആരോപിച്ചു.

സവർക്കർ ദേശീയ നേതാവാണെന്നും ഇന്ത്യൻ നേതാക്കളെ കുറിച്ച് അഭിപ്രായ പ്രകടനം നടത്തുമ്പോൾ സോണിയാ ഗാന്ധി രണ്ടു തവണ ശ്രദ്ധിക്കേണ്ടതുണ്ടെന്നും മൽഹോത്ര പറഞ്ഞു.

ഗോധ്രാ ദുരന്തവാർഷികം ഇന്ന്; കനത്ത സുരക്ഷ

വഡോദര: ഗോധ്ര ദുരന്തത്തിൻെറ വാർഷിക ദിനമായ ഇന്ന് പഞ്ചമഹാൽ ജില്ലയിൽ ശിവസേന ബന്ദ് പ്രഖ്യാപിച്ചതിനെ തുടർന്ന് സുരക്ഷാ സംവിധാനങ്ങൾ കർശനമാക്കി. മൂന്നു കമ്പനി അർധ സൈനിക വിഭാഗത്തെയും ഒരു കമ്പനി 'ഹോം ഗാർഡി'നെയും പട്ടണത്തിൽ വിന്യസിച്ചു. കഴിഞ്ഞവർഷം ഫെബ്രുവരി 27നാണ് ഗോധ്ര സ്റ്റേഷനിൽ തീവണ്ടി ബോഗിയിൽ 59 പേർ വെന്തുമരിച്ചത്. ഇന്ന് ഗോധ്ര റെയിൽവേ സ്റ്റേഷനിൽ അനുശോചന ചടങ്ങ് നടത്തുമെന്ന് ശിവസേന പ്രഖ്യാപിച്ചിട്ടുണ്ട്. ഇന്ന് ബലിദാന ദിവസമായി ആചരിക്കുമെന്ന് വി.എച്ച്.പിയും വ്യക്തമാക്കിയിട്ടുണ്ട്.

ജോലി വാഗ്ദാനംചെയ്ത് കബളിപ്പിച്ചയാൾ പിടിയിൽ

തിരുവല്ല: സിനിമയിൽ അഭിനയിപ്പിക്കാമെന്നും ജോലിനൽകാമെന്നും മറ്റും പറഞ്ഞ് നിരവധി യുവാക്കളിൽ നിന്ന് പണം വാങ്ങി കബളിപ്പിച്ച കൊല്ലം സ്വദേശിയെ തിരുവല്ല പോലിസ് കസ്റ്റഡിയിലെടുത്തു. വഞ്ചിക്കപ്പെട്ടവർ നെടുമുടിയിൽ സീരിയൽ ഷൂട്ടിംഗ് നടന്ന സ്ഥലത്തു നിന്ന് ഇയാളെ പിടികൂടി തിരുവല്ലയിൽ എത്തിച്ച് പോലിസിന് കൈമാറുകയായിരുന്നു. പല പേരുകളിലും അറിയപ്പെട്ടിരുന്ന ഇയാളെക്കുറിച്ച് എന്തെങ്കിലും പറയാൻ പോലിസ് വിസമ്മതിച്ചു.

ശാന്തപുരം ഇസ്ലാമിക സർവകലാശാല ഖറദാവി ഉദ്ഘാടനം ചെയ്യും

സ്വന്തം ലേഖകൻ

മലപ്പുറം: മതഭൗതിക വിദ്യാഭ്യാസ രംഗത്ത് നൂതന പാത വെട്ടിത്തെളിയിച്ച് അരനൂറ്റാണ്ട് പിന്നിട്ട ശാന്തപുരം ഇസ്ലാമിയ കോളേജ് സർവകലാശാലയായി (അൽജാമിഅഃ അൽ ഇസ്ലാമിയ്യ) ഉയരുന്നു. സർവകലാശാലയുടെ പ്രഖ്യാപനം ശനിയാഴ്ച വൈകുന്നേരം 5.30-ന് ലോകപ്രശസ്ത ഇസ്ലാമിക പണ്ഡിതൻ ഡോ. യൂസുഫുൽ ഖറദാവി നിർവഹിക്കും.

ഇസ്ലാമിക വിജ്ഞാനത്തിൻെറ വിവിധ ശാഖകളിൽ പ്രാവീണ്യം നേടാനുള്ള സൗകര്യങ്ങളോടെ ഒട്ടേറെ ഫാക്കൽറ്റികളുള്ള വിദ്യാ കേന്ദ്രമാണ് അൽ ജാമിഅ അൽ ഇസ്ലാമിയ്യ ലക്ഷ്യമിടുന്നതെന്ന് ഭാരവാഹികൾ പത്രസമ്മേളനത്തിൽ പറഞ്ഞു.

വിദ്യാഭ്യാസത്തിൻെറ മതപരവും ലൗകികവുമായ വശങ്ങളെ സമന്വയിപ്പിച്ച് പാഠ്യരംഗത്ത് ശാന്തപുരം ഇസ്ലാമിയ കോളേജ് നടത്തിയ മുന്നേറ്റം ശ്രദ്ധേയമാണ്. 37 ബാച്ചുകളിലായി ഇതിനകം ആയിരക്കണക്കിന് പണ്ഡിതർ ഇവിടെ നിന്ന് പുറത്തിറങ്ങിയിട്ടുണ്ടെന്ന് പ്രിൻസിപ്പാൾ വി.കെ. അലി പറഞ്ഞു.

സർവകലാശാലയുടെ ഭാഗമായ ഉസ്വൂലുദ്ദീൻ കോളേജ്, ദഅ്വാ കോളേജ്, ഇമാം ഖതീബ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ ഇതിനകം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ഇസ്ലാമിക് റിസർച്ച് സെൻറർ, ഇൻഫർമേഷൻ ടെക്നോളജി സെൻറർ, ഇസ്ലാമിക് റഫറൻസ് ലൈബ്രറി എന്നീ സ്ഥാപനങ്ങൾ സർവകലാശാലാ പ്രഖ്യാപനത്തോടൊപ്പം ഉദ്ഘാടനം ചെയ്യും.

സർവകലാശാലയുടെ ഉസ്വൂലുദ്ദീൻ കോഴ്സിന് ന്യൂദൽഹി ഹംദർദ് യൂനിവേഴ്സിറ്റിയുടെ അംഗീകാരം ലഭിച്ചു. മദീന ഇസ്ലാമിക് യൂനിവേഴ്സിറ്റി, ഖത്തർ യൂനിവേഴ്സിറ്റി എന്നിവയുടെ അംഗീകാരവും ലഭിച്ചിട്ടുണ്ട്.

ഡോ. ഖറദാവിയുടെ നേതൃത്വത്തിൽ ലോകപ്രശസ്ത ഇസ്ലാമിക പണ്ഡിതന്മാർ ഉൾക്കൊള്ളുന്ന ഉപദേശക സമിതിയാണ് അക്കാദമിക കാര്യങ്ങൾക്ക് മേൽനോട്ടം വഹിക്കുക. അലീഗഢിലെ ഡോ. അബ്ദുൽഹഖ് അൻസാരിയാണ് സർവകലാശാലാ മേധാവി.

സർവകലാശാലാ പ്രഖ്യാപനത്തോടനുബന്ധിച്ച് ശാന്തപുരത്ത് ഫെബ്രുവരി 28, മാർച്ച് 1 തീയതികളിൽ നടക്കുന്ന സമ്മേളനങ്ങളിൽ പ്രഗത്ഭ ഇസ്ലാമിക പണ്ഡിതരും വിദ്യാഭ്യാസ വിചക്ഷണരും സാംസ്കാരിക നായകരും പങ്കെടുക്കും.

നാളെ ഉച്ചക്കുശേഷം മഹല്ല് സമ്മേളനത്തോടെയാണ് പരിപാടികളുടെ തുടക്കം. വൈകുന്നേരം 7 മണിക്ക് പൂർവവിദ്യാർഥി സമ്മേളനം നടക്കും. ശനിയാഴ്ച രാവിലെ വിദ്യാഭ്യാസമന്ത്രി നാലകത്ത് സൂപ്പി സോവനീർ പ്രകാശനം നിർവഹിക്കും. തുടർന്ന് സാംസ്കാരിക സമ്മേളനം മാധ്യമം എഡിറ്റർ-ഇൻ-ചാർജ് ഒ. അബ്ദുറഹിമാൻെറ അധ്യക്ഷതയിൽ ഝാർഖണ്ഡ് റാഞ്ചി യൂനിവേഴ്സിറ്റിയിലെ ഡോ. ഹസൻ രിദാ ഉദ്ഘാടനം ചെയ്യും. എം.എൻ. വിജയൻ, കെ.എൻ. പണിക്കർ, എം.പി. വീരേന്ദ്രകുമാർ, ശൈഖ് മുഹമ്മദ് കാരകുന്ന് എന്നിവർ സംസാരിക്കും. 2.30-ന് ജമാഅത്തെ ഇസ്ലാമി കേരള അമീർ പ്രൊഫ. കെ.എ. സിദ്ദീഖ് ഹസൻെറ അധ്യക്ഷതയിൽ പ്രാസ്ഥാനിക സമ്മേളനം ഖത്തർ യൂനിവേഴ്സിറ്റിയിലെ ഡോ. അലി അൽ ഖുറദാഗി ഉദ്ഘാടനം ചെയ്യും.

വൈകുന്നേരം 5 മണിക്ക് ഡോ. അബ്ദുൽ ഹഖ് അൻസാരിയുടെ അധ്യക്ഷതയിൽ നടക്കുന്ന പൊതുസമ്മേളനത്തിൽ ഡോ. യൂസുഫുൽ ഖറദാവി സർവകലാശാലാ പ്രഖ്യാപനം നടത്തും. ഡോ. അലി അൽ മുഹമ്മദി (ഖത്തർ യൂനിവേഴ്സിറ്റി), ശൈഖ് നാദിർ നൂരി (കുവൈത്ത്), മുഹമ്മദ് ജാസിം കൽബാൻ (യു.എ.ഇ), ഡോ. മുഹമ്മദ് റഫ്അത്ത് (ജാമിഅഃ മില്ലിയ്യ, ദൽഹി), അബ്ദുല്ല മുറാദ് (കുവൈത്ത് അമ്പാസിഡർ), പ്രൊഫ. കെ.എ. സിദ്ദീഖ് ഹസൻ, എം.ഐ. അബ്ദുൽ അസീസ്, വി.ടി. അബ്ദുല്ലക്കോയ തങ്ങൾ എന്നിവർ പങ്കെടുക്കും.

കേരളത്തിലെ വിവിധ ഭാഗങ്ങളിൽനിന്ന് അരലക്ഷം പേർ സമ്മേളനത്തിൽ സംബന്ധിക്കും. സ്ഥാപനത്തോട് ചേർന്ന് വിശാലമായ വയലിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ നഗരിയുടെ നിർമാണം പൂർത്തിയായിട്ടുണ്ട്. സ്വാഗതസംഘം വൈസ് ചെയർമാൻ എം.ഐ അബ്ദുൽ അസീസ്, സമ്മേളന ജനറൽ കൺവീനർ സലാം വാണിയമ്പലം എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

മജ്ലിസ് സ്ഥാപനങ്ങൾക്ക് മാർച്ച് ഒന്നിന് അവധി

കോഴിക്കോട്: ശാന്തപുരം അൽജാമിഅഃ അൽ ഇസ്ലാമിയ ഉദ്ഘാടന സമ്മേളനം പരിഗണിച്ച് മജ്ലിസിൽ അഫിലിയേറ്റ് ചെയ്ത എല്ലാ വിദ്യാലയങ്ങൾക്കും മാർച്ച് ഒന്നിന് അവധിയായിരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

ട്രെയിനിന് സ്റ്റോപ്പ്

ശാന്തപുരം: ശാന്തപുരം അൽ ജാമിഅഃ അൽ ഇസ്ലാമിയ പ്രഖ്യാപനത്തോടനുബന്ധിച്ച് ഷൊർണൂർ-നിലമ്പൂർ പാസഞ്ചർ ട്രെയിനിന് നാലുദിവസത്തേക്ക് പട്ടിക്കാട് സ്റ്റേഷനിൽ താൽക്കാലിക സ്റ്റോപ്പ് അനുവദിച്ചു. രാവിലെ 10.50 ന് ഷൊർണൂർനിന്ന് പുറപ്പെട്ട് 12.20 ന് നിലമ്പൂർ എത്തുന്ന 645-ാം നമ്പർ പാസഞ്ചറിനും ഉച്ചക്ക് 12.40ന് നിലമ്പൂർനിന്ന് പുറപ്പെട്ട് 2.10 ന് ഷൊർണൂർ എത്തുന്ന 646-ാം നമ്പർ പാസഞ്ചറിനുമാണ് ഈമാസം 27,28 മാർച്ച് ഒന്ന്, രണ്ട് തിയതികളിൽ താൽക്കാലിക സ്റ്റോപ്പ് അനുവദിച്ചത്. ഈ റൂട്ടിൽ രാവിലെയും വൈകിട്ടും സർവീസ് നടത്തുന്ന പാസഞ്ചർ ട്രെയിനുകൾക്ക് നിലവിലുള്ള സ്റ്റോപ്പ് തുടരുകയും ചെയ്യും.

ഇറാഖും മുത്തങ്ങയും ഒരേ നീതിബോധത്തിൻെറ പ്രകാശനങ്ങൾ -എസ്.ഐ.ഒ

കോഴിക്കോട്: അമേരിക്കൻ നേതൃത്വത്തിലുള്ള ആഗോള തെമ്മാടിരാഷ്ട്രങ്ങൾ യു.എൻ. എന്ന ജനാധിപത്യ സ്ഥാപനത്തെ ഉപയോഗിച്ച് ഇറാഖിന് നേരെ നടത്തുന്ന ഭീകരതയും ജനാധിപത്യ സംവിധാനങ്ങൾ ഉപയോഗിച്ച് കേരള സർക്കാർ ആദിവാസികൾക്ക് നേരെ കെട്ടഴിച്ചുവിടുന്ന ഭീകരതയും ഒരേ നീതിവ്യവസ്ഥയുടേയും നാഗരിക ബോധത്തിൻെറയും വ്യത്യസ്തമായ പ്രകാശനങ്ങളാണെന്ന് എസ്.ഐ.ഒ സംസ്ഥാന സെക്രട്ടേറിയറ്റ് അഭിപ്രായപ്പെട്ടു. ജനാധിപത്യം അതിൻെറ ചരിത്രത്തിലുടനീളം ഈ ആധിപത്യ നീതിബോധത്തെയാണ് ഉയർത്തിപ്പിടിച്ചത്. ആഗോളതലത്തിൽ അമേരിക്കയും, കേരളത്തിൽ മുഖ്യധാരാ രാഷ്ട്രീയക്കാരും നടത്തുന്ന ഈ 'നിയമവിധേയ ഭീകരവാദ'ത്തിനെതിരെ ദൈവിക നീതിബോധത്തിലധിഷ്ഠിതമായ സമരനിര കെട്ടിപ്പൊക്കാൻ സെക്രട്ടേറിയറ്റ് ആഹ്വാനം ചെയ്തു.

ഇറാഖിന് നേരെയും ആദിവാസികൾക്ക് നേരെയും പരിഷ്കൃത സമൂഹം എന്നഭിമാനിക്കുന്നവർ ചേർന്ന് നടത്തുന്ന കൂട്ടുഭീകരതക്കെതിരെ പ്രതിഷേധ പരിപാടികൾ സംഘടിപ്പിക്കാനും കാമ്പസുകളിലും പ്രാദേശിക കേന്ദ്രങ്ങളിലും പ്രകടനങ്ങൾ നടത്താനും സെക്രട്ടേറിയറ്റ് പ്രവർത്തകരെ ആഹ്വാനം ചെയ്തു. പ്രസിഡൻറ് കെ. മുഹമ്മദ് നജീബ് അധ്യക്ഷത വഹിച്ചു.

മുത്തങ്ങ സംഭവം ഭീകരം -അരുന്ധതി

പേജ് 1 കോളം 1 തുടർച്ച

തിൽ ന്യായമുണ്ട്. 1975 മുതൽ ആദിവാസികളെ സർക്കാറുകൾ വഞ്ചിക്കുകയാണ്. ചരിത്രപരമായ പോരാട്ടം തന്നെയാണ് ജാനു നടത്തുന്നത്. ഈ സാഹചര്യത്തിൽ ഗോത്രസഭയുടെ സമരങ്ങളെ നിരുൽസാഹപ്പെടുത്തുകയല്ല പ്രോൽസാഹിപ്പിക്കുകയാണ് വേണ്ടത്.

ജാനുവിനെയും ഗീതാനന്ദനെയും പോലിസ് ക്രൂരമായി പീഡിപ്പിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയെ കാണാൻ പരിപാടിയില്ല. അത്തരം രാഷ്ട്രീയ നാടകങ്ങൾ ഫലം ചെയ്യില്ല. സംഭവം ഒരുപാട് വിപുലമാക്കുകയാണ് വേണ്ടത്. സമരത്തിൻെറ വ്യാപ്തി കൂട്ടണം. മുത്തങ്ങ സംഭവത്തിൻെറ പേരിലുള്ള പോലിസ് ഭീകരത അവസാനിപ്പിക്കുകയും വേണം.

മുഖ്യമന്ത്രി എ.കെ. ആൻറണിയുടെ രാജി ആവശ്യപ്പെടുമോ എന്ന ചോദ്യത്തിന് പ്രശ്നം വെറും രാഷ്ട്രീയക്കളിയായി കാണുന്നില്ലെന്നായിരുന്നു മറുപടി. സഹോദരൻ ലളിത് റോയി, എം.ജി യൂനിവേഴ്സിറ്റി ഇൻറർനാഷനൽ സ്റ്റഡീസ് തലവൻ ഡോ. എ.കെ. രാമകൃഷ്ണൻ, വി. പ്രഭാകരൻ (ബഹുജൻ സാഹിത്യ അക്കാദമി), എലിസബത്ത് (സഹജ സ്ത്രീ ഗ്രൂപ്പ്), ശരത് ചന്ദ്രൻ (ഡോക്യുമെൻററി സംവിധായകൻ), എൻ. സുബ്രഹ്മണ്യൻ (സമര ഐക്യദാർഢ്യ സമിതി കൺവീനർ) എന്നിവരും അരുന്ധതിയോടൊപ്പം ഉണ്ടായിരുന്നു.

70 ശതമാനം പോളിംഗ്; എട്ടു പേർ കൊല്ലപ്പെട്ടു

പേജ് 1 കോളം 8 തുടർച്ച

ഗ് ജില്ലയിൽ രണ്ട് രാഷ്ട്രീയ പാർട്ടികൾ തമ്മിലുണ്ടായ സംഘട്ടനത്തിൽ രണ്ടാൾ കൊല്ലപ്പെട്ടു.

75-80 ശതമാനമത്തിനിടയിൽ വോട്ടെടുപ്പ് നടന്ന ത്രിപുരയാണ് ഏറ്റവും മുന്നിൽ. നാഗാലാൻറിൽ 60-70 ശതമാനമാണ് പോളിംഗ്. 60 അംഗ സഭയിലേക്ക് ബി.ജെ.പി ഉൾപ്പെടുന്ന നാഗാലാൻറ് പീപ്പിൾസ് ഫ്രണ്ടും കോൺഗ്രസും തമ്മിലാണ് പ്രധാനമൽസരം.

55 ശതമാനം പോളിംഗ് രേഖപ്പെടുത്തിയ മേഘാലയയിൽ വോട്ടെടുപ്പ് സമാധാനപരമായിരുന്നു. കോൺഗ്രസും എൻ.സി.പിയും തമ്മിലാണ് ഇവിടെ പ്രധാന മൽസരം. ഹിമാചൽപ്രദേശിലെ 65 സീറ്റുകളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ 65 ശതമാനമാണ് പോളിംഗ്. ജമ്മുകാശ്മീരിലെ പാഠപോർ മണ്ഡലത്തിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ 40 ശതമാനവും കർണാടകയിലെ ഹംനാബാദിൽ 68-ഉം ആസാമിലെ രതാബാരിയിലും മഹാരാഷ്ട്രയിലെ ഭോകർധാനിലും 60 ശതമാനവും യു.പിയിലെ ഹൈദർഗഡ്, ഗൗരിഗഞ്ച് മണ്ഡലങ്ങളിൽ 58-ഉം തമിഴ്നാട്ടിലെ സാത്താൻകുളത്ത് 55 ശതമാനവും പോളിംഗ് രേഖപ്പെടുത്തി.

കേരളത്തിൻെറ വിഹിതം വെട്ടിക്കുറച്ചു

പേജ് 1 കോളം 8 തുടർച്ച

ടുത്തൊന്നും പൂർത്തിയാകാൻ സാധ്യതയില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്.

എറണാകുളത്തുനിന്ന് കോട്ടയം വഴിയും തീരദേശ പാത വഴിയും കായംകുളത്തേക്കുള്ള ഇരട്ടിപ്പിക്കൽ ആവശ്യത്തിന് അംഗീകാരമായിട്ടുണ്ട്. ചേപ്പാട്-കായംകുളം, കായംകുളം-മാവേലിക്കര പാത ഇരട്ടിപ്പിക്കാനായി 5 കോടി രൂപ വീതം വകയിരുത്തി. നിലവിൽ ഇരട്ടിപ്പിക്കൽ ജോലികൾ നടക്കുന്ന ഷൊർണൂർ-കുറ്റിപ്പുറം പാതക്ക് 30 കോടിയും കോഴിക്കോട്-മംഗലാപുരം പാതക്ക് 25 കോടിയും ലഭിക്കും. എറണാകുളം-മുളന്തുരുത്തി (8 കോടി), കൊല്ലം-തിരുവനന്തപുരം (5 കോടി), എറണാകുളം-എറണാകുളം മാർഷലിംഗ് യാർഡ് (1 ലക്ഷം) എന്നിങ്ങനെയാണ് പാത ഇരട്ടിപ്പിക്കലിന് സംസ്ഥാനത്തിന് ലഭിച്ച മറ്റു വിഹിതങ്ങൾ. മറ്റ് സംസ്ഥാനങ്ങൾക്ക് കൊടുത്തതുമായി തട്ടിച്ചു നോക്കിയാൽ കേരളത്തിൻെറ വിഹിതം തുലോം കുറവാണ്.

പാലക്കാട് ഡിവിഷനു കീഴിൽ ആളില്ലാത്ത മൂന്ന് ലെവൽ ക്രോസുകളിലും തിരുവനന്തപുരത്ത് ഒമ്പതെണ്ണത്തിലും ഗാർഡുകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 75 ലെവൽക്രോസുകൾ കൂടി ഇൻറർലോക്കു ചെയ്യും. സിഗ്നലിംഗ് (9 കോടി), ഫൂട്ട് ഓവർബ്രിഡ്ജ് (1.21 കോടി), വൈദ്യുതീകരണം (21.98 കോടി), റോഡ് സുരക്ഷിതത്വം (.69 കോടി) എന്നിവയാണ് പ്രധാനപ്പെട്ട മറ്റു വിഹിതങ്ങൾ. എറണാകുളം തിരുവനന്തപുരം പാതയുടെ വൈദ്യുതീകരണത്തിനാണ് ഈ ഇനത്തിലെ 21.97 കോടിയും ലഭിച്ചത്. ശേഷിച്ച ഒരു ലക്ഷം പാലക്കാട്-ഈറോഡ് പാതയിലെയും എറണാകുളം ഹാർബറിലെയും അറ്റകുറ്റപ്പണികൾ തീർക്കാനാണ്.

ആദിവാസികളുടെ വേദനയിൽ അരുന്ധതിയുടെ കണ്ണ് നിറഞ്ഞു

വി. മുഹമ്മദലി

കൽപറ്റ: 'ദ ഗോഡ് ഓഫ് സ്മോൾ തിംഗ്സ്' എന്ന പ്രഥമ നോവലിലൂടെ പ്രസിദ്ധിയുടെ കൊടുമുടി കയറിയ അരുന്ധതി റോയിയുടെ കണ്ണുകൾ നിറഞ്ഞു. വാക്കുകൾ ഇടറി. ബത്തേരി താലൂക്ക് ആശുപത്രിയുടെ വാർഡിൽ ഒരുമണിക്കൂർ നിന്നും ഇരുന്നും അവർ കീഴാളരുടെ നിസ്സഹായത കണ്ടു, കേട്ടു.

മുത്തങ്ങ സംഘർഷത്തെ തുടർന്ന് പോലിസ് വെടിവെച്ചും തല്ലിച്ചതച്ചും അറസ്റ്റ്ചെയ്ത് ആശുപത്രി വാർഡിലെത്തിച്ച ഒരുകൂട്ടം സ്ത്രീകളിൽനിന്നും മറ്റുമാണ് അരുന്ധതി സംഭവങ്ങൾ ആദ്യം ചോദിച്ചറിഞ്ഞത്. രാഷ്ട്രീയക്കാരടക്കം പലരും സാന്ത്വനവുമായി എത്തിയപ്പോൾ മൗനം പുതച്ചിരുന്നവർ അരുന്ധതിക്ക് മുന്നിൽ ദു:ഖങ്ങളുടെ കെട്ടഴിച്ചു.

ഈച്ച പൊതിഞ്ഞ പൊടിപിടിച്ച ആശുപത്രി കിടക്കയിൽ അരുന്ധതി ഇരുന്നു. കണ്ണൂർ സെൻട്രൽ ജയിലിൽ കഴിയുന്നവരുടെ നീണ്ട പട്ടിക ആദിവാസികളെ കാണിച്ചു. കാണാതായ പൈതങ്ങളും മറ്റും ഈ പട്ടികയിലുണ്ടോ എന്ന് ആരാഞ്ഞു.

ഫോട്ടോഗ്രാഫർമാരെയും പത്രപ്രവർത്തകരെയും അൽപം അകറ്റി നിർത്തിയാണ് അരുന്ധതി ആശുപത്രി വാർഡിൽ ആദിവാസികളുമായി സംസാരിച്ചത്. കഴിഞ്ഞ 19ന് മുത്തങ്ങയിൽ വെടിവെപ്പും ഏറ്റുമുട്ടലും നടന്നതിനുശേഷം ഇതുവരെ സ്വന്തം മകളെ കാണാത്ത വേവലാതിയിലാണ് നമ്പിക്കൊല്ലി കോളനിയിലെ മുരിങ്ങ. ഈ അറുപതുകാരിയുടെ ആശ എന്ന മകൾ ജയിലിലില്ല; ആശുപത്രിയിലും എത്തിയിട്ടില്ല. പിന്നെ എവിടെ? മുരിങ്ങയുടെ ചോദ്യം അരുന്ധതിയുടേതുകൂടിയാകുന്നു. ജാമ്യം കിട്ടാത്ത വകുപ്പുകൾ പ്രകാരം മുരിങ്ങക്കെതിരെ പോലിസും വനപാലകരും കേസെടുത്തിട്ടുണ്ട്.

വാർഡിലെ മാരി, മുരിക്കലാടി ഊരാളി കുടിയിൽനിന്നാണ് സമരത്തിന് പോയത്. ഇവരുടെ 16 വയസ്സുള്ള മകൾ ബിന്ദുവിനെയും കാണാനില്ല.

മാരിയുടെ ഭർത്താവ് കാളനും വാർഡിലുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ ദിവസം ഇയാളെ പോലിസ് കൊണ്ടുപോയി ജയിലിലടച്ചു. കാളൻെറ ജ്യേഷ്ഠൻ ബൊമ്മനും പരിക്കേറ്റ് വാർഡിലുണ്ട്. ഇയാളുടെ മകൾ മാടുമ്പിയെ (27) കുറിച്ചും ഒരു വിവരവുമില്ല. മൂന്നുവയസ്സുള്ള കുട്ടിയെയും കാണാതായിട്ടുണ്ട്.

നെന്മേനിക്കുന്ന് അപ്പു കൈയൊടിഞ്ഞ നിലയിൽ വാർഡിലുണ്ട്. കൈയിൽ മാത്രമല്ല കാലിലും പോലിസ് ഗുരുതരമായി പ്രഹരിച്ചതിൻെറ പാടുകളുണ്ട്. ഭാര്യ പാലയെ കാണാതായതായി അപ്പു അറിയിച്ചു. നെന്മേനിക്കുന്ന് കോളനിയിൽനിന്ന് സമരത്തിന് പോയ പത്തോളം പേരെ കുറിച്ച് ഇപ്പോഴും വിവരമില്ലെന്ന് അപ്പു പറയുന്നു. വിളറിയ ശരീരവും കൈയിലും കാലിലും ബാൻേറജുമായി കഴിയുന്ന അപ്പുവിനെ അറസ്റ്റ്ചെയ്യാൻ പോലിസ് കാത്തുനിൽക്കുന്നുണ്ട്. അപ്പുവിൻെറ ഇടതുകൈ നേരത്തെ മരത്തിൽനിന്ന് വീണ് വൈകല്യം ബാധിച്ച നിലയിലാണ്.

ചാലിഗദ്ദ കോളനിയിലെ ഗുളികൻ വാർഡിലുണ്ട്. ഭാര്യ ഗീതയേയും (28) മകൾ അനിലയേയും കാണാനില്ല- ഗുളികൻ അസ്വസ്ഥപ്പെടുന്നു. അനില രണ്ടാംക്ലാസ് വിദ്യാർഥിനിയാണ്.

ഗുളികൻെറ കൂടെ ഏഴുവയസ്സുള്ള മറ്റൊരു കുട്ടി കാട്ടിൽവെച്ച് നഷ്ടപ്പെട്ടതായും പറയുന്നു. ഇവർക്കെല്ലാം എന്തു സംഭവിച്ചുവെന്ന് ആർക്കുമറിയില്ല. ദേഹത്തെ മുറിവും സംഘർഷത്തിൻെറ ഭീകരതയുമല്ല ഇവരെ വേട്ടയാടുന്നത്. ഉറ്റവർ കാണാതായതിൻെറ കൊടും വേദനകളാണ്.

ഇങ്ങനെ ഓരോരുത്തരും ദുരനുഭവങ്ങൾ നിരത്തുമ്പോൾ അരുന്ധതി കണ്ണുതുടക്കുന്നുണ്ടായിരുന്നു. ഉടൻ ചെയ്യേണ്ടത് കാണാതായവരെ കണ്ടെത്തുക എന്നതാണെന്നും ഇതിന് സർക്കാറിനൊപ്പം സമൂഹത്തിനും ബാധ്യതയുണ്ടെന്നും അരുന്ധതി റോയി 'മാധ്യമ'ത്തോട് പറഞ്ഞു.

ജാനുവിനെ മർദിച്ചത് നാട്ടുകാർ: ഉമ്മൻചാണ്ടി

തിരുവനന്തപുരം: സി.കെ. ജാനുവിനെ മർദിച്ചത് പോലിസല്ലെന്നും നാട്ടുകാരാണ് അത് ചെയ്തതെന്നും യു.ഡി.എഫ് കൺവീനർ ഉമ്മൻചാണ്ടി. മുത്തങ്ങയിൽ മുന്നൊരുക്കത്തോടെയുള്ള സായുധകലാപത്തിനാണ് ശ്രമം നടന്നതെന്ന് അദ്ദേഹം പത്രസമ്മേളനത്തിൽ പറഞ്ഞു.

ജുഡീഷ്യൽ അന്വേഷണം ആവശ്യമില്ല. അത്തരം അന്വേഷണങ്ങൾ ആദിവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് വിഘാതമാകും. മുഴുവൻ ആദിവാസികൾക്കും അഞ്ചേക്കർ വീതം ഭൂമി നൽകാമെന്ന് സർക്കാർ ഒരിക്കലും സമ്മതിച്ചിട്ടില്ല. ഒരേക്കർ മുതൽ അഞ്ച് ഏക്കർ വരെ ലഭ്യതയനുസരിച്ച് നൽകാമെന്നാണ് പറഞ്ഞത്. ഇതനുസരിച്ച് അടുത്ത വർഷം 10000 ഏക്കർ ഭൂമി 8000 പേർക്കായി നൽകും. കേന്ദ്ര വനനിയമത്തിൽ നിന്ന് 30,000 ഏക്കർ കൂടി വിട്ടുകിട്ടണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

മുത്തങ്ങയിൽ ഒരു പോലിസുകാരൻെറയും വനം ഉദ്യോഗസ്ഥൻെറയും ജീവൻ അപകടത്തിലായപ്പോഴാണ് പോലിസ് ഇടപെട്ടത്. അവിടെ ഒരാദിവാസിയല്ലാതെ ആരും മരിച്ചിട്ടില്ല. ഈ സംഭവത്തിൻെറ പേരിൽ ആദിവാസികളെ ബുദ്ധിമുട്ടിക്കുകയുമില്ല. അതിക്രമിച്ചുകയറി സമരം ചെയ്തവർക്ക് ചീര വിത്തും മൊബൈൽ ഫോണും ഒരു മന്ത്രി എത്തിച്ചുകൊടുത്തുവെന്നതിനെക്കുറിച്ച് സർക്കാറിന് അറിവ് കിട്ടിയിട്ടില്ല. ആദിവാസികളുടെ യഥാർഥ പ്രശ്നത്തിൽ നിന്ന് ശ്രദ്ധതിരിച്ചുവിടാൻ മാത്രമേ എൽ.ഡി.എഫിൻെറ പ്രക്ഷോഭം സഹായിക്കുകയുള്ളൂവെന്ന് ഉമ്മൻചാണ്ടി പറഞ്ഞു.

ആറളം ഫാമിൽ കൈയേറ്റം നടത്തിയ ആദിവാസികളെയും ഒഴിപ്പിക്കും. അവർ സമ്മതിക്കാതെ വന്നാൽ മാത്രമേ അവിടെ ബലപ്രയോഗം നടത്തുകയുള്ളൂവെന്ന് ഉമ്മൻചാണ്ടി പറഞ്ഞു.

ജാനുവിനെയും ഗീതാനന്ദനെയും വിദഗ്ധ ഡോക്ടർ പരിശോധിക്കണം -കോടതി

സുൽത്താൻ ബത്തേരി: മുത്തങ്ങ സംഭവത്തിൽ റിമാൻറിലായ ജാനുവിനെയും ഗീതാനന്ദനെയും കോഴിക്കോട് മെഡിക്കൽ കോളജിലെ വിദഗ്ധ ഡോക്ടറെക്കൊണ്ട് പരിശോധിപ്പിച്ച് ആരോഗ്യ സ്ഥിതി കോടതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ബത്തേരി ഒന്നാംക്ലാസ് മജിസ്ട്രേറ്റ് ഹാഫിസ് മുഹമ്മദ് കോഴിക്കോട് ജയിൽ സൂപ്രണ്ടിന് നിർദേശം നൽകി. കോടതിക്ക് നേരിട്ട് റിപ്പോർട്ട് നൽകണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

ജാനുവിനും ഗീതാനന്ദനും വേണ്ടി ഹാജരാകുന്ന അഡ്വ. ജോസഫ് മാത്യു, ബൈജു മാണിശ്ശേരിൽ, ജോജി പാറ്റാനി എന്നിവരുടെ ഹരജി പരിഗണിച്ചാണിത്.

അഭിഭാഷകർ കോടതി അനുമതിയോടെ ജാനുവിനെയും ഗീതാനന്ദനെയും സന്ദർശിച്ചു.

ഇവരുടെ ജാമ്യാപേക്ഷ ഇന്നോ നാളെയോ ജില്ലാ സെഷൻസ് കോടതിയുടെ പരിഗണനക്ക് സമർപ്പിക്കും.

മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് പോലിസ് അറസ്റ്റ്ചെയ്ത് കണ്ണൂർ ജയിലിലടച്ച ഡയറ്റ് ലക്ചറർ കെ.കെ. സുരേന്ദ്രൻെറ ജാമ്യാപേക്ഷയും കോടതിയുടെ പരിഗണനയിലാണ്.

അയോധ്യ ചർച്ച ഇന്നത്തേക്ക് മാറ്റി

ന്യൂദൽഹി: ലോക്സഭയിൽ ഇന്നലെ നടക്കാനിരിക്കുന്ന അയോധ്യ ചർച്ച ഇന്നത്തേക്ക് മാറ്റി. എല്ലാ പാർട്ടികളുടെയും അഭ്യർഥന പരിഗണിച്ച് സ്പീക്കർ മനോഹർ ജോഷിയാണ് തീരുമാനമെടുത്തത്. പാർലമെൻറിനെ അഭിസംബോധന ചെയ്ത രാഷ്ട്രപതിക്കുള്ള നന്ദിപ്രമേയം ഇന്ന് ലോക്സഭ പാസാക്കും. തുടർന്ന് അയോധ്യാ പ്രശ്നം ചർച്ച ചെയ്യും.

30 ആദിവാസികളെ കാണാനില്ല

മാനന്തവാടി: തിരുനെല്ലി പഞ്ചായത്തിലെ വിവിധ കോളനികളിൽനിന്ന് മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 30 പേരെ കാണാനില്ല. ഇതിൽ ഏഴും പത്തും വയസായ മൂന്ന് കുട്ടികളും ഉൾപ്പെടും. ഇവരെ കാണാത്തത് സംബന്ധിച്ച് ജനപ്രതിനിധികൾ അന്വേഷണമാരംഭിച്ചു. സർക്കാർതലത്തിൽ അന്വേഷണം നടക്കാത്തത് ആദിവാസി മേഖലയിൽ ആശങ്ക ഉയർത്തിയിരിക്കുകയാണ്.

110 പേർക്ക് ജാമ്യം

സുൽത്താൻ ബത്തേരി: മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് വനം വകുപ്പ് കേസുകളിൽ പ്രതികളായി ജയിലിൽ കഴിയുന്ന സ്ത്രീകളും കുട്ടികളുമുൾപ്പെടെ 110 പേർക്ക് ബത്തേരി ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതി ഇന്നലെ ജാമ്യം അനുവദിച്ചു. ഇവർ ഇന്ന് കണ്ണൂർ ജയിലിൽ നിന്ന് പുറത്തിറങ്ങിയേക്കും. സ്ത്രീകളെയും കുട്ടികളെയും ജയിലിൽ നിന്ന് വിടുമെന്ന സർക്കാർ പ്രഖ്യാപനത്തിൻെറ പശ്ചാത്തലത്തിൽ ഇവരുടെ ജാമ്യത്തെ സർക്കാർ അഭിഭാഷകനും അനുകൂലിച്ചു. ജില്ലാ കലക്ടറുടെ നിർദേശപ്രകാരമായിരുന്നു ഇത്.



ഗൗരിക്കുട്ടിയമ്മ

അടൂർ: മുണ്ടപ്പള്ളി കുറുമക്കാട്ട് വീട്ടിൽ പരേതനായ കുട്ടപ്പകുറുപ്പിൻെറ ഭാര്യ ഗൗരിക്കുട്ടിയമ്മ (75) നിര്യാതയായി. മക്കൾ: കെ. ചന്ദ്രശേഖരൻപിള്ള (വിമുക്തഭടൻ), മണിയമ്മ, ശ്രീദേവിയമ്മ, സരസ്വതിയമ്മ, സത്യപാലൻപിള്ള (യൂത്ത് കോൺ. പെരിങ്ങനാട് മണ്ഡലം പ്രസി.). മരുമക്കൾ: സരസ്വതിയമ്മ, മാധവൻപിള്ള, ശങ്കരപണിക്കർ, സദാശിവൻപിള്ള, ശ്രീകുമാരിയമ്മ, ബിന്ദു.

ഗോപിനാഥൻ നായർ

പന്തളം: മാവേലിക്കര ജില്ലാ കോടതിയിലെ ജൂനിയർ സൂപ്രണ്ട് തോന്നല്ലൂർ സൂര്യയിൽ കെ.സി. ഗോപിനാഥൻ നായർ (47) നിര്യാതനായി. ഭാര്യ: സുജാത. മക്കൾ: സുകേഷ്, സുജേഷ്.

അഷ്റഫ്

തെക്കിനേത്ത്പടി: തെക്കിനേത്ത് പടി മാവിൻചുവട് പരേതനായ വാക്കാട്ട് മാരാത്തയിൽ വി.എം. അബൂബക്കറിൻെറ മകൻ അഷ്റഫ് (36) അബൂദബിയിൽ നിര്യാതനായി. ഖബറടക്കം ഇന്ന് 11-ന് കോതോട് പള്ളി ഖബർസ്ഥാനിൽ. മാതാവ്: റുഖിയ.

ഏലിയാമ്മ

മുണ്ടത്താനം: ഒട്ടല്ലൂർ ഒ.സി. അവിരയുടെ ഭാര്യ പി.ടി.ഏലിയാമ്മ (66) നിര്യാതയായി. സംസ്കാരം ഇന്ന് ഉച്ചക്ക് 2.30-ന് മുണ്ടത്താനം സെൻറ് ആൻഡ്രൂസ് സി.എസ്.ഐ പള്ളി സെമിത്തേരിയിൽ.

ബേബി

റാന്നി: അത്തിക്കയം ഉറുമ്പടയിൽ ബേബി (60) നിര്യാതനായി. സംസ്കാരം ഇന്ന് 11-ന് ബഥനിമല സെൻറ് മേരീസ് കത്തോലിക്കാപള്ളി സെമിത്തേരിയിൽ. ഭാര്യ: മേരി. മക്കൾ: സിബി, ബെന്നി, ഷേർലി, ഷിബു, അഞ്ജു. മരുമക്കൾ: ആൻസി, കൊച്ചുറാണി, സാബു

സത്യൻ

എടക്കര: കാരക്കോട് മംഗലശ്ശേരി പെരച്ചൻെറ മകൻ സത്യൻ (22) നിര്യാതനായി. മാതാവ് അമ്മുക്കുട്ടി. സഹോദരങ്ങൾ സുബ്രഹ്മണ്യൻ, കുമാരൻ, ജയപ്രകാശ്, ബിന്ദു.

മനോഹരൻ

കൊച്ചി: ചാലക്കുടി മേലൂർ കീഴാറ വീട്ടിൽ കെ. ആർ. മനോഹരൻ (71) നിര്യാതനായി. ചാലക്കുടി, തൃശൂർ, കോഴിക്കോട്, തിരുവനന്തപുരം ഐ.ടി.ഐകളിൽ പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഭാര്യ: കൂർക്കഞ്ചേരി മൂത്തേടത്ത് കുടുംബാംഗം സുനന്ദ. മക്കൾ: മധു (മെഡി. ഡയഗനോസ്റ്റിക്സ് ഇൻസ്റ്റിറ്റ്യൂട്ട്, കോഴിക്കോട്), മായ (എറണാകുളം). ജാമാതാവ്: ഹെൻസ് (എൻ.എം ടെക്സ്റ്റയിൽസ് തൃപ്പൂണിത്തുറ).

അപ്പുകാക്ക

തെക്കുങ്ങൽ: മറ്റത്തൂർ അങ്ങാടിയിലെ അമ്മിക്കോടൻ മുഹമ്മദ് എന്ന അപ്പുകാക്ക (80) നിര്യാതനായി. ഭാര്യ: കുഞ്ഞുപ്പാത്തുമ്മ. മക്കൾ: മൊയ്തീൻകുട്ടി, കാഞ്ഞിരപ്പള്ളി, മമ്മദുട്ടി, ഇസ്മായിൽ (ഇരുവരും റിയാദ്), അബ്ദുല്ലക്കുട്ടി (ഇലക്ട്രീഷ്യൻ), ആയിച്ചു. മരുമകൻ: കിഴക്കേതിൽ കോയ.

മൊയ്തുണ്ണി

വൈരങ്കോട്: കപ്പൂരത്ത് മൊയ്തുണ്ണി (58) നിര്യാതനായി. ഭാര്യ: പാത്തുമ്മു വെള്ളാടത്ത്. മക്കൾ: മുജീബ് (യു.എ.ഇ), ജാഫർ, മുഹമ്മദ്കുട്ടി. മരുമകൾ: ഹസീന.

പാത്തുമ്മ

കാപ്പ്: പാലൂർ കുഞ്ഞായു ഹാജിയുടെ ഭാര്യ പാത്തുമ്മ (85) നിര്യാതയായി. മക്കൾ: മുഹമ്മദ്, ഉസ്മാൻ ഹാജി, പാത്തുമ്മ ഹജ്ജുമ്മ, ആയിശ ഹജ്ജുമ്മ, ഇയ്യാത്തുട്ടി, മറിയ.

മരുമക്കൾ: പി.വി. മുഹമ്മദ് ഹാജി വേങ്ങൂർ, ഒറക്കോട്ടിൽ വാപ്പുഹാജി നെന്മിനി, മണ്ണേങ്ങൽ ഹംസ, എം. കുഞ്ഞിപ്പു, പാത്തുമ്മ കൊമ്പൻകല്ല്, ഖദീജ വെട്ടത്തൂർ.

ഫാത്തിമ യൂസഫ് സക്കർ

കോഴിക്കോട്: സൗത്ത് ബീച്ച് റോഡിൽ സാഗർ ഹൗസിൽ പരേതനായ യൂസഫ് സക്കറുടെ ഭാര്യ ഫാത്തിമ യൂസഫ് സക്കർ അബ്ദുറഹിമാൻ (85) നിര്യാതയായി. മക്കൾ: സയ്യിദ് അബ്ദുൽ ഹഖ്, സയ്യിദ് അബ്ദുൽകലാം, സയ്യിദ് അലി, ലൈല യൂസഫ് അൽസഗർ.



മനോഹരൻ

ചാലക്കുടി: മേലൂർ കീഴാറ മനോഹരൻ (70) നിര്യാതനായി. മുൻ ഐ.ടി.ഐ ട്രെയ്നിംഗ് ഇൻസ്പെക്ടറായിരുന്നു. ഭാര്യ: സുനന്ദ. മക്കൾ: മായ, സനിൽകുമാർ. മരുമക്കൾ: വിൻസ്, ദേവി.

കൃഷ്ണൻകുട്ടി

അത്തോളി: ഓലേരിപ്പറമ്പത്ത് കൃഷ്ണൻകുട്ടി (71) നിര്യാതനായി. മക്കൾ: വിനയൻ, പുഷ്പ, ശോഭന, വിജയ. ജാമാതാക്കൾ: മാധവൻ (കുന്ദമംഗലം) ചന്ദ്രൻ (പേരാമ്പ്ര) രാമകൃഷ്ണൻ (പയിമ്പ്ര).

രാജൻ

പയ്യോളി: കിഴൂരിലെ വട്ടോങ്കണ്ടി രാജൻ (50) നിര്യാതനായി. ഭാര്യ: നാരായണി. ഭാര്യ: നാരായണി. മക്കൾ: രാജേഷ്, രജീഷ്, രജിത. ജാമാതാവ്: മധു പെരുവട്ടൂർ.

ഭാസ്കരൻ പിള്ള

മാവേലിക്കര: വഴുവാടി കൈമൂട്ടിൽ കെ. ഭാസ്കരൻ പിള്ള (77) നിര്യാതനായി. സംസ്കാരം ഇന്ന് മൂന്നിന് വീട്ടുവളപ്പിൽ. ഭാര്യ: ജാനകിയമ്മ. മക്കൾ: മീനാക്ഷിയമ്മ, കലാധരി, ഹരികുമാർ, മധുസൂദനൻ നായർ, പ്രസന്നകുമാർ, ശ്രീദേവി. മരുമക്കൾ: ഗോപാലകൃഷ്ണൻ നായർ, ശ്രീകുമാരി, ശ്രീദേവി, രാജി, ഗോപിനാഥൻ നായർ, പരേതനായ രാജേന്ദ്രൻ പിള്ള.

ഹസൻകുഞ്ഞ്

പുന്നപ്ര: വണ്ടാനം വൃക്ഷവിലാസം തോപ്പിൽ ഹസൻകുഞ്ഞ് (57) നിര്യാതനായി.

ഖബറടക്കം ഇന്ന് രാവിലെ പത്തിന് പുന്നപ്ര-വണ്ടാനം ഷറഫുൽ ഇസ്ലാം ജുമാമസ്ജിദ് ഖബർസ്ഥാനിൽ. ഭാര്യ: ഫാത്തിമ. മക്കൾ: നാസർ, റഹീം, സുഹർബാൻ, ഷമി, നസീർ, സിയാദ്, അൻസിൽ, അൻഷാദ്. മരുമക്കൾ: സുനിത, ഹസീന, ഷിജി.

ഉണ്ണികൃഷ്ണൻ

ഒറ്റപ്പാലം: തച്ചുരുകുന്നത്ത് പരേതനായ അയ്യപ്പൻെറ മകൻ ഉണ്ണികൃഷ്ണൻ (31) നിര്യാതനായി.



നർത്തകൻ നാണുക്കുട്ടൻ

പറവൂർ: നർത്തകൻ ഏഴിക്കര കലാമന്ദിരത്തിൽ നാണുക്കുട്ടൻ (77) നിര്യാതനായി. ലോകപ്രസിദ്ധ നർത്തകൻ പരേതനായ ആനന്ദ ശിവറാമിൻെറയും കൊച്ചി സീ ഇന്ത്യാ ഫൗണ്ടേഷൻ ഡയറക്ടർ പി.കെ. ദേവൻെറയും സഹോദരനാണ്.

അച്ഛൻ ഗുരു ഗോപാലപ്പണിക്കരുടെ കീഴിൽ കഥകളിയഭ്യസിച്ചശേഷം അമ്പതുകളിൽ മുംബൈയിലെ പ്രസിദ്ധ നർത്തകി ഹിമാ കേസർകോഡിയുടെ നൃത്തസംഘത്തിൽ ചേർന്നു. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ ആസ്പദമാക്കിയുള്ള 'ദ ബെർത്ത് ഓഫ് എ നേഷൻ' എന്ന നൃത്തനാടകത്തിൽ പ്രധാനഭാഗം കൈകാര്യം ചെയ്ത് പ്രശസ്തനായി. ബാംഗ്ലൂരിലെ സോഹൻലാൽ നൃത്തസംഘത്തിൽ അംഗമായിരുന്നു.

കേരളത്തിൽ മടങ്ങിയെത്തിയശേഷം മൂവാറ്റുപുഴ, മൂലമറ്റം, അങ്കമാലി തുടങ്ങിയ സ്ഥലങ്ങളിൽ നൃത്തക്ലാസുകൾ നടത്തി. വലിയ ശിഷ്യസമ്പത്തിന് ഉടമയായി. ഭാര്യ: കളഭാഷിണി. പുത്രിമാർ: ബീന മോഹൻ (അബൂദബി), ലീന.

പാർവതിയമ്മ

വടകര: മേമുണ്ട ഹൈസ്കൂൾ റിട്ട. അധ്യാപകനായിരുന്ന പരേതനായ കെ.കെ. നാരായണൻ നായരുടെ ഭാര്യ തറമ്മൽ പാർവതി അമ്മ (74) നിര്യാതയായി. മക്കൾ: ടി. ശ്രീധരൻ (റിട്ട ഡി.ഡി.ഇ) ടി. രാധാകൃഷ്ണൻ (സെയിൽസ് ടാക്സ്) ടി. മോഹൻദാസ് (അയനിക്കാട് വെസ്റ്റ് യു.പി സ്കൂൾ അധ്യാപകൻ) ടി. ലീലാവതി. ജാമാതാവ്: പി.പി. ഗംഗാധരൻ (റിട്ട. കെ.എസ്.ഇ.ബി സൂപ്രണ്ട്) സഹോദരങ്ങൾ: പി.പി. ദാമോദരൻ (റിട്ട. ഡി.ഡി.ഇ) പി.പി. ഗോപാലൻ വൈദ്യർ.

പകാൻ

ആലത്തൂർ: കഴനി കുണ്ടുതൊടിയിൽ പകാൻ (85) നിര്യാതനായി. മക്കൾ: പൊന്നു, ചന്ദ്രൻ, സേതു, ചന്ദ്രിക, സതി, കാർത്യായനി, ജ്യോതി, ഓമന, ജയ.

ചെല്ലപ്പൻപിള്ള

ചെങ്ങന്നൂർ: മാന്നാർ ഇരമത്തൂർ കൃഷ്ണഭവനത്തിൽ എസ്. ചെല്ലപ്പൻപിള്ള (77) നിര്യാതനായി.

തപാൽ വകുപ്പിൽ നിന്ന് വിരമിച്ച ഉദ്യോഗസ്ഥനാണ്. ഭാര്യ: ചെട്ടികുളങ്ങര എൽ.പി സ്കൂൾ റിട്ട. അധ്യാപിക ജി. ചെല്ലമ്മ.

മക്കൾ: പത്മകുമാരി (എൽ.ഐ.സി ഏജൻറ്), ഡി. ശ്രീകുമാരി (കെ.എസ്.ഇ.ബി ചെങ്ങന്നൂർ ഡിവിഷൻ ഓഫീസ്), സി. കൃഷ്ണകുമാർ.

മരുമക്കൾ: ഗോപാലകൃഷ്ണപിള്ള (റിട്ട. അധ്യാപകൻ വല്ലന ഹൈസ്കൂൾ), പരേതനായ കൃഷ്ണൻകുട്ടി, ഹൃദയകുമാരി (കെ.എസ്.ഇ.ബി ചെന്നിത്തല).

കദീജുമ്മ

കയ്പമംഗലം: പന്നിബിക്കുന്നിനടുത്ത് പുഴങ്കരയില്ലത്ത് (പടിപ്പുര) പരേതനായ അബ്ദുറഹ്മാൻെറ ഭാര്യ കദീജുമ്മ (90) നിര്യാതയായി. ഖബറടക്കം രാവിലെ ഒമ്പതിന് കാക്കാത്തുരുത്തി ജുമാമസ്ജിദ് ഖബർസ്ഥാനിൽ.

മക്കൾ: മുഹമ്മദ്, അബ്ദുൽ ഖാദർ, അബ്ദുല്ല, ബീവാത്തുമ്മ, ജമീല. മരുമക്കൾ: മൊയ്തീൻ, മുഹമ്മദ്, ജമീല, ഫാത്തിമ, ജമീല.



അനിൽകുമാർ

പറവൂർ: കെടാമംഗലം കുമ്മാടത്ത് പരേതനായ മാധവൻ വൈദ്യരുടെ മകൻ അനിൽകുമാർ (52) നിര്യാതനായി. ഭാര്യ: ലത. മകൻ: രഞ്ജിത്ത്.

മൈഥിലി

പറവൂർ: പുത്തൻവേലിക്കര പുലിയംതുരുത്ത് തച്ചേരി വീട്ടിൽ പരേതനായ മാധവൻെറ ഭാര്യ മൈഥിലി (79) നിര്യാതയായി. മക്കൾ: ബാലകൃഷ്ണൻ, രാജി, ഉമാവതി, സുധർമ, അനിരുദ്ധൻ, സുദർശനൻ, മൈ... ജ. മരുമക്കൾ: സതി, രാജൻ, പ്രഭാകരൻ, സദാനന്ദൻ, വാസന്തി, മീനു, ബാബു.

റോയി

കൂത്താട്ടുകുളം: ഇലഞ്ഞി കുഴിക്കാട്ടിൽ കെ.പി. റോയി (42) നിര്യാതനായി. ഭാര്യ: ചേർപ്പുങ്കൽ മനക്കലേത്ത് കുടുംബാംഗം ലിസി. മക്കൾ: അനു, അനിഷ, ആൽഫി.

മാധവൻ

ഒറ്റപ്പാലം: പാലപ്പുറം എസ്.ആർ.കെ. നഗറിലെ ഉഴിഞ്ഞത്ര മാധവൻ (74) നിര്യാതനായി. ഭാര്യ: കാർത്യായനി. മക്കൾ: ചന്ദ്രൻ (മണി), കുഞ്ഞിലക്ഷ്മി, രുഗ്മിണി, അംബിക, വസന്ത, പുഷ്പ, ബേബി സരസ്വതി, മണികണ്ഠൻ, സുനിത, ഉണ്ണികൃഷ്ണൻ.

ശ്രീദേവിയമ്മ

നിലമ്പൂർ: വീട്ടിക്കുത്ത് പരേതനായ ചെറിയങ്ങാട്ട് മാധവൻ നായരുടെ ഭാര്യ പുൽപ്പയിൽ ശ്രീദേവിയമ്മ (86) നിര്യാതയായി. മക്കൾ: ബാലകഷ്ണൻ നായർ (റിട്ട. അധ്യാപകൻ തിരുവാലി) പത്മാവതിയമ്മ, പ്രഭാകരൻ നായർ, പത്മനാഭൻ നായർ തുവ്വൂർ (വിമുക്തഭടൻ), വേണുഗോപാലൻ (ഹെഡ്മാസ്റ്റർ, മൈലാടി ജി.യു.പി.എസ്), സൗദാമിനി (നഴ്സറി അധ്യാപിക, ജവഹർ കോളനി) വിജയകുമാർ (ഡി.പി.ഐ തിരുവനന്തപുരം) രത്നകുമാരി (എച്ച്.എം.എ.യു.പി.എസ് മുതുകാട്) സേതുമാധവൻ (അധ്യാപകൻ, എ.യു.പി.എസ് ചന്തക്കുന്ന്). മരുമക്കൾ: സാവിത്രി (റിട്ട. അധ്യാപിക), സത്യഭാമ, കമലം, പ്രേമലത (അധ്യാപിക, എ.യു.പി.എസ് ചന്തക്കുന്ന്), ചന്ദ്രശേഖരൻ (റിട്ട. പി.ഡബ്ല്യു.ഡി), ആനന്ദലത (അധ്യാപിക, മേട്ടുക്കട യു.പി.എസ് തിരുവനന്തപുരം), ശ്രീനിവാസൻ (മസ്കത്ത്), സരള (വി.ഇ.ഒ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്).

ശേഖരൻനായർ

നെയ്യാറ്റിൻകര: ആറാലുംമൂട് തലയിൽ വാറുവിളാകത്ത് വീട്ടിൽ കെ. ശേഖരൻ നായർ (63) നിര്യാതനായി.



മൊയ്തീൻ

കൊണ്ടോട്ടി: നമ്പോലൻ കുന്ന് കിളിനാടൻ മൊയ്തീൻ (55) നിര്യാതനായി. ഭാര്യ: നഫീസ. മക്കൾ: മൊയ്തീൻകുട്ടി, ഫൈസൽ, ജംഷീദ്, നസറുദ്ദീൻ, ഫസലുദ്ദീൻ, ആരിഫ, റഷീദ, നസീറ. മരുമക്കൾ: ഹസൻകോയ (റിയാദ്) അബ്ദുസ്സലാം ചീക്കോട്.

സുരേന്ദ്രൻ

ബാലരാമപുരം: ബാലരാമപുരം വടക്കേവിള പ്ലാവിള വീട്ടിൽ സുരേന്ദ്രൻ (44) നിര്യാതനായി. ബാലരാമപുരത്തെ. ബി.എം.എസ് ചുമട്ടുതൊഴിലാളിയാണ്. ഭാര്യ: ഉഷ. മക്കൾ: സുരാജ്, ഷാൻരാജ്.

മൊയ്തീൻ

എടത്തനാട്ടുകര: വട്ടമണ്ണപ്പുറം പാറോക്കോട്ട് മൊയ്തീൻ (ബാപ്പുട്ടി-65) നിര്യാതനായി. ഭാര്യ: നഫീസ. മക്കൾ: സറഫുന്നിസ, മുഹമ്മദുണ്ണി, ഉമ്മെമത്ത്, ലത്തീഫ്, സൈറാബാനു. മരുമക്കൾ: ഹുസൈൻ, മൻസൂർ, സറഫുദ്ദീൻ, ആസ്യ, റജീന. സഹോദരങ്ങൾ: ഖദീജ, തായു, സൈനബ.

രഘുനാഥൻ

ഓടയം: വെൺകുളം പ്രശാന്തിയിൽ എൻ. രഘുനാഥൻ (71) നിര്യാതനായി. ഭാര്യ: സുജാത.

കാന്തലോട്ട് കരുണൻ നിര്യാതനായി

കണ്ണൂർ: സ്വാതന്ത്ര്യ സമരസേനാനിയും ആദ്യകാല കമ്യൂണിസ്റ്റ് നേതാവും വർഗീസിനോടൊപ്പം നക്സൽ സമരങ്ങളിലെ മുന്നണിപ്പോരാളിയുമായിരുന്ന കാന്തലോട്ട് കരുണൻ (77) നിര്യാതനായി. മരിക്കുമ്പോൾ ജെ.എസ്.എസ്. ജില്ലാ പ്രസിഡൻറായിരുന്നു. മസ്തിഷ്ക രക്തസ്രാവത്തെത്തുടർന്ന് ഒരാഴ്ചയായി ചികിൽസയിലായിരുന്നു. പരിയാരം മെഡിക്കൽ കോളജ് ആശുപത്രിയിലായിരുന്നു അന്ത്യം. മൃതദേഹം ഇന്നലെ വൈകീട്ട് സ്വദേശമായ പാപ്പിനിശ്ശേരിയിലെ സമുദായ ശ്മശാനത്തിൽ സംസ്കരിച്ചു.

മുൻമന്ത്രിയും കമ്യൂണിസ്റ്റ് പോരാളിയുമായിരുന്ന കാന്തലോട്ട് കുഞ്ഞമ്പുവിൻെറ സഹോദരനായ കരുണൻ നാൽപതുകളിൽ കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രാരംഭ പ്രവർത്തനം തൊട്ട് തന്നെ രാഷ്ട്രീയത്തിൽ സജീവമായിരുന്നു. 1948ൽ കമ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ചപ്പോൾ നേതാക്കളോടൊപ്പം ഒളിവിൽ പോയി. പ്രശസ്തമായ നെല്ലെടുപ്പ് സമരത്തിൽ പങ്കെടുത്തു. സേലം ജയിലിൽ തടവനുഭവിച്ചു. ആറോൺ സമരത്തിലും പങ്കെടുത്തു. 1955ൽ ഗോവവിമോചന സമരത്തിൻെറ ഭാഗമായി രൂപവത്കരിച്ച ആദ്യ വളണ്ടിയർ സേനയിൽ അംഗമായി. കമ്യൂണിസ്റ്റ് വളണ്ടിയർ സേന രൂപവത്കരിച്ചപ്പോൾ ക്യാപ്റ്റനായും സേവനമനുഷ്ഠിച്ചു. കേരള സ്റ്റേറ്റ് സോഷ്യലിസ്റ്റ് യൂത്ത്ഫെഡറേഷൻ രൂപവത്കരണത്തിൽ പങ്കുവഹിച്ച കരുണൻ എ.കെ.ജി.യോടൊപ്പം നിരവധി സമരങ്ങളിൽ പങ്കെടുത്തിട്ടുണ്ട്. സി.പി.എം ജില്ലാ കമ്മിറ്റി അംഗമായും, സംസ്ഥാന കമ്മിറ്റി അംഗമായും പ്രവർത്തിച്ചു. ഇടക്കാലത്ത് സജീവരാഷ്ട്രീയത്തിൽ നിന്ന് അകന്നു. ബദൽരേഖയുടെ പേരിൽ സി.പി.എമ്മിൽനിന്ന് പുറത്തുവന്ന എം.വി. രാഘവനെ ധാർമികമായി പിന്തുണച്ചുവെങ്കിലും പാർട്ടിയിൽ ചേർന്നില്ല. ജെ.എസ്.എസ്. രൂപവത്കരിച്ചപ്പോൾ അതിൽ ചേർന്നു. 1998ൽ ജെ.എസ്.എസ്. ജില്ലാ പ്രസിഡൻറായി. പാപ്പിനിശ്ശേരിയിലെ കൊട്ടോടി ജാനകിയാണ് ഭാര്യ. മക്കൾ: രേണുക, കബീർ (കാർവാർ സായി സെൻറർ വെയ്റ്റ്ലിഫ്റ്റ് കോച്ച്) കപിലൻ (ഷാർജ) കശ്യപ്, റീന. മരുമക്കൾ: ചന്ദ്രൻ (റിട്ട. ഖാദി ഡയറക്ടർ) സത്യൻ (കണ്ണൂർ താലൂക്ക് ഓഫീസ്) ആശ, നിഷ, പ്രിയ.

എക്സകവേറ്ററിനടിയിൽപ്പെട്ട് യുവ എഞ്ചിനീയർ മരിച്ചു

തൃക്കാക്കര: മണ്ണെടുക്കുന്ന എക്സ്കവേറ്റർ യന്ത്രത്തിനടിയിൽപ്പെട്ട് യുവ എഞ്ചിനീയർ മരിച്ചു. ഇന്നലെ രാവിലെ കാക്കനാട് വ്യവസായ മേഖലയിലാണ് (സെസ്) സംഭവം. കോട്ടയം സ്വദേശി മീനച്ചിൽ ചേർപ്പുങ്കൽ വില്ലേജിൽ നടമുറിയിൽ വീട്ടിൽ സദാശിവൻെറ മകൻ അനുലാലാണ് (26) മരിച്ചത്. കടമ്പ്രയാറിൽനിന്ന് സെസിലേക്ക് വെള്ളം കൊണ്ടുപോകുന്നതിനായുള്ള പൈപ്പ് പണി നടക്കുന്നതിനിടയിലാണ് അത്യാഹിതം ഉണ്ടായത്. സെസിൽ പൊക്ലെയിൻ പോലുള്ള യന്ത്രം വെച്ച് മണ്ണ് മാന്തുന്നതിനിടയിൽ അറിയാതെ ഇടയിൽപെടുകയായിരുന്നു. ഉടനെ എറണാകുളം മെഡിക്കൽ സെൻററിലെത്തിച്ചെങ്കിലും രക്ഷിക്കാനായില്ല. ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ത്രിനേത്ര കൺസ്ട്രക്ഷൻ കമ്പനിയിലെ വർക്ക്സൈറ്റ് എഞ്ചിനീയറാണ് അനുലാൽ.

അബൂദാബിയിൽ നിര്യാതനായി

എടപ്പാൾ: പുന്നയൂർക്കുളം വാക്കാട് മാരത്തയിൽ അഷ്റഫ് (36) ഹൃദയാഘാതത്തെ തുടർന്ന് അബൂദാബിയിൽ നിര്യാതനായി. മാതാവ്: റുഖിയ. സഹോദരങ്ങൾ: കമാൽ, മുജീബ്, ഖൈറുന്നീസ, രഹന. മൃതദേഹം ഇന്ന് പുന്നയൂർക്കുളത്തെ വസതിയിലെത്തും. ഖബറടക്കം ഇന്ന് 12-ന് കോതോട് പള്ളി ഖബർസ്ഥാനിൽ.

മകന് വിഷംകൊടുത്ത് യുവദമ്പതികൾ ആത്മഹത്യ ചെയ്തു

പാലക്കാട്: മകന് ഗുരുതരമായ അസുഖം ബാധിച്ചതിൽ മനംനൊന്ത് യുവദമ്പതികൾ മകന് വിഷംകൊടുത്തു കൊന്ന് ആത്മഹത്യ ചെയ്തു. മലമ്പുഴ -രണ്ട് വില്ലേജ് ഓഫീസ് അസിസ്റ്റൻറ് തിരുവല്ല കവിയൂർ മുണ്ടിയംപള്ളി വടക്കുകാലപ്പറമ്പിൽ കൃഷ്ണൻകുട്ടിയുടെ മകൻ വി.കെ. രമണൻ (39), ഭാര്യ ശ്രീദേവി (29), ഇവരുടെ മകൻ ആദർശ് (അനന്തു-നാലര) എന്നിവരാണ് മരിച്ചത്.

പാലക്കാട് സിവിൽസ്റ്റേഷൻെറ പിന്നിലുള്ള കല്ലേക്കാട്ട് വാടകവീട്ടിലാണ് രമണനും കുടുംബവും താമസിക്കുന്നത്. രണ്ടുവർഷം മുമ്പുവരെ കലക്ടറേറ്റിൽ ക്ലാസ്ഫോർ ജീവനക്കാരനായിരുന്നു രമണൻ. ആദർശ് ചന്ദ്രനഗർ ഭാരത്മാത സ്കൂളിൽ എൽ.കെ.ജി വിദ്യാർഥിയാണ്. ആദർശിന് രക്താർബുദം ബാധിച്ച് ചികിൽസയിലാണെന്നു പറയുന്നു. അസുഖം മാറാത്തതും ഇതിൻെറ പേരിലുണ്ടായ സാമ്പത്തികക്ലേശവുമാണ് ആത്മഹത്യക്ക് പ്രേരിപ്പിച്ചതെന്ന് പോലിസ് പറഞ്ഞു. ആത്മഹത്യക്ക് മറ്റാരും ഉത്തരവാദികളല്ലെന്ന് ഇവർ കത്തെഴുതിവെച്ചിട്ടുണ്ടത്രെ.

ഇന്നലെ രാവിലെ ഒമ്പതു മണിയായിട്ടും പത്രവും പാലും വീടിൻെറ പുറത്തിരിക്കുന്നതുകണ്ട അയൽ വീട്ടുകാർ കോളിംഗ്ബെൽ അടിച്ചെങ്കിലും വാതിൽ തുറക്കാത്തതുകണ്ട് പരിസരത്തുള്ളവരെ അറിയിക്കുകയായിരുന്നു. തുടർന്ന് നാട്ടുകാരെത്തി വാതിൽപൊളിച്ച് അകത്തുകയറി. മകനെ ചേർത്തുപിടിച്ച് കിടക്കുന്ന നിലയിലായിരുന്നു രമണൻ. ശ്രീദേവിക്ക് ജീവൻെറ തുടിപ്പ് കണ്ടതിനെത്തുടർന്ന് ആശുപത്രിയിൽ എത്തിച്ചെങ്കിലും താമസിയാതെ മരിച്ചു.



ശ്രീദേവി



രമണൻ



ആദർശ്

ജിലേബിയിൽ ഫ്യൂരഡാൻ എന്ന കീടനാശിനി ചേർത്തുകഴിച്ചാണ് ഇവർ മരിച്ചതെന്ന് കരുതുന്നു. ഇതിൻെറ അവശിഷ്ടങ്ങൾ വീട്ടിൽ കണ്ടെത്തി. എ.ഡി.എം, തഹസിൽദാർ എന്നിവരും സൗത്ത് പോലിസ് സ്റ്റേഷൻ അധികൃതരും സംഭവസ്ഥലത്ത് എത്തിയിരുന്നു.

ഉപതെരഞ്ഞെടുപ്പ്: യു.ഡി.എഫിന് 6, എൽ.ഡി.എഫിന് 5, ബി.ജെ.പിക്ക് 1

തിരുവനന്തപുരം: സംസ്ഥാനത്തെ പന്ത്രണ്ട് തദ്ദേശഭരണ വാർഡുകളിൽ നടന്ന ഉപതെരഞ്ഞെടുപ്പിൽ ആറിടത്ത് യു.ഡി.എഫും അഞ്ചിടത്ത് എൽ.ഡി.എഫും ഒരു സീറ്റിൽ ബി.ജെ.പിയും വിജയിച്ചു.

കൊച്ചി നഗരസഭയിലെ എളംകുളം ഡിവിഷനിൽ കേരള കോൺഗ്രസിലെ എ.വി. ജോർജ് 880 വോട്ടിൻെറ ഭൂരിപക്ഷത്തിൽ തെരഞ്ഞെടുക്കപ്പെട്ടു. പഞ്ചായത്ത് വാർഡുകളിൽ ജയിച്ച സ്ഥാനാർഥികളും ഭൂരിപക്ഷവും തിരുവനന്തപുരം-മാറനല്ലൂരിലെ തൂങ്ങാംപാറ: ജി. അച്യുതൻ (സി.പി.എം)-135, കിഴുവില്ലത്തെ പാവൂർക്കോണം: പ്രജി (കോൺഗ്രസ്)-1, പള്ളിച്ചലിലെ ഇടയ്ക്കോട്: ടി. ശശി (സി.പി.ഐ)- 109, കല്ലിയൂരിലെ ചെങ്കോട്: ജയകുമാർ (ബി.ജെ.പി)- 309, കൊല്ലം-തൃക്കോവിൽവട്ടത്തെ കുറുമണ്ണ: ഭാസ്കരനുണ്ണി (കോൺഗ്രസ്)- 284, പത്തനംതിട്ട: കടമ്പനാട്ടെ മലങ്കാവ്: എം.ആർ. ജയപ്രസാദ് (കോൺഗ്രസ്)- 123, കോട്ടയം-വെള്ളൂരിലെ ചന്ദ്രാമല: എ.കെ. ഗോപാലൻ (സി.പി.എം)- 34, അയ്മനത്തെ കുഴിത്താർ: സൈമൺ എബ്രഹാം (കോൺഗ്രസ്)- 218, തൃശൂർ-പറപ്പൂക്കരയിലെ ആലത്തൂർ: ടി.ആർ. ലാലു (സി.പി.എം)- 217, പാലക്കാട്-ചാലിശ്ശേരിയിലെ ആലിക്കര: വി. സേതുമാധവൻ (കോൺഗ്രസ്)- 216, മലപ്പുറം പുളിക്കലിലെ കോട്ടപ്പുറം: കൈപേങ്ങൽ അഹമ്മദ് (കോൺഗ്രസ്)- 155.

കർഷകസംഘം സത്യഗ്രഹ ചടങ്ങിൽ ഇൻഫാം നേതാവിൻെറ സാന്നിധ്യം ശ്രദ്ധേയമായി

കൊച്ചി: കർഷകസംഘത്തിൻെറ അഖണ്ഡസത്യഗ്രഹത്തിൻെറ മൂന്നാം ദിവസമായ ഇന്നലെ നടന്ന ചടങ്ങിൽ ഇൻഫാം ചെയർമാൻ ഫാ. മാത്യു വടക്കേമുറിയുടെ സാന്നിധ്യം ശ്രദ്ധേയമായി. ഇൻഫാമിൻെറ പിറവിക്കും രാഷ്ട്രീയനിലപാടുകൾക്കുമെതിരെ സി.പി.എമ്മും കർഷകസംഘവും രൂക്ഷവിമർശവുമായി മുന്നോട്ടുവന്നിരുന്നു. ഇന്നലെ നടന്ന ചടങ്ങിൽ സംസാരിക്കവേ ഫാ. വടക്കേമുറി ഇക്കാര്യം സൂചിപ്പിക്കുകയും ചെയ്തു.

വെന്തിങ്ങ ഇട്ടതുപോലെ കഴുത്തിൽ ചുവന്ന റിബണുമായി നിൽക്കുന്ന കർഷകസംഘം വളണ്ടിയർമാരെ കാണുമ്പോൾ സന്തോഷം തോന്നുന്നതായി ഫാ. വടക്കേമുറി പറഞ്ഞു. പള്ളികളിൽ ഉയർത്തുന്ന കൊടിയുടെ നിറവും ചുവപ്പാണ്. രക്തസാക്ഷികളുടെ ചുടുനിണമൊഴുക്കിയാണ് കാത്തോലിക്കാ സഭയും മുന്നോട്ടുവന്നത്. 35 വർഷത്തെ രക്തച്ചൊരിച്ചിലിൻെറ ചരിത്രമാണ് കമ്യൂണിസ്റ്റ് പാർട്ടിയുടേതെങ്കിൽ സഭയുടേത് 330 വർഷത്തെ പോരാട്ടചരിത്രമാണ്. ഇക്കാരണത്താലാണ് കമ്യൂണിസ്റ്റുകാർ സഭയെ ഭയക്കുന്നതെന്ന് ഒരു പ്രമുഖ കമ്യൂണിസ്റ്റ് നേതാവ് പറഞ്ഞിരുന്നു. രക്തച്ചൊരിച്ചിൽ ഒരിക്കലും ക്ഷണിച്ചുവരുത്തരുത്- ഫാ. വടക്കേമുറി പറഞ്ഞു.

കെ. ചന്ദ്രൻപിള്ള, എം.എം. ലോറൻസ്, പി. രാജു, പി.സി. ജോസഫ്, ജോസ് വള്ളമറ്റം എന്നിവർ സംസാരിച്ചു. സമരത്തിൻെറ മൂന്നാം ദിവസമായ ഇന്നലെ ജനാധിപത്യ മഹിളാ അസോസിയേഷൻ നേതാവ് അഡ്വ. കെ. തുളസി, ജില്ലാ സെക്രട്ടറി പി.എസ്. ഷൈല, പ്രസിഡൻറ് പി.പി. സുധാദേവി എന്നിവർ വളണ്ടിയർമാരെ സന്ദർശിച്ചു. ജനാധിപത്യ മഹിളാ അസോസിയേഷൻ ജില്ലാ കമ്മിറ്റി ആഭിമുഖ്യത്തിൽ വനിതകൾ പ്രകടനം നടത്തി. കർഷകസംഘം സംസ്ഥാന പ്രസിഡൻറ് എം.കെ. ഭാസ്കരൻ, സി.പി.എം ജില്ലാ സെക്രട്ടറിയേറ്റംഗം കെ.എ. ചാക്കോച്ചൻ എന്നിവർ സമരപ്പന്തലിലെത്തി.

എ.കെ.ജി.സി.ടി നേതൃത്വത്തിൽ മഹാരാജാസ് കോളജ് അധ്യാപകർ, ഗവ. പ്രസ് എംപ്ലോയീസ് യൂനിയൻ, കെ.എം.സി.എസ്.യു, ഓൾ ഇന്ത്യ ലോയേഴ്സ് യൂനിയൻ, ചുമട്ടുതൊഴിലാളി യൂനിയൻ സിറ്റി ബ്രാഞ്ച് തുടങ്ങിയവർ സമരത്തെ അഭിവാദ്യം ചെയ്തു. പറവൂർ, കാലടി, അങ്കമാലി ഏരിയയിലെ കർഷകർ സമരത്തിന് പിന്തുണ അറിയിച്ച് ധർണ നടത്തി. ഇന്ന് എസ്.എഫ്.ഐ ജില്ലാ കമ്മിറ്റി നേതൃത്വത്തിൽ എസ്.എഫ്.ഐ പ്രവർത്തകരുടെ കലാവിരുന്നും നടക്കും. രാവിലെ 10.30-ന് മുൻ മുഖ്യമന്ത്രി ഇ.കെ. നായനാർ സംസാരിക്കും. സത്യഗ്രഹപ്പന്തലിൽ വൈകുന്നേരം 3.30-ന് ചിത്രരചന നടക്കും.

ആദിവാസികൾക്ക് ഒരേക്കറിൽ കുറയാത്ത ഭൂമി നൽകും- മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: ആദിവാസികൾക്ക് ഒരേക്കറിൽ കുറയാത്ത ഭൂമി സർക്കാർ നൽകുമെന്ന് മുഖ്യമന്ത്രി എ.കെ ആൻറണി വ്യക്തമാക്കി. ഇന്നലെ മന്ത്രിസഭാ യോഗത്തിനു ശേഷം മാധ്യമ പ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആദിവാസികൾക്ക് ഒരേക്കറിലധികം ഭൂമി തീർച്ചയായും സർക്കാർ നൽകും. മുഖ്യമന്ത്രിയാണ് പറയുന്നതെന്നതിനാൽ മറ്റുള്ളവർ പറയുന്നതിനെ ഗൗനിക്കേണ്ടതില്ല. ഒരേക്കർ മാത്രമേ നൽകുകയുള്ളൂവെന്നുമില്ല. ഭൂമി ലഭിക്കുന്നതിനനുസരിച്ച് കൂടുതൽ നൽകും. മറയൂരിൽ നൽകിയത് ഒരേക്കറിലും കൂടുതലാണ്. മറ്റൊരു സർക്കാറും ചെയ്യാത്ത കാര്യങ്ങളാണ് ആദിവാസികൾക്കായി ഈ സർക്കാർ ചെയ്തുവരുന്നത്. എല്ലാം പൂർണമായി നടപ്പാക്കാൻ കേന്ദ്രനിയമങ്ങൾ എതിരാണ്. എന്നിട്ടും ചീമേനിയിലും ആറളം ഫാം ഏറ്റെടുത്ത് 7000 ഏക്കറോളം വരുന്ന പകുതി ഭാഗവും ആദിവാസികൾക്ക് നൽകാൻ തിരുമാനിച്ചിട്ടുണ്ട്. റവന്യൂ മിച്ചഭൂമി മുഴുവൻ ആദിവാസികൾക്ക് നൽകാനാണ് തീരുമാനം. ഇത്രയൊക്കെ ചെയ്യുന്ന സർക്കാറിനെയാണ് 1975 മുതൽ നിലവിലുള്ള നിയമം ഇല്ലാതാക്കി രണ്ടു വർഷം കൊണ്ട് ആദിവാസി പ്രശ്നം പരിഹരിക്കുമെന്ന് ഉറപ്പു നൽകി അവരെ വഞ്ചിച്ച കഴിഞ്ഞ സർക്കാറിൻെറ ആൾക്കാർ വിമർശിക്കുന്നത്.

മുത്തങ്ങ സംഭവവുമായി ബന്ധപ്പെട്ട് മാധ്യമങ്ങൾ പ്രസിദ്ധീകരിച്ചു കൊണ്ടിരിക്കുന്ന അവാസ്തവങ്ങളായ വാർത്തകളുടെ ഭാഗമാണ് മുത്തങ്ങയിലെ സമരത്തിന് ചില മന്ത്രിമാരുടെ പങ്കുണ്ടായിരുന്നുവെന്ന പ്രചാരണം. മുത്തങ്ങയിൽ സംഭവിച്ചത് ഒരു സാധാരണ പോലിസ് നടപടിയായി മാത്രം കാണുന്നതിനാലാണ് ജുഡീഷ്യൽ അന്വേഷണം വേണ്ടെന്ന് വെച്ചത്.

മുത്തങ്ങയിലെ സംരക്ഷിത വനമേഖല ആദിവാസികൾ കൈയേറിയതു മുതൽ അവരെ ഇറക്കിവിടാൻ നടപടി സ്വീകരിക്കണമെന്ന് കേന്ദ്രം ആവശ്യപ്പെട്ടിരുന്നതാണ്. പാവപ്പെട്ടവരായതിനാൽ ഒറ്റയടിക്ക് നടപടിക്ക് മുതിരാതെ മനുഷ്യത്വം കാട്ടുകയായിരുന്നു സർക്കാർ. പിന്നീട് ആയുധങ്ങളുമായി കടന്നുകൂടി ഇവർ പോലിസ്, വനം വകുപ്പു ജീവനക്കാരെ ബന്ദികളാക്കിയതോടെയാണ് സർക്കാറിൻെറ നിലപാടും മാറിയത്. കണ്ണൂരിലെ പാവപ്പെട്ട ദലിത് കുടുംബത്തിൽപ്പെട്ട യുവാവായ പോലിസുകാരനെയാണ് അവർ ഇഞ്ചിഞ്ചായി വെട്ടിക്കൊന്നത്. മരിച്ച യുവാവ് ദലിതനാണെന്നു പോലും പോലിസ് നടപടിയെ വിമർശിക്കുന്നവർ പുറത്തുവിട്ടിട്ടില്ല. ഇതെല്ലാം രാഷ്ട്രീയക്കളികളാണ്.

ഒരു സാധാരണ പോലിസ് നടപടിയെന്നതിൽ കവിഞ്ഞ പ്രാധാന്യം ഈ നടപടിയിൽ കാണുന്നില്ല. അതിനെ മറ്റു രീതിയിൽ കാണുന്നത് ശരിയല്ല. ആദിവാസികൾ കൈയേറിയ ഭാഗത്ത് നിന്ന് സമാധാനപരമായി ഒഴിപ്പിക്കാനാണ് സർക്കാർ ശ്രമിച്ചത്. ഇവർ അക്രമാസക്തരായപ്പോൾ പോലിസ് നടപടിയല്ലാതെ മറ്റ് പോംവഴിയുണ്ടായില്ല. ഇതിൻെറ പേരിൽ എന്തൊക്കെ രാഷ്ട്രീയക്കളികളുണ്ടായാലും സർക്കാർ പതറില്ല. പകരം സ്ഥിരോൽസാഹത്തോടെ മുന്നോട്ട് പോവുകയും ചെയ്യും -മുഖ്യമന്ത്രി പറഞ്ഞു.

അപകടത്തിൽ പരിക്കേറ്റയാൾ മരിച്ചു

കൂത്താട്ടുകുളം: വാഹനാപകടത്തിൽ പരിക്കേറ്റ് ചികിൽസയിൽ കഴിഞ്ഞിരുന്ന പിറവം കക്കാട് നെടിയരിപ്പുഴ ജോയി (45) മരിച്ചു. പിറവം പാലത്തിന് സമീപം മൂന്നുമാസം മുമ്പ് ബൈക്കപകടത്തിലാണ് പരിക്കേറ്റത്. എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ ചികിൽസയിലായിരുന്നു. ഭാര്യ: വടവുകോട് വട്ടപ്പാറ കുടുംബാംഗം മേരി. മകൾ: അഖില.

നാരായണസ്വാമിയുടെ മൃതദേഹം സംസ്കരിച്ചു

തിരുവനന്തപുരം: കഴിഞ്ഞ ദിവസം നിര്യാതനായ വയലിനിസ്റ്റ് ചാലക്കുടി എൻ.എസ്. നാരായണസ്വാമിയുടെ മൃതദേഹം കഴിഞ്ഞദിവസം തൈക്കാട് ശ്മശാനത്തിൽ സംസ്കരിച്ചു. മന്ത്രിമാരായ ജി. കാർത്തികേയൻ, എം.എം. ഹസൻ, ബി. വിജയകുമാർ എം.എൽ.എ, എം. വിജയകുമാർ, കടകംപള്ളി സുരേന്ദ്രൻ എന്നിവർ സംസ്കാരത്തിനെത്തിയിരുന്നു. സംഗീതജ്ഞരായ നെല്ലൈ പി.വി. കൃഷ്ണമൂർത്തി, നെയ്യാറ്റിൻകര വാസുദേവൻ, മാവേലിക്കര വേലുക്കുട്ടി നായർ, മാവേലിക്കര രാജു എന്നിവരും ഓൾ ഇന്ത്യാ റേഡിയോ സ്റ്റാഫും സ്വാതിതിരുനാൾ സംഗീത കോളജിലെ അധ്യാപകരും വിദ്യാർഥികളും സന്നിഹിതരായിരുന്നു.

മുത്തങ്ങ വനത്തിൽ നിന്ന് വെടിയുണ്ടകൾ ലഭിച്ചു

ബാബു ചെറിയാൻ

മുത്തങ്ങ: ആദിവാസികളെ ഒഴിപ്പിക്കാൻ പോലിസ് വെടിവെപ്പ് നടന്ന തകരപ്പാടി വനമേഖലയിലെ പൊൻകുഴിയിൽ നിന്ന് ക്രൈംബ്രാഞ്ച് സ്പെഷൽ ഇൻവെസ്റ്റിഗേഷൻ ടീം ആറ് വെടിയുണ്ടകൾ കണ്ടെടുത്തു.

എസ്.ഐ.ജി-3 എസ്.പി മാത്യു പോളികാർപ്പിൻെറ നേതൃത്വത്തിൽ ഇന്നലെ നടന്ന പരിശോധനയിലാണ് ഇവ കണ്ടെടുത്തത്. 303 റൈഫിളിൽ ഉപയോഗിക്കുന്ന മെറ്റൽ ബുള്ളറ്റിൻെറ ഒരു ഒഴിഞ്ഞ കെയ്സ്, രണ്ട് റബർ ബുള്ളറ്റുകൾ, മൂന്ന് പ്ലാസ്റ്റിക് പെല്ലറ്റുകൾ എന്നിവ കരിഞ്ഞ പുല്ലുകൾക്കിടയിലാണ് കണ്ടത്. കൂടുതൽ വെടിയുണ്ടകൾ കണ്ടെടുക്കാൻ കഴിയാത്തത് പോലിസിനെ കുഴക്കുന്നുണ്ട്. 25 ഓളം റൗണ്ട് വെടിവെച്ചുവെന്നും 303 റൈഫിൾ ഉപയോഗിച്ചില്ലെന്നുമായിരുന്നു പോലിസിൻെറ ഔദ്യോഗിക ഭാഷ്യം.

മുളങ്കൂട്ടങ്ങൾക്കുള്ളിൽ ആദിവാസികൾ നിർമിച്ച ഏറുമാടത്തിൽ കയറി പരിശോധിച്ച ഉദ്യോഗസ്ഥർ ഒരു വാക്കത്തി കസ്റ്റഡിയിലെടുത്തു. മുളവെട്ടാനുപയോഗിക്കുന്ന കത്തി മുളയിൽ വെട്ടിവെച്ച നിലയിലായിരുന്നു. പൊൻകുഴിയിൽ വെടിവെപ്പ് നടന്ന പ്രദേശമാണ് ഉദ്യോഗസ്ഥർ ആദ്യം പരിശോധിച്ചത്. പന്ത്രണ്ടോളം പേരടങ്ങുന്ന സംഘം ഈ മേഖല അരിച്ചുപെറുക്കി. വനം കത്തി നശിച്ചതിനാലും ജനങ്ങൾ കയറിയിറങ്ങുന്നതുമൂലവും തെളിവ് കണ്ടെത്താൻ ഉദ്യോഗസ്ഥർ പ്രയാസപ്പെടുകയാണ്.

വനത്തിൽ താൽക്കാലിക വാച്ചർമാരായി ജോലി ചെയ്യുന്ന ഏതാനും ആദിവാസികളിൽ നിന്ന് സംഘം വീണ്ടും മൊഴിയെടുത്തു. മുത്തങ്ങ ഫോറസ്റ്റ് ക്യാമ്പിൽ നടന്ന തെളിവെടുപ്പിൽ ആദിവാസികൾ ഭയത്തോടെയാണ് മൊഴി നൽകിയത്. വനംവകുപ്പ് ഉദ്യോഗസ്ഥരുടെ സാന്നിധ്യമില്ലാത്തിടത്തുവെച്ച് ഇവരെ വീണ്ടും ചോദ്യം ചെയ്തേക്കും. റിമാൻറിൽ കഴിയുന്ന മുഴുവൻ പേരിൽ നിന്നും വൈകാതെ മൊഴിയെടുക്കുമെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു.

അതേ സമയം വനത്തിനുള്ളിൽ ജെ.സി.ബി കൊണ്ടുവന്നുവെന്ന പ്രചരണം ശരിയാവാനിടയില്ലെന്ന് ക്രൈംബ്രാഞ്ച് അറിയിച്ചു. എന്നാൽ വയനാട്ടിലെ ഒരു മുൻ എസ്.ഐയുടെ മകൻെറ ചുമതലയിലുള്ള ജെ.സി.ബി വെടിവെപ്പ് നടന്ന ദിവസം രാത്രി ഏഴുമണിയോടെ തകരപ്പാടി വനത്തിലേക്ക് പോയതായി സമീപവാസികൾ പറയുന്നു. വനത്തിൽ അവിടവിടെ മണ്ണ് ഇളകി കിടക്കുന്നതും ദുരൂഹതയുണർത്തുന്നുണ്ട്.

കൊച്ചി-തിരുവനന്തപുരം ജനശതാബ്ദി യാത്രക്ക് 35 രൂപ കുറയും

ന്യൂദൽഹി: ഏപ്രിൽ ഒന്നു മുതൽ രാജധാനി, ജനശതാബ്ദി എക്സ്പ്രസ് ട്രെയിനുകളിലെ യാത്രാനിരക്ക് കുറയും. എറണാകുളം-തിരുവനന്തപുരം ജനശതാബ്ദിയുടെ രണ്ടാം ക്ലാസ് നിരക്ക് 130ൽ നിന്ന് 95 രൂപയാകും. എ.സി. ചെയർകാർ നിരക്ക് 345ൽ നിന്ന് 290 ആകും.

തിരുവനന്തപുരത്തുനിന്ന് ദൽഹി നിസാമുദ്ദീനിലേക്കുള്ള രാജധാനി നിരക്കുകളിലും കാര്യമായ മാറ്റമുണ്ട്. എ.സി. 3 ടയറിന് ചാർജ് 2282 രൂപയിൽനിന്ന് 1863 രൂപയായി കുറയും. 419 രൂപയുടെ കുറവാണ് ഈ ക്ലാസിൽ വരുന്നത്. എ.സി. 2 ടയറിൽ നിരക്ക് 811 രൂപ കുറഞ്ഞ് 2,943 രൂപയാകും. എ.സി. ഒന്നാം ക്ലാസ് നിരക്ക് 1,401 രൂപ കുറഞ്ഞ് 6,070 രൂപയാകും. ചാർജ് കുത്തനെ ഉയർത്തിയതോടെ, ഈ ട്രെയിനുകളെ വിട്ട് യാത്രക്കാർ വിമാനയാത്ര തെരഞ്ഞെടുത്തു തുടങ്ങിയതാണ് നിരക്ക് കുറക്കാൻ നിർബന്ധിതമാക്കിയത്. നിരക്ക് കുറച്ചതിലൂടെ, ഈ വണ്ടികളെ ആശ്രയിച്ചിരുന്നവർ വീണ്ടും മടങ്ങിയെത്തുമെന്നാണ് റെയിൽവേയുടെ പ്രതീക്ഷ.

ഫാക്ട്: 200 കോടി വായ്പ അനുവദിക്കണം

സ്വന്തം ലേഖകൻ

കൊച്ചി: ഫാക്ട് നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ പ്രവർത്തന മൂലധനമായി കേന്ദ്രസർക്കാർ 200 കോടിയുടെ പലിശരഹിത വായ്പ അനുവദിക്കണമെന്ന് സേവ് ഫാക്ട് ആക്ഷൻ കമ്മിറ്റി ഭാരവാഹികൾ പത്രസമ്മേളനത്തിൽ ആവശ്യപ്പെട്ടു. പെട്രോളിയം മന്ത്രാലയം കൊച്ചിൻ റിഫൈനറിയുമായി ബന്ധപ്പെട്ട് ഫാക്ടിന് ആവശ്യമായ പെട്രോളിയം ഉൽപന്നങ്ങൾ കടമായി നൽകാൻ നടപടി സ്വീകരിക്കണം. ഫാക്ടിൻെറ പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് അടുത്തമാസം മൂന്നിന് വൈകുന്നേരം അഞ്ചു മുതൽ അരമണിക്കൂർ കളമശ്ശേരി, തൃപ്പൂണിത്തുറ എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ഫാക്ട് ജീവനക്കാർ ദേശീയപാത ഉപരോധിക്കുമെന്നും ആക്ഷൻ കമ്മിറ്റി ഭാരവാഹികളായ കെ. ചന്ദ്രൻപിള്ള, വിജയൻപിള്ള, ജോർജ് തോമസ്, ജോസഫ് വർഗീസ് എന്നിവർ അറിയിച്ചു. ഫാക്ട് വിറ്റഴിച്ച മൂന്നുലക്ഷം ടൺ വളത്തിൻെറ സബ്സിഡിയായി കേന്ദ്രം നൽകാനുള്ള 50 കോടി ഉടൻ ലഭ്യമാക്കണമെന്നും ഫാക്ടിൽ യൂറിയ ഉൽപാദനത്തിന് നടപടിയെടുക്കണമെന്നും അവർ ആവശ്യപ്പെട്ടു. പ്രതിവർഷം യൂറിയ സബ്സിഡിയായി ഫാക്ടിന് 250 കോടിയോളം രൂപയാണ് ലഭിച്ചിരുന്നത്. ഫാക്ടിൻെറ അമോണിയ പ്ലാൻറ് നിർമാണത്തിന് നൽകിയ 378 കോടിയുടെ വായ്പ ഓഹരി മൂലധനമാക്കി മാറ്റി പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്രസർക്കാർ നടപടിയെടുക്കണം. വിപണനസ്തംഭനം ചൂണ്ടിക്കാട്ടി ഫാക്ടിലെ പ്ലാൻറുകൾ ഒന്നൊന്നായി നിർത്തുന്ന മാനേജ്മെൻറ് നടപടി ദുരുദ്ദേശ്യപരമാണ്.

കൊച്ചിൻ റിഫൈനറിക്ക് 90 കോടി നൽകാനുണ്ടെന്ന പേരിൽ നാഫ്തയുടെയും ബെൻസീനിൻെറയും വിതരണം നിർത്തിയതിനു പിന്നിൽ മാനേജ്മെൻറ് തലത്തിൽ രൂപപ്പെട്ട ഭിന്നതയാണ് കാരണം. 140 കോടിവരെ കെ.ആർ.എല്ലിന് ഫാക്ട് നൽകാനുണ്ടായിട്ടും യഥേഷ്ടം ഇവ ലഭിച്ചിരുന്നതായും അവർ പറഞ്ഞു.

ബാങ്കുകളുടെ കൺസോർഷ്യം ഫാക്ടിന് ഓവർ ഡ്രാഫ്റ്റായി 175 കോടി അനുവദിച്ചിട്ടുണ്ട്. 5000 കോടിയുടെ ആസ്തിയുള്ള സ്ഥാപനത്തിനുള്ള ബാങ്കുകളുടെ ഓവർഡ്രാഫ്റ്റ് ആവശ്യമെങ്കിൽ ഉയർത്താമായിരുന്നു. പ്ലാൻറുകൾ അടച്ച് സ്ഥാപനത്തിന് സാമ്പത്തിക നഷ്ടമുണ്ടാക്കാനാണ് മാനേജ്മെൻറ് ശ്രമിച്ചതെന്നും അവർ കുറ്റപ്പെടുത്തി. ഇത് സ്വകാര്യവത്കരണത്തിനുള്ള ഗൂഢശ്രമമാണ്. പ്രവർത്തനമൂലധനത്തിൻെറ പേരിലുണ്ടായ പ്രതിസന്ധി യഥാസമയം പരിഹരിക്കാമെന്നിരിക്കെ പ്ലാൻറുകളുടെ പ്രവർത്തനം നിർത്തിയത് ആസൂത്രിതമാണ്.

ഫാക്ട് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുഖ്യമന്ത്രിക്ക് നിവേദനവും നൽകിയിട്ടുണ്ട്.

ഹജ്ജ് വിമാനം മുടങ്ങി; ഹാജിമാർ ഇന്നെത്തും

മലപ്പുറം: യന്ത്രത്തകരാർമൂലം ഇന്നലെ കരിപ്പൂരിലെത്തേണ്ട ഹജ്ജ് വിമാനം മുടങ്ങി. ഹാജിമാരെ ഇന്ന് നാട്ടിലെത്തിക്കാൻ എയർ ഇന്ത്യാ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്നലത്തെ വിമാനത്തിൽ വരേണ്ട ഹാജിമാർ ഇന്ന് രാവിലെ 11.30-നുള്ള വിമാനത്തിലാണ് കരിപ്പൂരിലെത്തുക. ശനിയാഴ്ച വരെ എത്തേണ്ട ഹാജിമാർ ഓരോ ദിവസം വൈകിയാണ് എത്തുക. ഞായറാഴ്ച രണ്ട് വിമാനം ഏർപ്പെടുത്തി പഴയ ഷെഡ്യൂൾപ്രകാരം തന്നെ സർവീസ് തുടരാനാവുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് എയർ ഇന്ത്യാ സ്റ്റേഷൻ മാനേജർ കെ.പി. മുത്തുക്കോയ പറഞ്ഞു.

ഇന്നലെ കരിപ്പൂരിലെത്തേണ്ട ഹാജിമാരെ കയറ്റാനായി ചൊവ്വാഴ്ച രാത്രി ജിദ്ദയിലേക്ക് പറക്കുമ്പോഴാണ് വിമാനം തകരാറിലായത്. രാത്രി 11.30ന് മുംബൈയിൽനിന്ന് പറന്നുപൊങ്ങിയ വിമാനത്തിൻെറ ചിറകിന് തകരാറ് കണ്ടതിനെ തുടർന്ന് 10 മിനിറ്റിനകം കൺട്രോൾ റൂമിൽ നിന്ന് തിരിച്ചുവിളിക്കുകയായിരുന്നു. യന്ത്രത്തിന് കാര്യമായ തകരാറുള്ളതിനാൽ പെട്ടെന്ന് ശരിയാക്കാനാവില്ലത്രെ. വിമാനത്തിൻെറ എണ്ണക്കുറവ് കാരണം ബദൽ സംവിധാനത്തിന് കഴിഞ്ഞതുമില്ല. ഉള്ള മൂന്ന് വിമാനവും വിശിഷ്ട വ്യക്തികളെയുമായി ചേരിചേരാ സമ്മേളനത്തിന് പോയിരിക്കയാണ്. പാരിസ്-ദൽഹി-മുംബൈ റൂട്ടിൽ സർവീസ് നടത്തുന്ന ജറ്റ് വിമാനമാണ് ഇന്ന് മുതൽ ഹാജിമാർക്കായി സർവീസ് നടത്തുക. ചേരി ചേരാ സമ്മേളനം കഴിഞ്ഞ് ഒരുവിമാനം കൂടി കിട്ടിയാൽ ഞായറാഴ്ച ഹാജിമാർക്കായി രണ്ട് സർവീസ് നടത്താനാവുമെന്നാണ് എയർ ഇന്ത്യാ അധികൃതർ കണക്കുകൂട്ടുന്നത്.

ഇന്നലെ വിമാനം എത്തില്ലെന്നറിഞ്ഞതോടെ കരിപ്പൂർ എയർപോർട്ടിൽ അന്വേഷണ കൗണ്ടർ തുറന്നിരുന്നു. വിമാനമെത്തില്ലെന്ന് പല കുടുംബങ്ങളിലും ജിദ്ദയിൽനിന്ന് തന്നെ വിവരം ലഭിച്ചിരുന്നു.

'വാറ്റ്': ഇനി അഞ്ച് അടിസ്ഥാന നികുതി നിരക്കുകൾ

തിരുവനന്തപുരം: പാവപ്പെട്ടവരും സാധാരണക്കാരും ഉപയോഗിക്കുന്ന വസ്തുക്കളെ മൂല്യവർധിത നികുതി സമ്പ്രദായം വരുമ്പോൾ പൂർണമായും നികുതിയിൽ നിന്ന് ഒഴിവാക്കുമെന്ന് ധനമന്ത്രി കെ. ശങ്കരനാരായണൻ നിയമസഭയിൽ പ്രസ്താവിച്ചു. മൂല്യവർധിത നികുതി ബിൽ (വാറ്റ്) സഭയിൽ അവതരിപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പുതിയ സമ്പ്രദായത്തിൽ അഞ്ച് അടിസ്ഥാന നികുതി നിരക്കുകളേ ഉണ്ടാകുകയുള്ളൂ. 0 ശതമാനം, 1 ശതമാനം, 4 ശതമാനം, 12.5 ശതമാനം, 20 ശതമാനം എന്നിവയായിരിക്കും അത്. ഇതിൽ പാവപ്പെട്ടവരുടെ അവശ്യ വസ്തുക്കൾ, അസംസ്കൃത വസ്തുക്കൾ എന്നിവ ഒന്നാംപട്ടികയിലായതിനാൽ നികുതിയുണ്ടാകില്ല. അരി, ഗോതമ്പ്, സ്വർണം തുടങ്ങിയവയെ രണ്ടാംപട്ടികയിൽ ഉൾപ്പെടുത്തി ഒരു ശതമാനം നികുതി ചുമത്തും. നിത്യോപയോഗ സാധനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ, ധാതുക്കൾ, ഭക്ഷ്യ എണ്ണ, പരിപ്പ്, പയർ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, സുഗന്ധ ദ്രവ്യങ്ങൾ എന്നിവയ്ക്ക് മൂന്നാംപട്ടികയിൽ നാല് ശതമാനം നികുതി ചുമത്തും. പെട്രോളിയം ഉത്പന്നങ്ങളും മദ്യവും അടങ്ങുന്ന നാലാംപട്ടികയിൽ 12.5 ശതമാനമാണ് നികുതി. ഇവയ്ക്കുമേൽ ആവശ്യമെങ്കിൽ ഉയർന്ന നികുതി വീണ്ടും ചുമത്തും. ഒന്നുമുതൽ നാലുവരെയുള്ള പട്ടികകളിൽപെടാത്ത വസ്തുക്കൾക്ക് അഞ്ചാം പട്ടികയിൽപ്പെടുത്തി 20 ശതമാനം നികുതിയാണ് ചുമത്തുക.

കമ്പനി നിയമവും പാർട്ട്നർഷിപ്പ് നിയമവുമനുസരിച്ച് രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ ഒഴികെയുള്ള കർഷകർക്ക് നികുതി ബാധകമാക്കരുതെന്ന് തീരുമാനിച്ചിട്ടുണ്ട്. ചെറുകിട ഇടത്തരം കർഷകർക്ക് നിലവിലുള്ള ആനുകൂല്യം തുടരുകയാണ് ഇതിൻെറ ഉദ്ദേശ്യം.

രണ്ടുലക്ഷം രൂപ മുതൽ ഇരുപത് ലക്ഷംവരെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാർക്ക് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനായി വിറ്റുവരവിൻെറ രണ്ട് ശതമാനമായി ചുരുക്കിയ നികുതി മാത്രമേ ചുമത്തുകയുള്ളൂ. വർക്ക് കോൺട്രാക്ടുകൾ, മെറ്റൽ ക്രഷിംഗ്, ഭാഗ്യക്കുറി, സ്റ്റാർ ഹോട്ടലുകളും ബാറുകളും ഒഴികെയുള്ള ഹോട്ടലുകൾ എന്നിവയ്ക്ക് കോമ്പൗണ്ടിംഗ് സമ്പ്രദായം ഏർപ്പെടുത്തും. വ്യവസായ യൂനിറ്റുകൾ വാങ്ങുന്ന പ്ലാൻറ് യന്ത്രങ്ങൾ എന്നിവയിൽ കൊടുത്ത നികുതിക്ക് ഘട്ടം ഘട്ടമായി കിഴിവ് അനുവദിക്കും. കയറ്റുമതിക്കായി വാങ്ങുന്ന വസ്തുക്കൾക്ക് കൊടുത്ത നികുതി തിരിച്ച് നൽകും. നിലവിൽ നികുതി ഒഴിവുള്ള വ്യവസായങ്ങൾക്ക് മൂല്യവർധിത നികുതിക്കനുസൃതമായ രീതിയിൽ ആനുകൂല്യം തുടരാനുള്ള സംവിധാനമുണ്ടാക്കും.

ഇപ്പോൾ പാസാക്കുന്ന ബില്ലിൽ അപാകതകളുണ്ടെങ്കിൽ അത് പിന്നീട് ഭേദഗതി വരുത്തുമെന്ന് മന്ത്രി പറഞ്ഞു. ഈ സമ്പ്രദായം വരുന്നതോടെ ആദ്യഘട്ടത്തിൽ നികുതി നഷ്ടം ഉണ്ടാകുമെങ്കിലും ആ നഷ്ടം കേന്ദ്ര സർക്കാർ നികത്തുമെന്ന് സമ്മതിച്ചിട്ടുണ്ട്. മൂല്യവർധിത നികുതി നടപ്പാക്കാൻ പശ്ചിമബംഗാൾ ധനകാര്യമന്ത്രി ചെയർമാനായ എം. പവേർസ് കമ്മിറ്റി തീരുമാനിച്ചിരിക്കുന്ന നിലയ്ക്ക് അതിൽനിന്ന് ഒഴിഞ്ഞുനിൽക്കാൻ സംസ്ഥാന സർക്കാറിനാവില്ലെന്ന് ശങ്കരനാരായണൻ പറഞ്ഞു.

കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് ക്ലിപ്തം
സ്ഥിരം നിക്ഷേപങ്ങൾക്ക് 5.5 % മുതൽ 8.5 % വരെ പലിശ നൽകുന്നു.
മുതിർന്ന പൗരന്മാർക്ക് 0.50 % അധിക നിരക്ക്
നിക്ഷേപങ്ങൾക്ക് ഇൻഷൂറൻസ് പരിരക്ഷ.
മിതമായപലിശ നിരക്കിൽ പവന് 2800 രൂപ വരെ സ്വർണ്ണ പണ്ടപണയ വായ്പ നൽകുന്നു. (ഒരു ചാർജുകളില്ല)
എൻ. കെ. അബ്ദുറഹിമാൻ, കൺവീനർ (അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി)
വി. നാരായണൻ കുട്ടി, ജനറൽ മാനേജർ (ഇൻചാർജ്ജ്)

മാതൃഭൂമി

2003 ഫിബ്രവരി 27 വ്യാഴം
1178 കുംഭം 15

Mathrubhumi, The National Daily in Malayalam
Kozhikode ◆ Kochi ◆ Thiruvananthapuram ◆ Thrissur ◆ Kannur ◆ Kottayam ◆ Malappuram ◆ Kollam ◆ Mumbai ◆ Chennai ◆ Bangalore
കോഴിക്കോട് ◆ പേജ് 14 ◆ വില രൂപ 3.25
www.mathrubhumi.com

ആയുർവേദ ഔഷധങ്ങൾക്കും ചികിൽസക്കും
അശോക ഫാർമസി
H.O. കണ്ണൂർ
കാസർഗോഡ് • പയ്യന്നൂർ • തലശ്ശേരി
കുത്തുപറമ്പ് • പാനൂർ • ഇരിട്ടി
Teekeyces

ഉൾപ്പേജുകളിൽ

പേജ് 5
മുത്തങ്ങ സംഭവം തീരാകളങ്കം: അരുന്ധതി

പേജ് 9
ജനകീയ ബജറ്റിലൂടെ റെയിൽവെ മത്സരത്തിന്


പേജ് 10
'ശിവപത്മം' പുരസ്കാരം ആഞ്ഞം കൃഷ്ണൻ നമ്പൂതിരിക്ക്

പേജ് 12
മഴ മാറി, കളി തുടങ്ങി 'ആർമികൾ' സജ്ജം

ചരക്കുകൂലി കുറയും

തീവണ്ടി യാത്രക്കൂലിയിൽ മാറ്റമില്ല

എൻ. അശോകൻ

ന്യൂഡൽഹി: യാത്രക്കൂലിയും ചരക്ക് കടത്തുകൂലിയും വർധിപ്പിക്കാതെ, അടുത്ത സാമ്പത്തികവർഷത്തേക്കുള്ള റെയിൽവെ ബജറ്റ് മന്ത്രി നിതീഷ്കുമാർ പാർലമെൻറിൽ അവതരിപ്പിച്ചു. ചില ഇനങ്ങളുടെ കടത്തുകൂലി കുറയാൻ വഴിയൊരുക്കുന്ന ബജറ്റിൽ ഏതാനും വണ്ടികളുടെ ഉയർന്ന ക്ലാസ് ടിക്കറ്റ് നിരക്കുകളിൽ ഇളവ് അനുവദിച്ചിട്ടുണ്ട്.

നിയമസഭാ തിരഞ്ഞെടുപ്പുകൾ ലക്ഷ്യംവെച്ചുള്ള ജനപ്രിയ ബജറ്റിൽ 50 പുതിയ തീവണ്ടികൾ ഓടിക്കാനും 24 വണ്ടികൾ ദീർഘിപ്പിക്കാനും 13 വണ്ടികളുടെ സർവീസുകൾ വർധിപ്പിക്കാനും നിർദേശമുണ്ട്. കേരളത്തിന് ഒരു പ്രതിവാര വണ്ടി പുതുതായി ലഭിക്കും. കേരളത്തിലൂടെ ഓടുന്ന മൂന്നു വണ്ടികളുടെ സർവീസ് ദീർഘിപ്പിക്കും. പുതിയ വണ്ടികളിൽ 13 എണ്ണവും റെയിൽവെ മന്ത്രിയുടെ സംസ്ഥാനമായ ബിഹാറിലൂടെയാണ് ഓടുക.

രാജധാനി, ശതാബ്ദി, ജനശതാബ്ദി വണ്ടികളിലെ ഉയർന്ന ക്ലാസ് നിരക്കുകളിലാണ് ഇളവുവരുത്തിയിട്ടുള്ളത്. തിരുവനന്തപുരത്തുനിന്ന് നിസാമുദ്ദീനിലേക്കുള്ള രാജധാനി എക്സ്പ്രസ്സിൽ എ.സി. ടു ടയർ ടിക്കറ്റിൽ 22 ശതമാനവും എ.സി ഫസ്റ്റ്ക്ലാസ് ടിക്കറ്റിൽ 19 ശതമാനവും കുറവു വരും. എ.സി. ത്രീ ടയറിൽ ഇപ്പോഴുള്ള 2,282 രൂപയ്ക്കുപകരം ഇനി 1,863 രൂപ നൽകിയാൽ മതിയാവും. ടു ടയർ ടിക്കറ്റ് നിരക്ക് 3,754 രൂപയിൽ നിന്ന് 2,943 രൂപയായി കുറയും. എ.സി. ഫസ്റ്റ്ക്ലാസ് ടിക്കറ്റിന് 7,471 രൂപയ്ക്കുപകരം 6,070 രൂപ നൽകിയാൽ മതിയാവും. ജനശതാബ്ദിയിൽ എറണാകുളം-തിരുവനന്തപുരം നിരക്ക് 130 രൂപയിൽനിന്ന് 95 രൂപയായി കുറയും. യാത്രക്കാർ കുറവുള്ള ജൂലായ് 15 മുതൽ സപ്തംബർ 15 വരെയുള്ള കാലത്ത് രാജധാനിയിൽ 10 ശതമാനം ഇളവ് അനുവദിക്കും. വിജയകരമെന്നു കണ്ടാൽ മറ്റു വണ്ടികളിലേക്കും ഇതു വ്യാപിപ്പിക്കും. ശതാബ്ദി, ജനശതാബ്ദി വണ്ടികളിലെ ടിക്കറ്റ് നിരക്കുകളും മറ്റു വണ്ടികളുടെ ടിക്കറ്റ് നിരക്കുകളും തമ്മിലുള്ള വ്യത്യാസം കുറച്ചിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

ചരക്കുകടത്തിൽ റോഡ് ഗതാഗതത്തിൽനിന്നുള്ള മത്സരം നേരിടാൻ തരംതിരിച്ചുള്ള നിരക്കുകൾ യുക്തിസഹമാക്കിയിട്ടുണ്ട്. ഇതനുസരിച്ച് പെട്രോളിൻെറ കടത്തുകൂലി 10.7 ശതമാനം കുറയും. മറ്റ് പെട്രോളിയം ഉല്പന്നങ്ങളുടേയും ഇരുമ്പ്, ഉരുക്ക്, സിമൻറ്ഷീറ്റ്, മൊളാസസ്, ഭക്ഷ്യ എണ്ണ തുടങ്ങിയവയുടേയും കടത്തുകൂലിയിൽ 5.3 ശതമാനം മുതൽ 9.5 ശതമാനം വരെ കുറവു വരും. മാംഗനീസ് അയിര്, കാസ്റ്റിക് സോഡ തുടങ്ങിയവയുടെ കടത്തുകൂലി 3.7 ശതമാനം കുറയും.

60 വയസ്സ് കഴിഞ്ഞവർക്ക് യാത്രക്കൂലിയിൽ 30 ശതമാനം ഇളവുലഭിക്കും. ഇപ്പോഴിത് 65 വയസ്സ് കഴിഞ്ഞവർക്കാണ് ലഭിക്കുന്നത്. അർബുദം, വൃക്കരോഗം, ഹൃദ്രോഗം തുടങ്ങിയ മാരക രോഗമുള്ളവർ ചികിത്സയ്ക്കായി പോകുമ്പോൾ 75 ശതമാനംവരെ ഇളവുലഭിക്കും. അക്രഡിറ്റേഷനുള്ള പത്രലേഖകർക്കുള്ള യാത്രാ സൗജന്യം രാജധാനി എക്സ്പ്രസ്സിലേക്കും വ്യാപിപ്പിക്കും.

റെയിൽ സുരക്ഷയ്ക്കായി 2,311 കോടി രൂപയുടെ ഫണ്ട് നീക്കിവെച്ചിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. സുരക്ഷ സംബന്ധിച്ച് ധവളപത്രം പുറപ്പെടുവിക്കും. സുരക്ഷാസേനയിലും ഗ്രൂപ്പ്-ഡി വിഭാഗത്തിലും കൂടുതൽ ആളെ നിയമിക്കും. 8,000 കോടി രൂപ ചെലവുവരുന്ന സുവർണ ചതുഷ്കോണ പാതയുടെ വികസനത്തിനും തുറമുഖങ്ങളെ ബന്ധിപ്പിക്കുന്നതിനുമുള്ള പദ്ധതികൾക്കായി ദേശീയ റെയിൽ വികാസ് യോജന നടപ്പാക്കും.

പഴയ പാളങ്ങൾ പുതുക്കുന്ന പണിയും ഗേജ്മാറ്റവും സമയബന്ധിതമായി പൂർത്തിയാക്കുമെന്ന് മന്ത്രി പറഞ്ഞു. കേരളത്തിൽ കായംകുളം-ചേപ്പാട്, കായംകുളം-മാവേലിക്കര പാതകൾ ഇരട്ടിപ്പിക്കും. രാജപാളയം-തെങ്കാശി-കൊല്ലം-തിരുച്ചെന്തൂർ പാത ബ്രോഡ്ഗേജ് ആക്കും. കൊൽക്കത്തയിലെ ചിത്പൂരിലും ഡൽഹിയിലെ ആനന്ദ്വിഹാറിലും കൂറ്റൻ റെയിൽവെ ടെർമിനലുകൾ വരും. മുംബൈയിലെ അർബൻ ട്രാൻസ്പോർട്ട് പദ്ധതിയുടെ ഒന്നാംഘട്ടം 1,613 കോടി രൂപ ചെലവിൽ അഞ്ചുവർഷംകൊണ്ട് പൂർത്തിയാക്കും.

44,881.16 കോടി രൂപ ചെലവും 43,495.00 കോടി രൂപ വരവും പ്രതീക്ഷിക്കുന്ന ബജറ്റിൻെറ പദ്ധതി അടങ്കൽ 12,918 കോടി രൂപയാണ്. നിരക്ക് കൂട്ടിയിട്ടില്ലെങ്കിലും കടത്തുകൂലി വരുമാനം 27,815 കോടി രൂപയായും യാത്രക്കൂലി വരുമാനം 10,584.15 കോടി രൂപയായും വർധിക്കുമെന്നാണ് കണക്കുകൂട്ടുന്നത്. 2003-2004 വർഷം ഉപഭോക്തൃസംതൃപ്തി വർഷമായാണ് ആചരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

റെയിൽവെ മന്ത്രി നിതീഷ്കുമാർ ബജറ്റുമായി പാർലമെൻറിലെത്തുന്നു. റെയിൽവെ സഹമന്ത്രിമാരായ എ.കെ. മൂർത്തിയും ബണ്ഡാരു ദത്താത്രെയും ആണ് സമീപം

- 50 പുതിയ വണ്ടികൾ; 24 വണ്ടികൾ ദീർഘിപ്പിക്കും
- രാജധാനി, ശതാബ്ദി, ജനശതാബ്ദി വണ്ടികളിൽ ഇളവുകൾ
- 60 കഴിഞ്ഞവർക്ക് യാത്രക്കൂലിയിൽ 30 ശതമാനം ഇളവ്
- മാരക രോഗങ്ങളുള്ളവർക്ക് 75 ശതമാനം വരെ ഇളവ്
- തിരക്കു കുറവുള്ള സീസണിൽ ചില വണ്ടികളിൽ നിരക്ക് കുറയും
- 20,000 ഒഴിവുകൾ നികത്തും
- തീവണ്ടികൾ കൂട്ടിയിടിക്കുന്നത് തടയാനുള്ള ഉപകരണങ്ങൾ സ്ഥാപിക്കും

പുതിയ ഒരു വണ്ടി മാത്രം; ഇൻറർ സിറ്റി കണ്ണൂരിലേക്ക് നീട്ടും

കേരളത്തിന് പുതിയ പാതകളില്ല; പണവും കുറവ്

മനോജ് മേനോൻ

ന്യൂഡൽഹി: പുതിയ റെയിൽവെ ബജറ്റിൽ കേരളത്തിന് ഒരു പുതിയ തീവണ്ടി മാത്രം. കൊങ്കൺ പാതയിലൂടെയുള്ള തിരുവനന്തപുരം-ജോധ്പൂർ പ്രതിവാര തീവണ്ടിയാണ് ബജറ്റിൽ സംസ്ഥാനത്തിന് ലഭിച്ചത്. പുതിയ റെയിൽപ്പാതകളൊന്നും കേരളത്തിനില്ല. നിർമാണപ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുള്ള ബജറ്റ് വിഹിതവും കുറവാണ്; 128 കോടി രൂപ മാത്രം.

മൂന്ന് തീവണ്ടികളുടെ യാത്രാദൂരം നീട്ടിയതും എറണാകുളം-കായംകുളം പാത കോട്ടയം വഴിക്കും ആലപ്പുഴ വഴിക്കും ഇരട്ടിപ്പിക്കുന്നതിന് അംഗീകാരമായതുമാണ് കേരളത്തിന് ബജറ്റ് നൽകിയ നേട്ടങ്ങൾ. ഹൈദരാബാദ്-എറണാകുളം ശബരി എക്സ്പ്രസ് തിരുവനന്തപുരത്തേക്കും എറണാകുളം-കോഴിക്കോട് എക്സ്പ്രസ് കണ്ണൂരിലേക്കും ആലപ്പുഴ-ബൊക്കാറോ എക്സ്പ്രസ് ധൻബാദിലേക്കുമാണ് നീട്ടാൻ തീരുമാനിച്ചത്.

ആന്ധ്രാപ്രദേശ്, തമിഴ്നാട്, കർണാടക സംസ്ഥാനങ്ങൾക്കായി 14 പുതിയ തീവണ്ടികൾ നൽകിയ സ്ഥാനത്താണ് കേരളത്തിന് ഒരു തീവണ്ടി മാത്രം അനുവദിച്ചത്. കഴിഞ്ഞ ബജറ്റിൽ അഞ്ച് പുതിയ തീവണ്ടികളും പുതിയ പാതകളും സംസ്ഥാനത്തിന് ലഭിച്ചിരുന്നു.

കേരളത്തിൽ നടക്കുന്ന റെയിൽവെ നിർമാണപ്രവർത്തനങ്ങൾക്കായി 128 കോടി രൂപ മാത്രമാണ് ഇക്കുറി ബജറ്റ് വിഹിതമായി നീക്കിവെച്ചത്. കഴിഞ്ഞവർഷം ഇത് 208.8 കോടി രൂപയായിരുന്നു. എറണാകുളം-കായംകുളം പാത ആലപ്പുഴ വഴിക്കും കോട്ടയം വഴിക്കും ഇരട്ടിപ്പിക്കുന്നതിന് 10 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. ഇതോടൊപ്പം നിലവിലുള്ള പാത ഇരട്ടിപ്പിക്കൽ പ്രവർത്തനങ്ങൾക്കും പണം അനുവദിച്ചിട്ടുണ്ട്. ഷൊർണൂർ-കുറ്റിപ്പുറം-കോഴിക്കോട് പാതയ്ക്ക് 30 കോടി, കോഴിക്കോട്-മംഗലാപുരം 25 കോടി, എറണാകുളം-മുളന്തുരുത്തി 8 കോടി എന്നിങ്ങനെയാണ് തുക നീക്കിവെച്ചിരിക്കുന്നത്.

മേൽപ്പാലങ്ങളുടെ നിർമാണപ്രവർത്തനങ്ങൾക്കായി 22.65 കോടി രൂപ ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്. പുതിയ പാലങ്ങളുടെ നിർമാണത്തിനായി 3.21 കോടി രൂപയും അനുവദിച്ചു. ഷൊർണൂർ-കോഴിക്കോട് പാതയിലെ പാലത്തിൻെറ പുനർനിർമാണത്തിന് രണ്ട് കോടി, ഷൊർണൂർ-മംഗലാപുരം പാതയിൽ പാലത്തിൻെറ പുനർനിർമാണത്തിന് 64 ലക്ഷം, ഷൊർണൂർ-കോഴിക്കോട് പാതയിൽ പുതിയ പാലത്തിൻെറ നിർമാണത്തിന് 53.86 ലക്ഷം എന്നിങ്ങനെയാണ് പണം വകകൊള്ളിച്ചത്. പാതകളുടെ വൈദ്യുതീകരണപ്രവർത്തനം തുടരുന്നതിനായി 21.97 കോടി രൂപയാണ് നീക്കിവെച്ചിരിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ അനുവദിച്ച മൂന്നു പാതകൾക്കായി 15 കോടി രൂപകൂടി ബജറ്റിൽ നൽകുന്നുണ്ട്. താനൂർ-ഗുരുവായൂർ പാതയ്ക്ക് 3 കോടി, അങ്കമാലി-ശബരിമല പാതയ്ക്ക് 10 കോടി, കോട്ടയം-എരുമേലി പാതയ്ക്ക് 2 കോടി എന്നിങ്ങനെയാണ് പണം അനുവദിച്ചത്.

ജീവനക്കാരുടെ പണിമുടക്ക് പിൻവലിച്ചു

തിരുവനന്തപുരം: ഇടതുപക്ഷത്തെ അധ്യാപക-സർവീസ് സംഘടനകൾ വ്യാഴാഴ്ച നടത്താനിരുന്ന പണിമുടക്ക് പിൻവലിച്ചു. ജീവനക്കാരുമായി ചർച്ചയ്ക്ക് മന്ത്രിസഭ തീരുമാനിച്ച സാഹചര്യത്തിലാണ് പണിമുടക്ക് പിൻവലിക്കുന്നതെന്ന് സമരസമിതി കൺവീനർ എം.എൻ.വി.ജി. അടിയോടിയും ആക്ഷൻ കൗൺസിൽ ജനറൽ കൺവീനർ സി.കെ. അശോകനും അറിയിച്ചു.

സമരം പിൻവലിക്കുന്നതായി കെ.എസ്.ടി.എ. ജനറൽ സെക്രട്ടറി റഷീദ് കണിച്ചേരി, എൻ.ജി.ഒ. ഫ്രണ്ട് നേതാവ് സി.പി. ജോൺ, ടീച്ചേഴ്സ് ആൻഡ് എംപ്ലോയീസ് ഫ്രണ്ട് ചെയർമാൻ കല്ലട നെപ്പോളിയൻ എന്നിവരും അറിയിച്ചു.

സംഘടനകളുമായി സർക്കാർ ചർച്ച നടത്തുമെന്ന് മുഖ്യമന്ത്രി എ.കെ. ആൻറണി മന്ത്രിസഭായോഗത്തിനുശേഷം പത്രലേഖകരോട് പറഞ്ഞു.

മുത്തങ്ങ: ജുഡീ. അന്വേഷണം വേണം -ബി.എസ്. ശാസ്ത്രി

പ്രത്യേക ലേഖകൻ

പാലക്കാട്: വയനാട്ടിലെ മുത്തങ്ങയിൽ നടന്ന സംഭവങ്ങളുടെ സത്യസ്ഥിതി പുറത്തുകൊണ്ടുവരുവാൻ ജുഡീഷ്യൽ അന്വേഷണം നടത്തുകയാണ് വേണ്ടതെന്ന് ദേശീയ പട്ടികജാതി-പട്ടികവർഗ കമ്മീഷൻ ചെയർമാൻ ഡോ. ബിസായ് ശങ്കർശാസ്ത്രി അഭിപ്രായപ്പെട്ടു.

വയനാട്ടിലെ മുത്തങ്ങയിലേക്ക് പോകുന്നവഴി അട്ടപ്പാടി അഹാഡ്സ് ആസ്ഥാനത്ത് പത്രലേഖകരുമായി സംസാരിക്കുകയായിരുന്നു ഡോ. ബി.എസ്. ശാസ്ത്രി. മുത്തങ്ങയിൽ ആദിവാസികൾക്കുനേരെ നടന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള അതിക്രമങ്ങൾ അതീവ ഗുരുതരമാണ്. അതുകൊണ്ടാണ് കാര്യങ്ങൾ നേരിട്ട് അന്വേഷിക്കാൻ എത്തിയത്.

മുഖ്യമന്ത്രി എ.കെ. ആൻറണിയെ വർഷങ്ങളായി തനിക്ക് നേരിട്ടു പരിചയമുണ്ടെന്നും പറഞ്ഞ ശാസ്ത്രി ആദിവാസി പ്രശ്നം പരിഹരിക്കാൻ ആൻറണി ശ്രമിക്കുമെന്ന് പ്രത്യാശിച്ചു.

മുത്തങ്ങ സംഭവത്തെതുടർന്ന് ആദിവാസികൾ ഭീതിയോടെ ഊരുകൾ വിട്ടുപോകുന്നു എന്നാണ് റിപ്പോർട്ട്. ഇങ്ങനെ സംഭവിക്കാൻ പാടില്ല. ആദിവാസികൾക്ക് സർക്കാർ എല്ലാവിധസംരക്ഷണവും നൽകണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകിയേതീരൂ. ഇതിനുസർക്കാരിൻെറ പക്കൽ ഭൂമിയില്ലെങ്കിൽ വിലക്കുവാങ്ങി നൽകണം. ഇതിലേക്ക് കേന്ദ്രഗവൺമെൻറ് സഹായം ലഭിക്കുമെന്നും ശാസ്ത്രി അറിയിച്ചു.



- ലിവിധം
- നൈനിറ്റാളിലേയ്ക്കുള്ള ട്രെയിൻ യാത്രയും നീരികളുടെ കലഹവും
- പ്ലാസ്റ്റിക് യുഗം
- സൗഹാർദം
- പ്രശ്നവശാൽ, നിർവര, കലികാലം.കോം, കാലികവിക്ഷണം
- കുട്ടേട്ടനും കുട്ടികളും മണ്ടൂസ്, ഉണ്ണിക്കുട്ടൻ

നമ്മഭൂമി
2003 ഫിബ്രവരി 28, വെള്ളി

മാതൃഭൂമി-എസ്കോട്ടൽ ജനശബ്ദം

ഇന്നലത്തെ സർവെ ഫലം*
ആദിവാസികൾക്കിരക്കേറിൽ താഴെയേ നല്ലാനാവൂ എന്ന കെ.പി.സി.സി. അധ്യക്ഷൻെറ വാദം ന്യായമാണോ?

ഇന്നത്തെ ചോദ്യം
മൂല്യവർധിത നികുതിയോടുള്ള വ്യാപാരികളുടെ നിലപാട് ശരിയോ?

അഭിപ്രായം രേഖപ്പെടുത്താൻ എസ്കോട്ടൽ വരിക്കാർക്ക് 6666ലേക്ക് SMS അയക്കാവുന്നതാണ്.
*സർവെഫലം, എസ്കോട്ടൽ SMS സംവിധാനത്തിൽ മറുപടി നൽകിയവരുടെ അഭിപ്രായം മാത്രമാണ്. ഇതു പൊതുജനങ്ങളുടെ മുഴുവൻ അഭിപ്രായമായി പരിഗണിക്കേണ്ടതില്ല.



TV, VCD, HOME THEATRE, DVD...
15 ലക്ഷം രൂപയുടെ സമ്മാനങ്ങൾ

സവർക്കറുടെ ചിത്രം അനാച്ഛാദനം ചെയ്തു

സ്വന്തംലേഖകൻ

ന്യൂഡൽഹി: സ്വാതന്ത്ര്യ സമരസേനാനിയും ഹിന്ദുമഹാസഭയുടെ അധ്യക്ഷനുമായിരുന്ന വീർ സവർക്കറുടെ ഛായാചിത്രം രാഷ്ട്രപതി എ.പി.ജെ. അബ്ദുൽകലാം ബുധനാഴ്ച പാർലമെൻറിൻെറ സെൻട്രൽ ഹാളിൽ അനാച്ഛാദനം ചെയ്തു.

പ്രതിപക്ഷം ചടങ്ങ് ബഹിഷ്കരിച്ചെങ്കിലും മുൻ പ്രധാനമന്ത്രി ചന്ദ്രശേഖറുടെ സാന്നിധ്യം ശ്രദ്ധേയമായി. രാജ്യസഭാ ഉപാധ്യക്ഷ നജ്മാ ഹെപ്തുള്ള ചടങ്ങിനെത്തിയെങ്കിലും ലോക്സഭാ ഡെപ്യൂട്ടി സ്പീക്കർ പി.എം. സെയ്ത് വിട്ടുനിന്നു. എൻഡിഎ സഖ്യകക്ഷി പ്രതിനിധികളും പങ്കെടുത്തു.

സെൻട്രൽ ഹാളിൽ ഗാന്ധിജിയുടെ ചിത്രത്തിന് എതിർവശത്തായിട്ടായിരിക്കും നാലടി നീളവും അഞ്ചടി വീതിയും ഉള്ള ചിത്രം സ്ഥാപിക്കുന്നത്.

ഉപരാഷ്ട്രപതി ഭൈരോ സിങ് ശെഖാവത്ത്, പ്രധാനമന്ത്രി വാജ്പേയി, ഉപപ്രധാനമന്ത്രി അദ്വാനി, പാർലമെൻററികാര്യ മന്ത്രി സുഷമാ സ്വരാജ് തുടങ്ങിയവർ സവർക്കർ ചിത്രത്തിന് മുന്നിൽ പുഷ്പങ്ങൾ അർപ്പിച്ചു.

15 ശ.മാ. നിരക്ക് വർധനയ്ക്ക് വൈദ്യുതിബോർഡ് ബജറ്റിൽ നിർദ്ദേശം

തിരുവനന്തപുരം: വൈദ്യുതിക്ക് 15 ശതമാനം നിരക്ക് വർധന പ്രതീക്ഷിക്കുന്ന ബജറ്റ് വൈദ്യുതി ബോർഡ് അംഗീകരിച്ചു. യൂണിറ്റിന് 40 പൈസയോളം വർധനയാണ് പ്രതീക്ഷിക്കുന്നത്. ബജറ്റ് സർക്കാരിലേക്ക് അയച്ചു. ബോർഡിൻെറ വരുമാന കമ്മി 1850 കോടി രൂപയിൽനിന്ന് 1250 കോടിയാക്കി കുറയ്ക്കാനാണ് നിർദ്ദേശം.

ബോർഡ് ജീവനക്കാർക്ക് കുടിശ്ശികയുള്ള രണ്ടുഗഡു ഡി.എ. തല്ക്കാലം അനുവദിക്കില്ല. കൂടുതൽ വൈദ്യുതി വാങ്ങേണ്ടിവരുന്നതുമൂലമുള്ള സാമ്പത്തിക പരാധീനത കണക്കിലെടുത്താണിത്. 2003-04ൽ 9224 ദശലക്ഷം യൂണിറ്റ് വൈദ്യുതി വില്ക്കാനാവുമെന്ന് ബജറ്റിൽ പ്രതീക്ഷിക്കുന്നു. 2842 കോടി രൂപയാണ് ഈയിനത്തിൽ പ്രതീക്ഷിക്കുന്നത്. ഇതുപ്രകാരം യൂണിറ്റിന് ശരാശരി വില മൂന്നുരൂപയാവണം. ഈ സാമ്പത്തികവർഷം 8705 ദശലക്ഷം യൂണിറ്റ് വഴി 2332 കോടിയാണ് പ്രതീക്ഷിച്ചിരുന്നത്. ഇതുപ്രകാരം ശരാശരി വില 2.67 രൂപയായിരുന്നു.

തടവിലുള്ള ആദിവാസി സ്ത്രീകളെ വിട്ടയയ്ക്കുമെന്ന് മുഖ്യമന്ത്രി

സ്വന്തം ലേഖകൻ

തിരുവനന്തപുരം: മുത്തങ്ങാ സംഭവത്തിൽ തടവിലുള്ള ആദിവാസി സ്ത്രീകളേയും കുട്ടികളേയും സർക്കാർ ഇടപെട്ട് ഉടൻ വിട്ടയയ്ക്കുമെന്ന് മുഖ്യമന്ത്രി എ.കെ. ആൻറണി നിയമസഭയിൽ പറഞ്ഞു. ജാമ്യാപേക്ഷ നൽകിയവരെ ഉടൻ വിട്ടയയ്ക്കും. അല്ലാത്തവരുടെ മോചനത്തിന് സർക്കാർ മുൻകൈയെടുക്കും.

കണ്ണൂർ ജില്ലയിൽ പരിക്കുകളോടെ തടവിൽ കഴിയുന്ന ആദിവാസി സ്ത്രീകളുടെ ദയനീയ സ്ഥിതി പ്രതിപക്ഷ നേതാവ് അച്യുതാനന്ദനാണ് സബ്മിഷനായി സഭയിൽ ഉന്നയിച്ചത്. ജയിൽ സന്ദർശിച്ചതിൻെറ വെളിച്ചത്തിലായിരുന്നു ഇത്. ആദിവാസികളെയും ഭൂമി നൽകാമെന്ന് പറഞ്ഞ് അവരെ വഴിതെറ്റിച്ച സമരക്കാരെയും ഒരുപോലെയാണ് സർക്കാർ കാണുന്നത്. സംഘർഷത്തിനിടെ എട്ടൊമ്പത് കുട്ടികളെയെങ്കിലും കാണാതായിട്ടുണ്ട്. മുത്തങ്ങ സംഭവത്തിൻെറ പേരിൽ പ്രതികാരദാഹത്തോടെ പോലീസ് ആദിവാസികളെ പീഡിപ്പിക്കുന്നുവെന്നും വി.എസ്. ആരോപിച്ചു.

പ്രതിപക്ഷാംഗങ്ങളുടെ അഭിപ്രായപ്രകടനങ്ങളെ സ്പീക്കർ നിയന്ത്രിക്കാൻ ശ്രമിച്ചത് സഭയിൽ ബഹളത്തിന് ഇടയാക്കി. സ്പീക്കർ ആക്ഷേപിക്കുന്നുവെന്നായിരുന്നു പ്രതിപക്ഷത്തിൻെറ ആരോപണം. മുത്തങ്ങയിൽ വെട്ടേറ്റ് മരിച്ച വിനോദ് എന്ന പോലീസുകാരൻെറ വീട് പ്രതിപക്ഷ നേതാവ് സന്ദർശിക്കാത്തത് മോശമായി എന്ന മുഖ്യമന്ത്രിയുടെ പ്രതികരണവും പ്രതിപക്ഷത്തെ ചൊടിപ്പിച്ചു. മരിച്ച പോലീസുകാരൻ പാവപ്പെട്ട പട്ടികജാതിക്കാരനാണെന്നത് പരസ്യമാക്കാൻപോലും പ്രതിപക്ഷത്തിന് മടിയാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

Thanks a zillion !

South Indian Bank's total business crosses Rs. 10,000 crores.

OVER 74 YEARS OF TOTAL BANKING

The South Indian Bank Ltd
Regd.Office: Thrissur, Kerala
A Bank For All Seasons
A Bank For All Generations

• 387 branches in 12 states • Attractive deposit schemes • Loan schemes for all your needs • Anywhere banking at key branches
• On-line ATMs • Mutual fund schemes • Life and non-life insurance solutions • Demat facilities

• സ്വകാര്യം •

കാക്കിയുടെ ബലത്തിൽ ഒരു വിലസൽ

പോലീസിൻെറ വേഷം കാക്കിയാണ്. കാക്കി ധരിച്ച പോലീസുകാർക്ക് പല സൗജന്യങ്ങളും കിട്ടുമെന്ന് എല്ലാവർക്കും അറിയാം. അവയിലൊന്നാണ് സ്വകാര്യ ബസ്സിൽ സൗജന്യ യാത്ര.

ആലപ്പുഴ ജില്ലയിൽ കായംകുളത്തെ ചില പോലീസുകാരും ഈ സൗജന്യം സസന്തോഷം അനുഭവിക്കുന്നുണ്ട്. പോലീസ് സ്റ്റേഷന് സമീപമുള്ള ഒരു സ്റ്റോപ്പിൽ നിന്ന് മിക്കവാറും ബസ് കയറുന്ന കാക്കി പാൻറ്സ്



ധാരിയും ഇത് മതിയാവോളം അനുഭവിച്ചുകൊണ്ടിരുന്നതിൽ തെറ്റൊന്നുമില്ലല്ലോ?

പാൻറ്സ് മാത്രമേ കാക്കിയുള്ളൂ. കക്ഷി ഡ്യൂട്ടി കഴിഞ്ഞ് പോവുന്ന നേരമാണെന്ന് ബസ്സുകാർ കരുതി. സാധാരണ ഷർട്ടാണ് യാത്രയ്ക്കിടയിൽ ഇടാറുള്ളത്. കാക്കി പാൻറ്സ് കണ്ടപ്പോൾ കിളിയും ഡ്രൈവറും കരുതി ഇത് സാക്ഷാൽ ഏമാൻ തന്നെ. ഏമാനും വിട്ടില്ല. ഇടയ്ക്കിടയ്ക്ക് ബസ്സിലെ ഫസ്റ്റ് എയിഡ് ബോക്സ് പരിശോധിക്കും. ഡ്രൈവർ ഓവർസ്പീഡ് എടുത്താൽ വിലക്കും. പിന്നെ ഒരു ഡയലോഗും. ''പെറ്റി കേസ് എടുക്കണമെങ്കിൽ എടുക്കാൻ വേണ്ടത്ര വകയുണ്ട്. പക്ഷേ നിങ്ങൾ കാട്ടുന്ന സൗഹൃദംകൊണ്ട് അതൊക്കെ വേണ്ടായെന്ന് വെക്കുകയാണ്''. ബസ് ജീവനക്കാർക്ക് സന്തോഷം. ഒരു ഏമാനെ കൂട്ടായി കിട്ടിയല്ലോയെന്ന് അവരും കരുതി. ഏമാന് എവിടെ പോവണമെങ്കിലും ജീവനക്കാർ ടിക്കറ്റ് നൽകില്ല. സൗജന്യ യാത്ര എവിടേക്കും.

കുറെ നാൾ സൗജന്യ യാത്ര തുടർന്നു. കഴിഞ്ഞ ഒരു ദിവസം ഏമാൻ പറഞ്ഞു. ''അത്യാവശ്യമായി ഒരു ആയിരം രൂപ കടം വേണം. മടക്ക ട്രിപ്പിൽ തിരിച്ചുതരാം.'' പെറ്റിയടിക്കാത്ത സ്വന്തം ഏമാനല്ലേ. പണം കടം കൊടുക്കാൻ കണ്ടക്ടർക്ക് ഒട്ടും മടിയുണ്ടായില്ല.

പക്ഷേ പിന്നീടുള്ള ദിവസങ്ങളിൽ ഏമാനെ മഷിയിട്ട് നോക്കിയിട്ടും കാണാനില്ല. ഏമാൻ ബസ്സിൽ കയറുന്നുമില്ല. ബസ്സുടമസ്ഥ് 1000 രൂപ കൊടുക്കണമല്ലോ. ഏമാനെ തിരക്കി സ്ഥിരമായി അയാൾ കയറാറുള്ള സ്റ്റോപ്പിന് സമീപമുള്ള സ്റ്റേഷനിൽ ജീവനക്കാർ ചെന്നപ്പോഴാണ് കള്ളി അറിയുന്നത്. അങ്ങനെ ഒരു പോലീസുകാരൻ കായംകുളത്ത് എന്നല്ല, സമീപ പ്രദേശങ്ങളിലൊന്നുമില്ല. വ്യാപകമായി നടത്തിയ അന്വേഷണത്തിൻെറ ഒടുവിൽ കക്ഷിയെ കണ്ടെത്തി. ആൾ പോലീസുകാരനൊന്നുമല്ല. കാക്കി വേഷം യൂണിഫോം ആയിട്ടുള്ള സർക്കാരിൻെറ മറ്റൊരു വകുപ്പിലെ ജീവനക്കാരനാണ് കക്ഷി. ബസ് ജീവനക്കാർ കക്ഷിയെ 'നല്ല വാക്കുകൾ' കൊണ്ട് നന്നായി പൂശിയെന്നാണ് സ്വകാര്യം.

കലോത്സവത്തിനിടയിലെ തല്ല് വൻ പ്രശ്നമാകുന്നു

കലോത്സവത്തിനിടെ തല്ലും വഴക്കും മറ്റും ഉണ്ടാവുന്നത് ഇപ്പോൾ വാർത്തയേ അല്ലല്ലോ. അവയെല്ലാം കലോത്സവ പിറ്റേന്ന് ഒത്തുതീരുകയാണ് പതിവ്. പ്രത്യേകിച്ച് കോളേജ് കലോത്സവങ്ങളിൽ. എന്നാൽ ഈയിടെ വൈക്കത്തു സമാപിച്ച എം.ജി.സർവകലാശാലാ കലോത്സവത്തിനിടെയുണ്ടായ 'അടി' പോളിറ്റ്ബ്യൂറോവിൽ വരെ എത്തിക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്.

മഹാരാജാസ് കോളേജിലെ ഒരു 'സഖാവി'നുണ്ടായ അനുഭവമാണ് പ്രശ്നം. ആദ്യപടിയായി വി.എസ്.അച്യുതാനന്ദന് കത്ത് പോയിക്കഴിഞ്ഞുവെന്നറിയുന്നു. എസ്എഫ്ഐയുടെ ആലപ്പുഴ, വൈക്കം, കോട്ടയം മേഖലകളിലെ പ്രവർത്തകനായിരുന്നു ഇദ്ദേഹം. വിദ്യാർഥി സമരത്തിൽ പങ്കെടുത്തതിന് നേരത്തെ വൈക്കത്തെ ഗുണ്ടാ മർദനവും എം.ജി.സിൻഡിക്കേറ്റ് സമരത്തിനിടെ പോലീസ് മർദനവും ഏറ്റ ചരിത്രവുമുണ്ട് കക്ഷിക്ക്. ഇപ്പോഴത്തെ മന്ത്രി എം.വി.രാഘവനെ കൊല്ലത്ത് തടഞ്ഞ സംഭവത്തിൽ മർദനമേറ്റ കാര്യവും 'സഖാവ്' വി.എസ്-നുള്ള കത്തിൽ പറയുന്നുണ്ടത്രെ. സംഭവങ്ങൾ ഏതാണ്ടിങ്ങനെയാണ്. സ്ഥലത്തെ ഒരു സഖാവ് ഒരു എസ്എഫ്ഐക്കാരനെ മർദിക്കുന്നതുകണ്ട് തടയാൻ ചെന്നതാണ് പരാതിക്കാരൻ. ഉന്തും തള്ളുമായ സംഭവം അന്നു തീരുമെന്നാണ് കരുതിയത്. പക്ഷേ, പിറ്റേന്ന് വേറെയും ചിലരെ കൂട്ടി തലേന്നത്തെ സഖാവ് ഇദ്ദേഹത്തെ വളഞ്ഞിട്ടു തല്ലിയത്രെ. കലോത്സവത്തിൽ സമ്മാനങ്ങൾ നേടിയ ഇയാൾ ഒരു മത്സരത്തിൻെറ ഫലത്തെക്കുറിച്ച് പരാതി നൽകാൻ പോകുമ്പോഴായിരുന്നു സ്വന്തക്കാരുടെ തല്ല്. എന്തായാലും പോലീസിൽ പോകാതെ പാർട്ടിതലത്തിൽ പരാതികളുമായി പോകുമെന്നാണ് തല്ലിനിരയായ സഖാവും കൂട്ടരും പറയുന്നത്.

മണൽക്കൊള്ളയ്ക്കെതിരെ നിരന്തരം വാർത്ത വേണമെന്ന് പോലീസുകാരും

പെരിയാറിലെ മണൽക്കൊള്ളയ്ക്കെതിരെ ചൂടുള്ള വാർത്തകൾ ഈയിടെ പ്രസിദ്ധീകരിക്കുന്നില്ല എന്ന പരാതിയുമായി നടക്കുകയാണ് പുഴയോര പ്രദേശങ്ങളിലെ ചില പോലീസുകാർ.

പത്രമാഫീസുകളിൽ പോലീസ് വേഷമില്ലാതെ രഹസ്യമായി ചെന്നും ഫോൺ വിളിച്ചും മണൽലോബിക്കെതിരെ വാർത്തയെഴുതാൻ ലേഖകരെ നിർബന്ധിക്കുകയാണ് ഇക്കൂട്ടർ.

സ്റ്റേഷൻ പരിധിയിലെ ചില കടവുകൾ പരാതിക്കാർ പ്രത്യേകം പരാമർശിക്കും. അത്തരം സ്ഥലങ്ങളിൽ മ



ണൽക്കൊള്ള പട്ടാപ്പകൽപോലും നടക്കുകയാണെന്നും ഇതിനെതിരെ പോലീസ് ശക്തമായി രംഗത്തെത്തുകയാണെന്നും വാർത്തയിൽ സൂചിപ്പിക്കണമെന്ന് പറയുകയും ചെയ്യും.

പരിസ്ഥിതി സ്നേഹവും നാടു നന്നാക്കണമെന്ന ആഗ്രഹവും പോലീസുകാർക്കുണ്ടാകുന്നത് നല്ലകാര്യം തന്നെ. മണൽക്കൊള്ളക്കെതിരെ മുറയ്ക്കു വാർത്ത വന്നില്ലെങ്കിൽ ഏമാന്മാർക്കുള്ള ആഴ്ചപ്പടി കുറയുമെന്നതാണ് ഈ വാർത്താപ്രേമത്തിനു കാരണം.

എസ്.പി.യുടെ പ്രത്യേക നിർദേശമുണ്ടെന്നും വാർത്ത വന്നതിനാൽ അനധികൃത മണലിനെ നിയമപരമാക്കാൻ 'റിസ്ക്' കൂടുതലെന്നും പറഞ്ഞ് മണൽ ലോബിയുടെ പക്കൽനിന്ന് വിലപേശി കൂടുതൽ പണം വാങ്ങാൻ വേണ്ടിയാണിത്. ഇത്തരം കാക്കി വേഷധാരികളുടെ വരുമാനം പതിന്മടങ്ങു വർദ്ധിച്ചിട്ടുണ്ടത്രെ.

'വാർത്താധിഷ്ഠിത ക്രമസമാധാന പരിപാലനം' എന്നാണത്രെ പോലീസുകാർക്കിടയിലെ ചില രസികന്മാർ ഇതിനു നൽകിയിരിക്കുന്ന പേര്.

70 ലക്ഷം തൊഴിൽ നൽകിയെന്ന് പ്രധാനമന്ത്രി

തൊഴിലാളികൾ പാർലമെൻ്റ് മാർച്ച് നടത്തി

സ്വന്തം ലേഖകൻ

ന്യൂഡൽഹി: കേന്ദ്ര സർക്കാരിൻെറ സാമ്പത്തിക നയങ്ങൾക്കും തൊഴിലാളി വിരുദ്ധ നയങ്ങൾക്കുമെതിരെ ബി.എം.എസ് ഒഴികെയുള്ള കേന്ദ്ര ട്രേഡ് യൂണിയനുകളുടെ നേതൃത്വത്തിൽ ബുധനാഴ്ച പാർലമെൻ്റിലേക്ക് മാർച്ച് നടത്തി. മാർച്ച് സംബന്ധിച്ച അടിയന്തര പ്രമേയത്തിൽ ഇടപെട്ട് പ്രധാനമന്ത്രി നടത്തിയ പരാമർശം ലോക്സഭയിൽ വൻ ബഹളത്തിന് വഴിവെച്ചു.

ലക്ഷ്മി നഗറിൽ നിന്ന് തുടങ്ങിയ 50000-ഓളം വരുന്ന തൊഴിലാളികളുടെ മാർച്ച് രഞ്ജിത് സിങ് ഫ്ലൈ ഓവറിൽ വെച്ച് പോലീസ് തടഞ്ഞു. തുടർന്ന് നടന്ന പൊതു യോഗത്തെ സി.ഐ.ടി.യു നേതാവ് എം.കെ.പാന്ഥെ, ഐ.എൻ.ടി.യു.സി നേതാവ് പി.എൽ.സുബ്ബയ്യ, എ.ഐ.ടി.യു.സി.നേതാവ് ഗുരുദാസ് ദാസ് ഗുപ്ത, യു.ടി.യു.സി.നേതാവ് അബനി റോയ്, യു.ടി.യു.സി (ലെനിൻസരണി) നേതാവ് അച്ചിൻ സിൻഹ, എച്ച്.എം.എസ് നേതാവ് ഉമാറാവു പുരോഹിത് തുടങ്ങിയവർ അഭിസംബോധന ചെയ്തു.

സർക്കാരിൻെറ തൊഴിലാളി വിരുദ്ധ, ജനവിരുദ്ധ നയങ്ങൾക്കെതിരെ ബജറ്റ് സമ്മേളനം തീരും മുമ്പ് പൊതുപണിമുടക്ക് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

സി.പി.എം നേതാവ് സോമനാഥ് ചാറ്റർജിയാണ് അടിയന്തര പ്രമേയമായി പ്രശ്നം ലോക്സഭയുടെ ശ്രദ്ധയിൽ കൊണ്ടു വന്നത്. ചർച്ചക്കിടയിൽ ഇടപെട്ട പ്രധാനമന്ത്രി വാജ്പേയി തൻെറ സർക്കാർ 70 ലക്ഷം പുതിയ തൊഴിലുകൾ സൃഷ്ടിച്ചതായി അവകാശപ്പെട്ടു.

പ്രധാനമന്ത്രിയുടെ പ്രസ്താവനയെ പ്രതിപക്ഷം ചോദ്യം ചെയ്തു. 70 ലക്ഷം പുതിയ തൊഴിൽ നൽകിയെന്ന പ്രധാനമന്ത്രിയുടെ പ്രസ്താവനയിലേക്ക് ശ്രദ്ധതിരിച്ച പ്രതിപക്ഷം ഇതിൻെറ തെളിവുകൾ വെളിപ്പെടുത്താൻ ആവശ്യപ്പെട്ടു.

തൊഴിലില്ലായ്മയെ കുറിച്ച് പ്രത്യേക ചർച്ച നടത്താമെന്ന് സ്പീക്കർ മനോഹർ ജോഷി ഇതിനിടെ നിർദേശിച്ചു. എന്നാൽ ഇതിനോട് പ്രതിപക്ഷ അംഗങ്ങൾ യോജിച്ചില്ല. ബഹളം തുടരുന്നതിനിടയിൽ സ്പീക്കർ റെയിൽവെ ബജറ്റ് അവതരണത്തിലേക്ക് കടന്നു.

ബുധനാഴ്ച സഭാ നടപടികൾ തുടങ്ങുന്നതിന് മുമ്പ് തൊഴിലാളികളോട് ഐക്യദാർഢ്യം പ്രകടിപ്പിച്ച് ഇടതുപക്ഷ അംഗങ്ങൾ പാർലമെൻ്റ് മന്ദിരത്തിന് മുന്നിൽ ധർണ നടത്തി. സർക്കാരിനെതിരെ മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകളും ഉയർത്തിയായിരുന്നു ധർണ.

വൈദ്യുതി ബോർഡ് ജീവനക്കാർ പണിമുടക്ക് തുടങ്ങി

തിരുവനന്തപുരം: വൈദ്യുതി ബോർഡിലെ ഐ.എൻ.ടി.യു.സി. ഒഴികെയുള്ള സംഘടനകളുടെ പണിമുടക്ക് തുടങ്ങി. ബോർഡ് സ്വകാര്യവത്കരണം ഉപേക്ഷിക്കുക, ക്ഷാമബത്ത കുടിശ്ശിക നൽകുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചാണ് പണിമുടക്ക്.

ബുധനാഴ്ച രാത്രി 12ന് ആരംഭിച്ച സമരം 24 മണിക്കൂർ നീണ്ടുനിൽക്കും. കെ.എസ്.ഇ.ബി. ഓഫീസേഴ്സ് അസോസിയേഷൻ, ഓഫീസേഴ്സ് ഫെഡറേഷൻ എന്നീ സംഘടനകളും പണിമുടക്കിലുണ്ട്.

ടെലികോം സമരം നിർത്തിവെച്ചു

കൊച്ചി: ടെലികോം വകുപ്പിലെ ഓഫീസർമാർ നടത്താനിരുന്ന സമരപരിപാടികൾ തൽക്കാലത്തേക്ക് നിർത്തിവെച്ചു. 2000 ഒക്ടോബർ 1 മുതൽ മുൻകാലപ്രാബല്യത്തോടെ പ്രതിമാസം 2000 രൂപ നൽകാമെന്ന് ബിഎസ്എൻഎൽ ബോർഡുമായി നടത്തിയ ചർച്ചയിൽ ഉറപ്പുലഭിച്ചതിനെ തുടർന്നാണ് സമരം നിർത്തിവെയ്ക്കുന്നതെന്ന് ഏകോപന സമിതി കൺവീനർ അറിയിച്ചു.



മുത്തങ്ങയിൽ ഏറ്റുമുട്ടൽ നടന്ന ഭാഗം സന്ദർശിച്ച അരുന്ധതി റോയി മാധ്യമ പ്രവർത്തകരുമായി സംസാരിക്കുന്നു

മുത്തങ്ങ സംഭവം തീരാകളങ്കം: അരുന്ധതി

സ്വന്തം ലേഖകൻ

മുത്തങ്ങ: മുത്തങ്ങയിൽ ആദിവാസികൾക്ക് നേരെയുണ്ടായ പോലീസ് അതിക്രമം കേരള ചരിത്രത്തിലെ തീരാകളങ്കമാണെന്ന് എഴുത്തുകാരിയും പരിസ്ഥിതി പ്രവർത്തകയുമായ അരുന്ധതി റോയി അഭിപ്രായപ്പെട്ടു. പരിക്കേറ്റ് ബത്തേരി താലൂക്ക് ആസ്പത്രിയിൽ കഴിയുന്ന ആദിവാസികളെയും മുത്തങ്ങയിൽ ഏറ്റുമുട്ടൽ നടന്ന സ്ഥലവും സന്ദർശിച്ച ശേഷം മാധ്യമ പ്രവർത്തകരുമായി സംസാരിക്കുകയായിരുന്നു അവർ.

ഇതു കേരളമാണെന്ന് വിശ്വസിക്കാൻ പോലും കഴിയുന്നില്ല. പോലീസുകാരനെ തടഞ്ഞുവെച്ചവർക്കുനേരെ പോലീസ് നടത്തിയ വെടിവെപ്പിലാണ് അദ്ദേഹം മരിക്കാനിടയായത്. എന്തൊക്കെ സംഭവിച്ചാലും സ്ത്രീകളും കുട്ടികളുമടങ്ങുന്ന ജനക്കൂട്ടത്തിന് നേരെ പോലീസ് നടത്തിയ വെടിവെപ്പിനെ ന്യായീകരിക്കാനാവില്ല-അവർ പറഞ്ഞു.

മാറിമാറിവരുന്ന സർക്കാരുകൾ മൂന്നു പതിറ്റാണ്ടായി ആദിവാസികളുടെ പ്രശ്നങ്ങളെ അവഗണിക്കുകയാണെന്ന് അരുന്ധതി കുറ്റപ്പെടുത്തി. ആദിവാസികൾക്ക് ഭൂമി നൽകാമെന്ന വാഗ്ദാനം പാലിക്കാൻ സർക്കാർ തയ്യാറാകണം.

മുത്തങ്ങ സംഭവത്തിൻെറ പേരിൽ മുഖ്യമന്ത്രി ആൻറണി രാജിവെക്കണമെന്ന അഭിപ്രായമില്ലെന്ന് അരുന്ധതി റോയ് പറഞ്ഞു. സായുധസമരത്തെ അംഗീകരിക്കുന്നുമില്ല. അത്തരം നടപടികൾ പ്രശ്നം രാഷ്ട്രീയവത്കരിക്കുന്നതിന് കാരണമാകും. പോലീസ് നടപടിയെ തുടർന്ന് കാണാതായ ആദിവാസികളെക്കുറിച്ച് അന്വേഷിക്കണം. പോലീസിനോടൊപ്പം പൊതുജനങ്ങളും ഇവരെ കണ്ടെത്താൻ തയ്യാറാകണം-അരുന്ധതി അഭ്യർഥിച്ചു. പരിക്കേറ്റ ആദിവാസികൾക്ക് ചികിത്സയും മരുന്നും ലഭ്യമാക്കാൻ ശ്രമിക്കുമെന്ന് അരുന്ധതി റോയിക്കൊപ്പമുണ്ടായിരുന്ന ഡോ. എ.കെ. രാമകൃഷ്ണൻ, എം. സുബ്രഹ്മണ്യൻ എന്നിവരറിയിച്ചു.

ആദിവാസികൾക്ക് നിയമസഹായം ലഭ്യമാക്കാൻ ജസ്റ്റിസ് വി.ആർ. കൃഷ്ണയ്യരുടെ നേതൃത്വത്തിൽ ജുഡീഷ്യൽ കമ്മീഷൻ രൂപവത്കരിക്കാനും ശ്രമമുണ്ട്. ശരത്ചന്ദ്രൻ, ലളിത് റോയി, എലിസബത്ത് എന്നിവരും അരുന്ധതിക്കൊപ്പമുണ്ടായിരുന്നു.

മുത്തങ്ങ: ജുഡീ. അന്വേഷണം ആവശ്യപ്പെട്ട് സി.പി.എം. മാർച്ച്

തിരുവനന്തപുരം: മുത്തങ്ങയിലെ പോലീസ് വെടിവയ്പിനെപ്പറ്റി ജുഡീഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് മാർച്ച് മൂന്നിന് സി.പി.എം. സംസ്ഥാനത്തെ സർക്കിൾ ഇൻസ്പെക്ടർ ഓഫീസുകളിലേക്ക് മാർച്ച് നടത്തും. ഇതിനെത്തുടർന്ന് ഇടതുമുന്നണി തലത്തിൽ ആലോചിച്ച് ഉയർന്ന രീതിയിലുള്ള പ്രക്ഷോഭങ്ങളിലേക്ക് കടക്കുമെന്ന് സി.പി.എം. സംസ്ഥാന സെക്രട്ടറി പിണറായി വിജയൻ പത്രസമ്മേളനത്തിൽ പറഞ്ഞു.

പോലീസ് വെടിവയ്പിനെപ്പറ്റി ജുഡീഷ്യൽ അന്വേഷണം നടത്തില്ലെന്ന പിടിവാശിയിലാണ് മുഖ്യമന്ത്രി. പരിഷ്കൃത ലോകത്തിന് ചേരാത്ത നിലപാടാണിത്. ആദിവാസിപ്രശ്നം സർക്കാർ നിസ്സാരമായാണ് കാണുന്നത്.

പ്രതിപക്ഷ ചീഫ് വിപ്പ് നിയമസഭാ കവാടത്തിൽ നടത്തുന്ന നിരാഹാര സമരത്തോടുള്ള സമീപനംതന്നെ ഇതിനുള്ള തെളിവാണ്.

പദവിക്ക് ചേരുന്നവാക്കുകളാണോ താൻ പറയുന്നതെന്ന് സ്പീക്കർ വക്കം പുരുഷോത്തമൻ സ്വയം വിലയിരുത്തണമെന്നും പിണറായി പറഞ്ഞു. ''ഞാനിതൊക്കെ എത്ര കണ്ടതാ മോനേ'' എന്നാണ് എം.വി. ജയരാജനെ നോക്കി സ്പീക്കർ പറഞ്ഞത്. മുൻമന്ത്രി കെ. രാധാകൃഷ്ണൻ നിരാഹാര സമരം തുടങ്ങുന്നകാര്യം അറിയിച്ചപ്പോൾ സെക്രട്ടേറിയറ്റിന് മുന്നിൽ പോയി കിടന്നുകൂടേ എന്നായിരുന്നു സ്പീക്കറുടെ പ്രതികരണം. എന്താണ് ഇതിൻെറയൊക്കെ അർഥം - പിണറായി ചോദിച്ചു.

ഇടക്കാല റിപ്പോർട്ടിലുള്ള പരാമർശങ്ങൾക്ക് അപ്പുറമായിട്ടൊന്നും സി.പി.എമ്മിനെതിരെ ഇപ്പോൾ ജസ്റ്റിസ് വി.പി.മോഹൻകുമാർ കമ്മീഷൻ പറഞ്ഞിട്ടില്ലെന്നും അദ്ദേഹം പറഞ്ഞു.

അന്വേഷണം ആവശ്യമില്ലെന്ന് ഉമ്മൻ ചാണ്ടി

തിരുവനന്തപുരം: മുത്തങ്ങ സംഭവത്തെപ്പറ്റി ജുഡീഷ്യൽ അന്വേഷണത്തിൻെറ ആവശ്യമില്ലെന്ന് യു.ഡി.എഫ്. കൺവീനർ ഉമ്മൻചാണ്ടി പത്രസമ്മേളനത്തിൽ വ്യക്തമാക്കി. എൽ.ഡി.എഫ്. സമരം നിറുത്തണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. അന്വേഷണത്തിന് സർക്കാരിന് മടിയില്ല. പക്ഷേ, അതിൻെറ ആവശ്യമില്ല. നൂറുകണക്കിന് ആളുകൾ നോക്കിനിൽക്കുമ്പോഴാണ് വെടിവയ്പ് ഉണ്ടായത്.

അന്വേഷണം സർക്കാരിൻെറ ആദിവാസി ക്ഷേമ പ്രവർത്തനങ്ങളെ ബാധിക്കുമെന്നും ഉമ്മൻചാണ്ടി പറഞ്ഞു. മുത്തങ്ങയിലെ സമരക്കാരെ രണ്ടു മന്ത്രിമാർ സഹായിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതേപ്പറ്റി ആരായും. സർക്കാരിൻെറ പാളിച്ചകൾ ചൂണ്ടിക്കാണിക്കാൻ കെ.പി.സി.സി. പ്രസിഡണ്ടിന് അധികാരമുണ്ട്.

ആദിവാസികൾക്കുവേണ്ടി എൽ.ഡി.എഫ്. കഴിഞ്ഞ അഞ്ചു വർഷം ഒന്നും ചെയ്തിട്ടില്ലെന്ന് ഉമ്മൻചാണ്ടി കുറ്റപ്പെടുത്തി. 30,124.57 ഏക്കർ വനംഭൂമി ആദിവാസികൾക്ക് നൽകാൻ വനസംരക്ഷണ നിയമം അനുസരിച്ചുള്ള അനുവാദത്തിന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും ഉമ്മൻചാണ്ടി വ്യക്തമാക്കി.

രാധാകൃഷ്ണൻെറ സത്യാഗ്രഹം തുടരുന്നു

തിരുവനന്തപുരം: ആദിവാസി പ്രശ്നങ്ങൾ പരിഹരിക്കണമെന്നാവശ്യപ്പെട്ട് പ്രതിപക്ഷ ചീഫ് വിപ്പ് കെ.രാധാകൃഷ്ണൻ നിയമസഭാഹാൾ കവാടത്തിൽ നടത്തുന്ന നിരാഹാര സത്യാഗ്രഹം രണ്ടാംദിവസമായ ബുധനാഴ്ചയും തുടർന്നു.

രാധാകൃഷ്ണൻെറ ആരോഗ്യത്തിന് തകരാറൊന്നുമില്ല. പ്രമേഹത്തിൻെറ നേരിയ പ്രശ്നമുള്ള പ്രതിപക്ഷാംഗത്തിൻെറ രക്തം പരിശോധിച്ചു. കാര്യമായ കുഴപ്പമൊന്നും കണ്ടില്ല.

രാധാകൃഷ്ണൻെറ നിരാഹാരസമരം അവസാനിപ്പിക്കാൻ നടപടി എടുക്കണമെന്ന് നിയമസഭയിൽ മുഖ്യമന്ത്രി എ.കെ. ആൻറണി ആവശ്യപ്പെട്ടു. ജയിലിൽ കഴിയുന്ന ആദിവാസി സ്ത്രീകളെ സംബന്ധിച്ച് പ്രതിപക്ഷ നേതാവ് വി.എസ്.അച്യുതാനന്ദൻ അവതരിപ്പിച്ച സബ്മിഷന് മറുപടി പറയുമ്പോഴായിരുന്നു ഈ അഭ്യർഥന. എന്ത് തടസ്സമുണ്ടെങ്കിലും ആദിവാസികൾക്ക് ഭൂമി നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതുകൊണ്ട് സത്യാഗ്രഹം അവസാനിപ്പിച്ച് രാധാകൃഷ്ണനെ എഴുന്നേല്പിച്ചു കൊണ്ടുപോകണം. പുറമേകാണുന്നതുപോലെ പൂർണ ആരോഗ്യമുള്ളയാളല്ല രാധാകൃഷ്ണനെന്നും അദ്ദേഹം പറഞ്ഞു.

ഇ.കെ.നായനാർ, പിണറായി വിജയൻ, ടി.കെ.രാമകൃഷ്ണൻ, എം.എ.ബേബി തുടങ്ങിയ നിരവധിയാളുകൾ രാധാകൃഷ്ണനെ കാണാനെത്തി. രാവിലെ നായനാർ വന്നപ്പോൾ രാധാകൃഷ്ണൻ ഏകനായിരുന്നു. പ്രതിപക്ഷനേതാവ് സബ്മിഷനിലൂടെ മുത്തങ്ങ പ്രശ്നം വീണ്ടും സഭയിലുന്നയിച്ചപ്പോഴാണ് നായനാർ എത്തിയത്. അപ്പോൾ മറ്റ് പ്രതിപക്ഷാംഗങ്ങളെല്ലാം സഭയിലായിരുന്നു.

113 ആദിവാസികളെ വിട്ടയച്ചു

സുൽത്താൻബത്തേരി: മുത്തങ്ങ സംഭവത്തിൽ വനംവകുപ്പ് എടുത്ത കേസിൽ ഉൾപ്പെട്ട് റിമാൻഡിലായിരുന്ന 113 സ്ത്രീകളെ ബത്തേരി ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതി മോചിപ്പിച്ചു.

ഇവർ കണ്ണൂർ, കോഴിക്കോട് ജെയിലുകളിലാണിപ്പോഴുള്ളത്. ആദിവാസി സ്ത്രീകളെ വിട്ടയയ്ക്കാൻ തീരുമാനിച്ചതോടെ ഒപ്പം കഴിയുന്ന 46 ആദിവാസി കുട്ടികളും മോചിതരാകും. ആസ്പത്രിയിൽ ചികിത്സയിലായിരുന്ന ബുധനാഴ്ച ഡിസ്ചാർജ് ചെയ്ത രണ്ട് ആദിവാസി സ്ത്രീകളെയും ഒരു കുട്ടിയെയും കോടതിയിൽ ഹാജരാക്കിയിരുന്നു. അവർക്കും ജാമ്യം അനുവദിച്ചു. ഇതോടെ മുത്തങ്ങ സംഭവത്തിൽ റിമാൻഡ് ചെയ്യപ്പെട്ടവരിൽ പോലീസ് കേസെടുത്തിട്ടുള്ളവർ മാത്രമേ തടവിൽ അവശേഷിക്കുന്നുള്ളൂ.

അഭിഭാഷകരായ ഒ.കെ. അനിൽ, സി.കെ. മേഴ്സി എന്നിവർ നൽകിയ ജാമ്യാപേക്ഷയെത്തുടർന്ന് മജിസ്ട്രേറ്റ് ഹഫീസ് മുഹമ്മദ് ആദിവാസികളെ സ്വന്തം ജാമ്യത്തിൽ വിടുകയായിരുന്നു.

നിയമസഭ തൽക്കാലം നിർത്തി വച്ചേക്കും

തിരുവനന്തപുരം: മൂല്യവർധിത നികുതിബിൽ പാസ്സാക്കിയശേഷം നിയമസഭാസമ്മേളനം വ്യാഴാഴ്ച തൽക്കാലത്തേക്ക് നിർത്തിവെക്കാൻ സാദ്ധ്യതയേറി.

ആദിവാസി പ്രശ്നങ്ങൾ മുൻനിറുത്തി പ്രതിപക്ഷ ചീഫ് വിപ്പ് കെ. രാധാകൃഷ്ണൻ നിയമസഭാ ഹാളിന് മുന്നിൽ നിരാഹാരസത്യാഗ്രഹം അനുഷ്ഠിക്കുന്ന സാഹചര്യത്തിലാണിത്.

വ്യാഴാഴ്ച കാര്യോപദേശക സമിതി ചേരുന്നുണ്ട്. യോഗത്തിൽ ഇതുസംബന്ധിച്ച തീരുമാനമുണ്ടാവും.

മാർച്ച് 10, 11 തീയതികളിൽ എ.ഡി.ബി, ജിം എന്നിവയെപ്പറ്റി ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്. 10-ന് സഭ വീണ്ടും ചേരാം എന്നാണ് ഒരു നിർദ്ദേശം. 14ന് സംസ്ഥാന ബജറ്റ് ദിവസം ഇനി സഭ സമ്മേളിച്ചാൽ മതി എന്നും അഭിപ്രായമുണ്ട്.

ഉപധനാഭ്യർഥനകളും അത് സംബന്ധിച്ച ധനവിനിയോഗ ബില്ലും അടുത്ത ആഴ്ചത്തേക്ക് നിശ്ചയിച്ചിരുന്നതാണ്.

മാധ്യമ പ്രവർത്തകർക്കുണ്ടായ നഷ്ടം പരിഹരിക്കണം: കെ.യു.ഡബ്ല്യു.ജെ

തിരുവനന്തപുരം: മുത്തങ്ങയിൽ മാധ്യമ പ്രവർത്തകർക്കുണ്ടായ നഷ്ടം പരിഹരിക്കാൻ സർക്കാർ സന്നദ്ധമാകണമെന്നും ഇതിനുപിന്നിൽ പ്രവർത്തിച്ചവരെ കണ്ടുപിടിക്കാൻ തയ്യാറാവണമെന്നും കേരള യൂണിയൻ ഓഫ് വർക്കിംഗ് ജേർണലിസ്റ്റ് ജനറൽ സെക്രട്ടറി എസ്.ജയശങ്കർ മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ ആവശ്യപ്പെട്ടു.

ജനറൽ സെക്രട്ടറിക്കുപുറമേ തിരുവനന്തപുരം ജില്ലാ പ്രസിഡണ്ട് കെ.കുഞ്ഞിക്കണ്ണൻ, സംസ്ഥാന കമ്മിറ്റിയംഗം സുധാകരൻ പിള്ള എന്നിവരടങ്ങുന്ന സംഘം മുത്തങ്ങയിൽ ആക്രമിക്കപ്പെട്ട മാധ്യമപ്രവർത്തകരെ സന്ദർശിച്ചിരുന്നു.

പോലീസ് നടപടി നടക്കുമ്പോൾ കാട്ടിലുണ്ടായിരുന്ന ഏഴ് ലേഖകരെ വിരട്ടിയോടിച്ചു. വെടിവയ്പ് നടന്നശേഷം സമരക്കാരോടെന്നപോലെയാണ് പോലീസ് പെരുമാറിയതെന്ന് സംഘം മനസ്സിലാക്കി. ഡി.ജി.പി.യുടെ വാർത്താ സമ്മേളനത്തിനുശേഷം മാധ്യമപ്രവർത്തകരെ മുത്തങ്ങയിലേക്ക് അടുപ്പിച്ചില്ല. ഇതേ തുടർന്ന് യഥാർഥ വിവരങ്ങൾ ലഭിക്കാതാകുകയും ഊഹാപോഹങ്ങൾ പ്രചരിക്കുകയും ചെയ്തു. പോലീസ് ആക്രമണത്തിൽ പരിക്കേറ്റ കൈരളി ടി.വി.ക്യാമറാമാൻ ഇപ്പോഴും ചികിത്സയിലാണ്.

മാധ്യമപ്രവർത്തകരോട് പോലീസ് അപമര്യാദയായാണ് പെരുമാറിയത്. വാർത്താമാധ്യമങ്ങളാണ് ആദിവാസികളെ പ്രോത്സാഹിപ്പിക്കുന്നതെന്നും അവരെ നാട്ടുകാർ കൈകാര്യം ചെയ്യണമെന്നും നിർദ്ദേശിച്ചു. വനംമന്ത്രിയുടെ പ്രസ്താവനകളും സാമൂഹ്യദ്രോഹികളെ സഹായിക്കുന്നതായി. ആദിവാസി സമരമെന്ന ദേശദ്രോഹ പ്രവർത്തനത്തിന് മാധ്യമപ്രവർത്തകരും പങ്കാളികളാണെന്നും അവരെ നിരീക്ഷിച്ചുകൊണ്ടിരിക്കുകയാണെന്നുമാണ് മന്ത്രി പരസ്യമായി പറഞ്ഞത്.

സമരക്കാരുമായി സംസാരിച്ച മാധ്യമപ്രവർത്തകരെ ശത്രുക്കളായി ചിത്രീകരിക്കുകയും കേസെടുക്കാൻ ആലോചിക്കുകയുമാണ്.

മുത്തങ്ങയിൽ മാധ്യമ പ്രവർത്തകർക്കുണ്ടായ ദുരനുഭവം ജനാധിപത്യ പാരമ്പര്യത്തിനുചേർന്നതല്ല. ഇഷ്ടമില്ലാത്ത മാധ്യമപ്രവർത്തകർക്കുനേരെ കള്ളക്കേസുണ്ടാക്കാൻ ശ്രമിക്കുന്നവരെ പിന്തിരിപ്പിക്കണം -നിവേദനത്തിൽ പറയുന്നു.

ജാനുവിനെയും ഗീതാനന്ദനെയും പരിശോധിച്ച് റിപ്പോർട്ട് നൽകണം: കോടതി

കല്പറ്റ: സി.കെ. ജാനുവിനെയും എം. ഗീതാനന്ദനെയും വിദഗ്ദ്ധ ഡോക്ടറെക്കൊണ്ട് പരിശോധിപ്പിച്ച് കോടതിയിൽ നേരിട്ട് റിപ്പോർട്ട് നൽകാൻ ബത്തേരി ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് ഹഫീസ് മുഹമ്മദ് ബുധനാഴ്ച ഉത്തരവിട്ടു. പ്രതിഭാഗം അഭിഭാഷകരായ എ. ജോസഫ് മാത്യു സമർപ്പിച്ച ഹർജിയെത്തുടർന്നാണ് കോടതിയുടെ ഉത്തരവ്.

കോഴിക്കോട് മെഡിക്കൽ കോളേജ് സൂപ്രണ്ടിനും കോഴിക്കോട് ജെയിൽ സൂപ്രണ്ടിനുമാണ് കോടതി ഇതുസംബന്ധിച്ച് നിർദേശം നൽകിയത്.

പ്രതിഭാഗം അഭിഭാഷകർ ചൊവ്വാഴ്ച റിമാൻഡിൽ കഴിയുന്ന ജാനുവിനെയും ഗീതാനന്ദനെയും സന്ദർശിച്ചിരുന്നു. പോലീസിൻെറ പീഡനംമൂലം മാനസികമായും ശാരീരികമായും രണ്ടുപേരും ക്ഷീണിതരാണെന്ന് അഭിഭാഷകർ ബോധിപ്പിച്ചു. ജാനുവിനും ഗീതാനന്ദനും വേണ്ടി ജാമ്യാപേക്ഷ ജില്ലാ കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

വാറ്റ്: ചെറുകിട-ഇടത്തരം കൃഷിക്കാർക്ക് നികുതി ബാധകമല്ല-മന്ത്രി

തിരുവനന്തപുരം: മൂല്യവർധിത നികുതി സമ്പ്രദായത്തിൽ (വാറ്റ്) ചെറുകിട, ഇടത്തരം കൃഷിക്കാർക്ക് നികുതി ബാധകമാക്കില്ലെന്ന് മൂല്യവർധിത വില്പനനികുതി ബിൽ അവതരിപ്പിച്ചുകൊണ്ട് ധനമന്ത്രി കെ. ശങ്കരനാരായണൻ നിയമസഭയിൽ അറിയിച്ചു. രണ്ടുലക്ഷം മുതൽ 20 ലക്ഷം വരെ വിറ്റുവരവുള്ള ചെറുകിട കച്ചവടക്കാരിൽനിന്ന് ആനുപാതിക നികുതിയായി വിറ്റുവരവിൻെറ രണ്ടു ശതമാനം മാത്രം ഈടാക്കിയാൽ മതിയെന്നും സബ്ജക്ട് കമ്മിറ്റി കരടുബില്ലിൽ ഭേദഗതി വരുത്തി. ഭേദഗതികൾ വരുത്തിയ ബില്ലിന്മേലുള്ള ചർച്ച ബുധനാഴ്ച തുടങ്ങി. പുതിയ സമ്പ്രദായത്തിൽ അഞ്ച് അടിസ്ഥാന നികുതി നിരക്കുകളേയുള്ളൂ. നികുതി രഹിതം, ഒരു ശതമാനം, നാലുശതമാനം, 12.5 ശതമാനം, 20 ശതമാനം എന്നിവയാണിവ. പാൽ, മീൻ, വെറ്റ, പച്ചക്കറി, മരിച്ചീനി, നെല്ല്, പട്ടുവസ്ത്രങ്ങൾ, കരിക്ക്, കള്ള്, നീര, പുകയില, ഗർഭനിരോധന ഉറകൾ എന്നിങ്ങനെ 45 ഇനങ്ങളാണ് നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുള്ളത്.

രണ്ടാം പട്ടികയിലുള്ളത് അരി, ഗോതമ്പ്, സ്വർണ്ണം തുടങ്ങിയവയാണ്. ഇവയ്ക്ക് ബാധകമായ നികുതി ഒരു ശതമാനമാണ്. നാലുശതമാനം നികുതി ബാധകമായ മൂന്നാം പട്ടികയിൽ നിത്യോപയോഗ സാധനങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ ഉപയോഗിക്കുന്ന അസംസ്കൃത പദാർഥങ്ങൾ, ധാതുക്കൾ, ഭക്ഷ്യ എണ്ണകൾ, പരിപ്പ്-പയറ് വർഗങ്ങൾ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവയാണ്.

മണൽ ഖനനം: യുവജനതാ ദൾ മനുഷ്യമതിൽ ഇന്ന്

കണ്ണൂർ: കടൽ മണൽ ഖനനത്തിനെതിരെ യുവജനതാദൾ സംസ്ഥാന കമ്മിറ്റി നടത്തുന്ന മനുഷ്യമതിൽ വ്യാഴാഴ്ച നടക്കും. സംസ്ഥാനത്ത് അഞ്ചുകേന്ദ്രങ്ങളിലാണ് മനുഷ്യമതിൽ തീർക്കുകയെന്ന് യുവജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി എം.വി. ശ്രേയാംസ്കുമാർ അറിയിച്ചു. കണ്ണൂരിൽ തലശ്ശേരി, കോഴിക്കോട് കാപ്പാട്, മലപ്പുറത്ത് പരപ്പനങ്ങാടി, ആലപ്പുഴയിൽ തൃക്കുന്നപ്പുഴ, തിരുവനന്തപുരത്ത് വിഴിഞ്ഞം എന്നിവിടങ്ങളിലാണ് മനുഷ്യമതിൽ തീർക്കുന്നത്.

ഉപ തിരഞ്ഞെടുപ്പ്: യു.ഡി.എഫിന് 6, എൽ.ഡി.എഫിന് 5

തിരുവനന്തപുരം: സംസ്ഥാനത്തെ 12 തദ്ദേശഭരണ വാർഡുകളിൽ നടന്ന ഉപതിരഞ്ഞെടുപ്പിൽ ആറിടത്ത് യു.ഡി.എഫും അഞ്ചിടത്ത് എൽ.ഡി.എഫും ഒരു സീറ്റിൽ ബി.ജെ.പി.യും വിജയിച്ചു.

കൊച്ചി നഗരസഭയിലെ എളംകുളം ഡിവിഷനിൽ കേരള കോൺഗ്രസിലെ എ.വി. ജോർജ് 880 വോട്ടിന് വിജയിച്ചു.

പഞ്ചായത്ത് വാർഡുകളിൽ ജയിച്ച സ്ഥാനാർഥികളും ഭൂരിപക്ഷവും. തിരുവനന്തപുരം - മാറനല്ലൂരിലെ തൂങ്ങാംപാറ - ജി. അച്യുതൻ (സി.പി.എം) 135, കിഴുവിലത്തെ പാവൂർക്കോണം - പ്രിജി (കോൺഗ്രസ്) 1, പള്ളിച്ചലിലെ ഇടയ്ക്കോട് ടി. ശശി (സി.പി.ഐ.) 109, കല്ലിയൂരിലെ ചെങ്കോട് - ജയകുമാർ (ബി.ജെ.പി.)309, കൊല്ലം - തൃക്കോവിൽവട്ടത്തെ കുറുമണ്ണ - ഭാസ്കരനുണ്ണി (കോൺഗ്രസ്) - 284, പത്തനംതിട്ട - കടമ്പനാട്ടെ മലങ്കാവ് - എം.ആർ. ജയപ്രസാദ് (കോൺഗ്രസ്) 123, കോട്ടയം - വെള്ളൂരിലെ ചന്ദ്രാമല - എ.കെ. ഗോപാലൻ (സി.പി.എം) 34, അയ്മനത്തെ കുഴിഞ്ഞാർ - സൈമൺ എബ്രഹാം (കോൺഗ്രസ്) 210, തൃശൂർ - പറപ്പൂക്കരയിലെ ആലത്തൂർ - ടി.ആർ. ലാലു (സി.പി.എം) 217, പാലക്കാട് - ചാലിശ്ശേരിയിലെ ആലിക്കര - വി. സേതുമാധവൻ (കോൺഗ്രസ്) 216, മലപ്പുറം - പുളിക്കലിലെ കോട്ടപ്പുറം - കൈപേങ്ങൽ അഹമ്മദ് (കോൺഗ്രസ്) 155.